# ജീവനും വെളിച്ചവും

വില ₹30/-

ഫെബ്രുവരി 2025

Dilexit Nos 'അവിടുന്ന് നമ്മെ സ്നേഹിച്ചു'
നമ്മെ പഠിപ്പിക്കുന്ന 10 പാഠങ്ങൾ
റവ.ഡോ.എ.ആർ.ജോൺ


ഹൃദ്രോഗവും പ്രമേഹവും:
സാധ്യതകളും പ്രതിവിധികളും
ഡോ. ബി. വി. ആർ. കുമാർ & റവ.ഡോ.ലെനിൻരാജ്

ആരോഗ്യപരിപാലന രംഗത്തെ പ്രശ്നങ്ങളും
വെല്ലുവിളികളും
സിസ്റ്റർ വിനയ വർഗ്ഗീസ്

ഫാ. ജെറോം ഡിസൂസ : കത്തോലിക്ക
സഭയുടെ അഭിമാനസ്തംഭം
ഷാജി ജോർജ്

മനക്കരുത്തെന്ന മറുമരുന്ന്
(ഫെബ്രു. 4 ലോക കാൻസർ ദിനം)
ഫാ. തോമസ് പാട്ടത്തിൽചിറ CMF





## തീർഥാടന തിരുനാൾ

# സെന്റ്. ജൂഡ് ദേവാലയം

### കിള്ളിപ്പാലം, തിരുവനന്തപുരം

### തിരുവനന്തപുരം ലത്തീൻ അതിരൂപത

06 ഫെബ്രുവരി 2025 വ്യാഴം മുതൽ

13 ഫെബ്രുവരി 2025 വ്യാഴം വരെ

## തീർഥാടകർക്ക് സ്വാഗതം

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2025 ഫെബ്രുവരി | പുസ്തകം 54 | ലക്കം 02

**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൺ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൺ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്‌മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, ഡോ. സീന ഫെലിക്സ്, സിന്ധുമരിയ നെപ്പോളിയൻ, സുനിൽ സി. ഇ., ഫാ. ജോസ് വർഗീസ്, ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്

## മുഖവിചാരം

'നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക' എന്ന ക്രിസ്തുവിന്റെ മഹദ് വചനം ആത്മാവിൽ ആവാഹിച്ചുകൊണ്ട്, മൂന്നര പതിറ്റാണ്ടുമുൻപ് അന്നത്തെ ബിഷപ്പായിരുന്ന അഭിവന്ദ്യ സൂസപാക്യം പിതാവാണ് Basic Christian Community അഥവാ അടിസ്ഥാന ക്രൈസ്തവ സമൂഹം/കുടുംബക്കൂട്ടായ്മ എന്ന ആശയത്തിന് തുടക്കമിട്ടത്. അയൽപക്കങ്ങളിൽ ഗ്രാമീണതയുടെ നന്മയും തുറസ്സും മാഞ്ഞുതുടങ്ങുകയും മനസ്സുകളിൽ വെറുപ്പ്, വിദ്വേഷം, കണ്ടുകൂടായ്ക, അകൽച്ച മുതലായവ ചേക്കേറിയ കാലമായിരുന്നു. പരസ്പരം കാണുകയും സംസാരിക്കുകയും സുഖദുഃഖങ്ങൾ പങ്കുവയ്ക്കുകയും നിർദ്ധനരെ, നിസ്സാഹായരെ കണ്ടെത്തി അവർക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക എന്നതായിരുന്നു ബിസിസിയുടെ അടിസ്ഥാനലക്ഷ്യത്തിൽ മുൻപന്തിയിലുണ്ടായിരുന്നത്. അന്നത് വ്യാപകമായി സ്വീകരിക്കപ്പെട്ടു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ഈ മഹത്തായ സംരംഭം കേരളത്തിലെ മറ്റുരൂപതകളും കടംകൊണ്ടു. പോകെപ്പോകെ ബിസിസി അതിന്റെ ലക്ഷ്യബോധത്തിൽനിന്നും വ്യതിചലിച്ചുവോ എന്ന സന്ദേഹം പലയിടങ്ങളിൽ നിന്നും കേട്ടുതുടങ്ങി. ബിസിസി ക്ക് നവനേതൃത്വം വന്നിരിക്കുന്ന വേളയിൽ അതിന്റെ വെല്ലുവിളികളും പ്രതീക്ഷകളും അന്വേഷിച്ചു കണ്ടെത്തി മാസികയുടെ ഈ ലക്കത്തിൽ പങ്കുവയ്ക്കുകയാണ് സൈക്കോളജിസ്റ്റായ ശോഭ ഷിജു.

ആത്മാർത്ഥഹൃദയം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പുതിയകാലത്തെ മനുഷ്യരോട്, ഫ്രാൻസിസ് പപ്പയുടെ DILEXIT NOS 'അവിടുന്ന് നമ്മെ സ്നേഹിച്ചു' എന്ന ചാക്രിക ലേഖനത്തെ അധികരിച്ച് യേശുവിന്റെ തിരുഹൃദയ ആത്മീയതയെയും സ്നേഹത്തെയും എഴുതുകയാണ് ജോണച്ചൻ. ആധുനിക മനുഷ്യരിൽ വർദ്ധിച്ചുവരുന്ന ഹൃദ്രോഗത്തിന്റെയും പ്രമേഹത്തിന്റെയും സാധ്യതകളും പ്രതിവിധികളും വിശദമാക്കുകയാണ് കാർഡിയോളജിസ്റ്റായ ഡോ. ബിവിആർ കുമാർ. ഒപ്പം ഫെബ്രുവരി 4 ലോക കാൻസർ ദിനം പ്രമാണിച്ച് മനക്കരുത്തെന്ന മറുമരുന്നുമായി തോമസച്ചനും.

ഈ ലക്കത്തിലെ മറ്റൊരു സവിശേഷത, ഇന്ത്യൻ ഭരണഘടന നിർമ്മാണസഭയിലെ അംഗവും കത്തോലിക്കാസഭ വൈദികനുമായ ഫാ. ജെറോം ഡിസൂസയെക്കുറിച്ച് ഷാജി ജോർജിന്റെ അനുസ്മരണമാണ്. കൂടാതെ, ഡോ. മഞ്ജു ഇഗ്നേഷ്യസിന്റെ 'ക്രിസ്തുമസ് ഹോളിഡേയ്സ്' എന്ന ഹൃദയസ്പർശിയായ കഥയും കെ എഫ് രാജേഷിന്റെ ചിന്തയിലേക്ക് കനലുകോരിയിടുന്ന 'വിശപ്പിൽ കുതിർന്ന അഞ്ചപ്പം' എന്ന കവിതയും. ഇക്കുറിയും വൈവിധ്യങ്ങളായ, പ്രയോജനപ്രദങ്ങളായ വിഷയങ്ങളുമായാണ് ജീവനും വെളിച്ചവും നിങ്ങളുടെ മുൻപിലെത്തുന്നത്.

വായനാശംസകളോടെ...
പത്രാധിപർ

www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum

## പ്രതികരണങ്ങൾ




# ക്രിസ്മസ് പുതുവത്സര പതിപ്പ് ആകർഷകം, വിഭവ സമൃദ്ധം

കഴിഞ്ഞ ലക്കം ജീവനും വെളിച്ചവും മാസിക വേറിട്ട പതിപ്പായി അനുഭവപ്പെട്ടു. ക്രിസ്മസ് മുഖചിത്രംതന്നെ ശ്രദ്ധിക്കേണ്ടുന്ന ഒന്നായിരുന്നു. പതിവ് പംക്തികളെക്കാൾ ഏറെ ആകർഷിക്കപ്പെട്ടത് ബർമ്മാൻ തോമസിന്റെ തുറ-മുഖം കഥയാണ്. പിന്നെ, ഡിക്സൺ ജോർജിന്റെയും ഷൈജു അലക്സിന്റെയും കവിതകൾ. കഥയിലൂടെ കടന്നുപോകുമ്പോൾ നമ്മൾ ആ ലോകത്തേക്ക് അറിയാതെ എത്തപ്പെടുകയും വായനക്കാരന്റെ മനസ്സിലൂടെ കഥയെ സഞ്ചരിപ്പിക്കുകയും ചെയ്യുന്നു.

ഡിക്സൺ ജോർജ്, ഷൈജു അലക്സ് എന്നിവരുടെ കവിതകൾ, കവിതകളുടെ ശരീരം എന്താണെന്നും പുത്തൻ ബിംബങ്ങളും വിഷയത്തോടുള്ള നീതിപുലർത്തലും എങ്ങനെയായിരിക്കണമെന്നും മനസ്സിലാക്കാനാകും. മാസികയിലെ മറ്റു ലേഖനങ്ങളും ഒന്നിനൊന്നു മെച്ചം. വിഭവസമൃദ്ധമായ ലക്കം നൽകിയ അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ...

**സാവിയോ സാന്റോ**
ചെറുവെട്ടുകാട്

# ചൈതന്യശോഭയാൽ ധന്യം

ക്രിസ്മസിന്റെയും പുതുവർഷത്തിന്റെയും സഭ ആചരിക്കുന്ന ജൂബിലിയുടെയും ചൈതന്യശോഭയാൽ ധന്യമായിരുന്നു ജീവനും വെളിച്ചവും മാസിക. ഏറെ ചിന്തിക്കാനും ധ്യാനിക്കാനും സന്തോഷിക്കാനും ഉള്ള വിഭവങ്ങളുടെ വൈവിധ്യം ക്രിസ്മസ് വായനയെ അർഥസമ്പൂർണ്ണമാക്കി. പിതാക്കന്മാരുടെ ഉൽകൃഷ്ടമായ സന്ദേശങ്ങളും വൈദികരുടെ അർഥവത്തായ ശ്രേഷ്ഠ ലേഖനങ്ങളും നല്ല കഥയും കവിതകളുമൊക്കെ വായനയുടെ വസന്തകാലത്തേക്ക് കൊണ്ടുപോയി. ക്രിസ്മസും പുതുവർഷവും ഈസ്റ്ററും തിരുനാളും കൂദാശകളുമൊക്കെ നമുക്ക് ഇപ്പോൾ ആഘോഷങ്ങളാണ്. തീർത്ഥാടനങ്ങളും അർത്ഥം നഷ്ടപ്പെട്ട ആഘോഷയാത്രകളായി മാറുകയാണ്. മദ്യത്തിനും ലഹരികൾക്കും അടിപ്പെട്ട് ജനം നശിക്കുന്നു. സാമൂഹ്യ മാധ്യമങ്ങളുടെ അതിപ്രസരം കുടുംബങ്ങളെയും കുടുംബബന്ധങ്ങളെയും തകർത്തെറിയുന്നു. ദൈവവിശ്വാസവും ആത്മീയ പ്രബോധനങ്ങളും അന്യമായിക്കൊണ്ടിരിക്കുന്ന ഒരു തലമുറ രൂപം കൊണ്ടുകഴിഞ്ഞു. വഴികാട്ടാൻ, വഴിവിളക്കാകാൻ, നല്ല മാതൃകകളാകാൻ ആരുമില്ലാത്ത സാഹചര്യങ്ങൾ സംജാതമാകുന്നു. ഉയർന്ന സാക്ഷരതയും അത്യുന്നത ജീവിത നിലവാരവും അതിപുരോഗമന സമൂഹവുമെന്നൊക്കെ കേരള സമൂഹത്തെ വാഴ്ത്തിപ്പാടുമ്പോൾപോലും അരുംകൊലകളും അക്രമങ്ങളും അനുദിനം അരക്ഷിതമാകുന്ന സാമൂഹ്യാന്തരീക്ഷവും നമ്മെ അസ്വസ്ഥമാക്കുന്നു. ദൈവപുത്രൻ വാഗ്ദാനം ചെയ്ത ശാന്തിയും സമാധാനവും നിത്യരക്ഷയും ആരും ഗൗരവമായി പരിഗണിക്കുന്നില്ല?! നമുക്ക് ചുറ്റുമുള്ളവരെ വിശുദ്ധിയുടെ വെണ്മയിലേക്ക് കൈപിടിച്ച് വളർത്താൻ എന്തേ നമക്ക് കഴിയുന്നില്ല? വിശ്വാസ ദൃഢതയില്ലാത്ത എണ്ണമറ്റ വെറും ആഘോഷങ്ങൾ ആത്മാക്കളെ നേടാൻ പര്യാപ്തമേയല്ല. യുവജനങ്ങൾ അന്ധകാരത്തിൽ തപ്പിത്തടയുകയാണ്. നശിക്കുന്ന ആത്മാക്കളെ നേടാൻ എരിയുന്ന ഹൃദയങ്ങളും ഉയരുന്ന പ്രാർത്ഥനകളും ത്യാഗസന്നദ്ധതയും അനിവാര്യമാണ്. സമാധാനമില്ലാതെ മാനവ ഹൃദയങ്ങൾ ഞെരിപിരികൊള്ളുന്നു. വിലകൊടുത്തുള്ള പ്രാർത്ഥന, ഉപവാസം, ദിവ്യകാരുണ്യത്തിനുമുന്നിൽ കരങ്ങളുയർത്തിയുള്ള യാചന ഇവ കാലഘട്ടം ആഗ്രഹിക്കുന്നു. ആഘോഷങ്ങൾ അർത്ഥസമ്പുഷ്ടമാക്കാൻ ആത്മീയ തേജസ്സ് ജ്വലിക്കണം

**ജെറാൾഡ് ബി. മിരാൻഡാ**
**തോന്നയ്ക്കൽ**

മാസികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
**83049 38655, 77364 88423**




# താളുകളിൽ


## അനുസ്മരണം




31 ഫാ. ജെറോം ഡിസൂസ : കത്തോലിക്ക സഭയുടെ അഭിമാനസ്തംഭം
ഷാജി ജോർജ്

## ലേഖനം




6 DILEXIT NOS 'അവിടുന്ന് നമ്മെ സ്നേഹിച്ചു' നമ്മെ പഠിപ്പിക്കുന്ന 10 പാഠങ്ങൾ
ഫാ. ഡോ. എ. ആർ. ജോൺ



10 ബി. സി. സി നവ നേതൃത്വം : വെല്ലുവിളികളും പ്രതീക്ഷകളും
ശോഭ ഷിജു



15 ആരോഗ്യപരിപാലന രംഗത്തെ പ്രശ്നങ്ങളും വെല്ലുവിളികളും
സിസ്റ്റർ വിനയ വർഗ്ഗീസ്




22 ലഹരി സൃഷ്ടിക്കുന്ന മാരക അവസ്ഥകൾ
എം. ജോൺസൺ റോച്ച്




26 മനക്കരുത്തെന്ന മറുമരുന്ന്
ഫാ. തോമസ് പാട്ടത്തിൽചിറ CMF

## കഥ



18 ക്രിസ്തുമസ് ഹോളിഡേയ്സ്
ഡോ. മഞ്ജു ഇഗ്നേഷ്യസ്

## അഭിമുഖം



13 ഹൃദ്രോഗവും പ്രമേഹവും: സാധ്യതകളും പ്രതിവിധികളും
ഡോ. ബി. വി. ആർ. കുമാർ

## ടാക്കീസ്





34 ചരിത്രഹത്യയുടെ വീണ്ടെടുപ്പും കുറെ സമയസൂചനകളും
സുനിൽ സി. ഇ.

## നേർക്കാഴ്ച



42 രണ്ടാം തവണ വരുന്ന ഡോണൾഡ് ട്രംപ്
ജെ. സി.

21 കാനോൻ നിയമം
25 വായന
29 ചരിത്രപഥം
36 വചനജ്വാല
37 വാർത്തകൾ
39 നീർച്ചാൽ




# DILEXIT NOS 'അവിടുന്ന് നമ്മെ സ്നേഹിച്ചു' നമ്മെ പഠിപ്പിക്കുന്ന 10 പാഠങ്ങൾ

റവ. ഡോ. എ. ആർ. ജോൺ
മാനേജർ, മരിയൻ എൻജിനീയറിംഗ് കോളേജ്, തിരുവനന്തപുരം
സെക്രട്ടറി, ഫാമിലി കമ്മിഷൻ കെ.ആർ.എൽ.സി.ബി.സി



**ക്രൈസ്തവ ഹൃദയങ്ങളിൽ സ്ഥിരവാസം നേടിയതാണ് യേശുവിന്റെ തിരുഹൃദയഭക്തി. എന്തുകൊണ്ടായിരിക്കും തിരുഹൃദയത്തിൽ ഇത്ര പ്രാധാന്യം ക്രൈസ്തവരുടെ ഇടയിൽ ലഭിച്ചത്. ഹൃദയം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലും സാഹചര്യങ്ങളിലും വസിക്കുന്ന നമുക്കുള്ള ഏക ആശ്രയം തിരുഹൃദയത്തിലായതു കൊണ്ടായിരിക്കും.**


ലിയോ 13-ാം പാപ്പയാണ് ലോകത്തെ മുഴുവൻ യേശുവിന്റെ തിരുഹൃദത്തിൽ പ്രതിഷ്ഠിച്ചത്. ആയിരിക്കിലും തിരുസഭയുടെ ചരിത്രത്തിലുടനീളം തിരുഹൃദയ ഭക്തിയും ജ്ഞാനവും സഭ തന്റെ മക്കൾക്ക് പകർന്നു നൽകുകയായിരുന്നു. വിശ്വാസ പണ്ഡിതന്മാരും സഭാ പിതാക്കന്മാരും വിശുദ്ധരെല്ലാപേരും തന്നെ തിരുഹൃദയ ഗന്ധം അനുഭവിച്ചവരും പഠിപ്പിച്ചവരും തിരുഹൃദയ ഭക്തിയിലൂടെ വിശുദ്ധിയുടെ പടവുകൾ കയറിച്ചെന്നവരുമാണ്.

കേരള സഭയെ സംബന്ധിച്ചിടത്തോളം ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ പതിഞ്ഞ ഭക്തിമാർഗ്ഗമാണ് യേശുവിന്റെ തിരുഹൃദയഭക്തി. ക്രിസ്തുവിന് നൽകാൻ നാം കടപ്പെട്ടിരിക്കുന്ന ആരാധനയുടെ ഏറ്റവും മഹത്തായ പ്രകടനമാണ് തിരുഹൃദയ ആരാധന എന്ന് പയസ് 12-ാം പാപ്പ പറഞ്ഞതിനെ ഹൃദയത്തിൽപേറിയവരാണ് കേരള ക്രൈസ്തവ സമൂഹം. അതിനാൽതന്നെ തിരുഹൃദയം ക്രൈസ്തവ ആത്മീയതയുടെ ചരിത്രത്തിൽ എപ്പോഴും സ്ഥാനം പിടിച്ചിരുന്നു (DN78).

തിരുഹൃദയ ആത്മീയത ഒരു കുടുംബത്തിന്റെ ആത്മീയതയായിവേണം വിലയിരുത്താൻ. ഭവനങ്ങളിൽ ഏത് വിശുദ്ധ ചിത്രങ്ങളും സ്വരൂപങ്ങളും സ്ഥാപിക്കാൻ കഴിയുമായിരിക്കെ തിരുഹൃദയത്തിന്റെ ജ്വലിക്കുന്ന ചിത്രമാണ് ഉമ്മറപ്പടിയിലോ പ്രാർത്ഥനാമുറിയിലോ കേന്ദ്രസ്ഥാനമായി പ്രതിഷ്ഠിക്കുന്നത്. ആര് വീട്ടിൽനിന്ന് പുറത്ത്പോയാലും മടങ്ങിവന്നാലും കണ്ടിറങ്ങുന്നതും കണ്ട് കയറുന്നതും തിരുഹൃദയത്തെ നോക്കിയായിരിക്കും. ഓരോ വർഷവും വൈദീകർ പ്രധാനമായും ഈസ്റ്റർ കഴിഞ്ഞ് ഭവന സന്ദർശനം നടത്തുന്നതും പ്രധാനമായും ഓരോ കുടുംബത്തെയും ഓരോ വ്യക്തിയേയും യേശുവിന്റെ തിരുഹൃദയത്തിൽ പ്രതിഷ്ഠിക്കാനാണ്. ജൂൺ മാസത്തെ തിരുഹൃദയ വണക്കം എല്ലാ ദൈവാലയങ്ങളിലും മറക്കാതെ നടത്തപ്പെടുന്ന ഭക്തികർമ്മമാണ്. കുഞ്ഞിളംപ്രായം മുതൽ അനുദിന ദിവ്യബലിയ്ക്കു പങ്കെടുക്കുന്ന കുഞ്ഞുങ്ങൾ കേട്ട് ശീലിക്കുന്ന അമ്മച്ചിമാരുടെയും അപ്പച്ചന്മാരുടെയും സുകൃത ജപമാണ്; മധുരമുള്ള യേശുവിന്റെ തിരുഹൃദയമേ എന്റെ ഹൃദയത്തെ നിന്റെ ഹൃദയം പോലാക്കണമേ!'

ഇത്രത്തോളം ക്രൈസ്തവ ഹൃദയങ്ങളിൽ സ്ഥിരവാസം നേടിയതാണ് യേശുവിന്റെ തിരുഹൃദയഭക്തി. എന്തുകൊണ്ടായിരിക്കും തിരുഹൃദയത്തിൽ ഇത്ര പ്രാധാന്യം ക്രൈസ്തവരുടെ ഇടയിൽ ലഭിച്ചത്. എനിക്ക് തോന്നുന്നു ഹൃദയം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലും സാഹചര്യങ്ങളിലും വസിക്കുന്ന നമുക്കുള്ള ഏക ആശ്രയം തിരുഹൃദയത്തിലായതുകൊണ്ടായിരിക്കും. ഒരു കുഞ്ഞിന് ഏതൊരു പ്രശ്നം വന്നാലും ബുദ്ധിമുട്ട് നേരിടേണ്ടിവന്നാലും ആശ്വാസവും അഭയവും തന്റെ അമ്മമടിത്തട്ടിലാണ്. അതിലൊന്ന് കയറിയിരുന്നാൽ എല്ലാ പരിഭ്രമങ്ങളും പമ്പകടക്കും. അങ്ങനെയെങ്കിൽ കുട്ടിത്തം നഷ്ടപ്പെട്ട എനിക്കും നിങ്ങൾക്കുമായി എപ്പോഴും അഭയത്തിനായും ആശ്വാസത്തിനായും തുറന്നിട്ട അമ്മമടിത്തട്ടിലാണ് യേശുവിന്റെ തിരുഹൃദയം.

സ്നേഹം കത്തുന്ന ഒരു ഹൃദയത്തെക്കുറിച്ച് ചിന്തിക്കുമ്പോഴൊക്കെ മനസ്സിൽ കവിഞ്ഞൊഴുകുന്ന സാന്ത്വനമാണ്; എത്ര തെറ്റ് ചെയ്താലും ചാരിക്കിടക്കാനൊരു നെഞ്ച്; അതിനുള്ളിൽ സ്നേഹത്തോടെ ഒരു ഹൃദയം. അത് യേശുവിന്റെ തിരുഹൃദയമാണ്. അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും ഉറവിടം (DN 28). ഇത്തരുണത്തിൽ ഫ്രാൻസിസ് പാപ്പ നമുക്ക് നൽകിയ സ്നേഹത്തിന്റെയും ഹൃദയ ചിന്തയുടെയും ചാക്രീക ലേഖനമാണ് 'അവിടുന്ന് നമ്മെ സ്നേഹിച്ചു' (Dilexit Dos). ഈ ചാക്രികലേഖനം നമ്മെ പഠിപ്പിക്കുന്ന നവമായ പാഠങ്ങൾ ഏതെല്ലാമെന്ന് ഒന്ന് വിചിന്തനം ചെയ്യാം.



## 1. ഹൃദയത്തിലേയ്ക്കു മടങ്ങുക

യേശുവിന്റെ സ്നേഹം പ്രകടമാക്കാൻ ഉപയോഗിക്കുന്ന പ്രതീകമാണ് ഹൃദയം. വിപണിയുടെ തന്ത്രങ്ങൾക്ക് അടിമപ്പെട്ട്, ഒരിക്കലും തൃപ്തിപ്പെടാത്ത ഉപഭോക്താക്കളായി കലാശിക്കുന്ന നാമെല്ലാവരും ഹൃദയത്തിലേയ്ക്കു മടങ്ങേണ്ടിയിരിക്കുന്നു. നമ്മുടെ ഹൃദയമാണ് അന്തിമ ന്യായാധിപൻ. അതിനാൽ ഹൃദയത്തിൽ നിന്നകന്ന് വിലപ്പെട്ടതായി ഒന്നും (DN 6). ചെയ്യാനില്ല. എന്നെ വേറിട്ടതാക്കുന്നത് എന്റെ ഹൃദയമാണ്. അതിനാൽ ഹൃദയത്തിലേയ്ക്കു മടങ്ങാം; അല്ല, സ്നേഹത്തിലേയ്ക്ക്.

## 2. ഹൃദയം വീണ്ടെടുക്കുക


നിർമ്മിത ബുദ്ധിയുടെ ഈ യുഗത്തിൽ നമ്മുടെ മാനവികതയെ സംരക്ഷിക്കാൻ സ്നേഹം ആവശ്യമാണ്. ഹൃദയം വീണ്ടെടുത്തില്ലെങ്കിൽ, ഹൃദയം സജീവമല്ലെങ്കിൽ മനുഷ്യർ തനിക്കുതന്നെ അന്യനായി കഴിയും (DN 12). ഹൃദയം വീണ്ടെടുക്കുമ്പോൾ സ്നേഹം ഭരണം നടത്തും. നമ്മുടെ സകലപ്രവൃത്തികളും ഹൃദയത്തിന്റെ അധികാരപരിധിയിൽ കൊണ്ടുവരാൻ കഴിയും. ഹൃദയത്തിന് മാത്രം സാധിക്കുന്ന ഒരു സ്നേഹത്തിലേക്ക് അത് നമ്മെ നയിക്കും. പരിശുദ്ധ കന്യകാമറിയംകണക്കെ കാര്യങ്ങളെ ഹൃദയംകൊണ്ട് കണ്ട്, എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ച് സവേദനം ചെയ്യാനാകും.

## 3. ഇത്ര അധികം സ്നേഹിച്ച ഹൃദയം തിരിച്ചറിയുക

അതെ, ക്രിസ്തു സ്നേഹമാണ്. യേശുവിന്റെ ഹൃദയം അതിരുകളില്ലാത്ത അവിടുത്തെ സ്നേഹത്തിന്റെ സ്വാഭാവിക അടയാളവും പ്രതീകവുമാണ് (DN 48). യേശുക്രിസ്തുവിന്റെ മാനുഷിക സ്നേഹവും ദൈവീക സ്നേഹവും ഒന്നിക്കുന്നത് തിരുഹൃദയത്തിലാണ്. ജ്വലിക്കുന്ന യേശുഹൃദയം അവിടുത്തെ തീഷ്ണമായ സ്നേഹത്തിന്റെ വാചാലമായ പ്രതീകമാണ്. നമ്മെ ശക്തിപ്പെടുത്തുന്ന അധരവും നമ്മെ താങ്ങുന്ന ശക്തമായ കരങ്ങളുമാണത്. ആ ശുദ്ധ സ്നേഹം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

## 4. പ്രവർത്തന നിരതമായ ഹൃദയം

യേശുവിന്റെ സ്നേഹം കർമ്മനിരതമാണ്. അവിടുത്തേക്ക് മറ്റൊരു പേരുണ്ടെന്ന് പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു, 'ഇമ്മാനുവേൽ' ദൈവം എപ്പോഴും നമ്മോടുകൂടെ. ആ ദൈവം സൗഖ്യം നൽകുന്നതാകട്ടെ അവരുടെ അടുത്ത് നിന്ന് ചെയ്യാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഭയങ്ങളെ അതിജീവിക്കാൻ ധൈര്യം നൽകുന്നു (മത്താ:9:22). അവിടുത്തെ പരിശുദ്ധി അവിടുത്തെ തീവ്രമായ വികാരങ്ങളെ ഒഴിവാക്കുന്നില്ല (DN 44). അനുകമ്പ, കണ്ണുനീർ, സ്നേഹങ്ങൾ, അസ്വസ്ഥത, എല്ലാമെല്ലാം നമുക്ക് ക്രിസ്തുവിൽ കണ്ടെടുക്കാൻ കഴിയും.



## 5. കുരിശിൽ തെളിഞ്ഞു കിട്ടുന്ന ഹൃദയം

എല്ലാ പരിദേവനങ്ങളുടെയും വികാരങ്ങളുടെയും പരമോന്നതമായ ആവിഷ്കാരമാണ് ക്രൂശിതനായ ക്രിസ്തു. യേശുവിന്റെ സ്നേഹത്തിന്റെ ഏറ്റവും വാചാലമായ പദം കുരിശാണ് (DN 46). ഒരു മനുഷ്യാത്മാവ് തന്റെ സഹനങ്ങൾക്കും വേദനകൾക്കും അർത്ഥം കാണുന്നത് കുരിശിൽ തെളിഞ്ഞു കിട്ടുന്ന സ്നേഹംവഴിയാണ്. ആരംഭം മുതൽ കുരിശിൽ കുത്തി മുറിവേൽക്കപ്പെട്ട ക്രിസ്തുവിന്റെ ഹൃദയത്തിലേയ്ക്കാണ് സഭ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നത് എന്ന് പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ അഭിപ്രായപ്പെടുന്നു.

## 6. സ്നേഹ സംസ്ക്കാരം വളർത്തുക

തിരുഹൃദയം ആവശ്യപ്പെടുന്നത് സ്നേഹത്തിന്റെ സംസ്ക്കാരമാണ് (DN 80). ദൈവത്തിന് ഇടം നൽകാത്ത ഒരു ലോകം സൃഷ്ടിക്കാനുള്ള ശ്രമങ്ങളെ ചെറുക്കാൻ സ്നേഹസംസ്ക്കാരം വളർത്തേണ്ടിയിരിക്കുന്നു. സഭയ്ക്ക് ഉള്ളിലും ജാൻസനിസ്റ്റ് ദ്വൈതവാദം പുതിയ തലത്തിൽ വീണ്ടും വളർന്നുവരുന്നു. ഓരോരുത്തരിലും സത്യത്തിന്റെയും നന്മയുടെയും ഉറവിടം ആവശ്യമാണ്. അതവരുടെ ഹൃദയമാണ്. സ്നേഹത്തിന്റെ ഈ സംസ്ക്കാരമാണ് സുവിശേഷത്തിന്റെ സമന്വയവും.

## 7. ഹൃദയ സംവേദനം സാധ്യമാക്കുക

യേശുവിന്റെ ഹൃദയം നമ്മുടെ ഹൃദയവുമായി നിരന്തരം സംവേദനം ചെയ്യുകൊണ്ടിരിക്കണം. വിശുദ്ധ ജോൺ ഹെൻട്രി ന്യൂമൻ പറയുന്നപോലെ, 'നമ്മുടെ സകല ചിന്തകൾക്കും ആശയങ്ങൾക്കും അപ്പുറം, കർത്താവ് തന്റെ തിരുഹൃദയത്തിൽനിന്ന് നമ്മുടെ ഹൃദയങ്ങളോടും സസാരിച്ചുകൊണ്ട് നമ്മെ രക്ഷിക്കുന്നു. (cor ad cor loguitur) അത് യേശുവുമായുള്ള അഗാതമായ കണ്ടുമുട്ടലാണ്. വിശുദ്ധ കൊച്ചുത്രേസ്യയുടെ ആത്മീയതയുടെ അടിസ്ഥാനവും ഈ ഹൃദയ സമർപ്പണത്തിലും സംവേദനത്തിലുമാണ്.

## 8. ആരെയും ഒഴിവാക്കാത്ത ദാഹിക്കുന്ന ഹൃദയം

ദൈവം സ്നേഹത്തിനായി ദാഹിക്കുന്ന ദൈവമാണ്. മനുഷ്യരെ അത്രമാത്രം സ്നേഹിക്കുന്ന ഹൃദയം. ആ ഹൃദയം സ്നേഹംകൊണ്ട് ജ്വലിക്കുകയും ആരെയും ഒഴിവാക്കാത്ത എല്ലാപേരെയും ജ്വലിപ്പിക്കുന്ന സ്നേഹമാണ്. എല്ലാപേർക്കുമായി ഹൃദയത്തിൽ നിന്നൊഴുകുന്ന സ്വർഗ്ഗീയവും ശാശ്വതവുമായ അരുവിയാണ്. അതാണ് കൂദാശകൾ. വിശുദ്ധ ബർണാഡ് സൂചിപ്പിക്കുന്നത്. മുറിവേറ്റ പാർശ്വമാണ് യേശുവിന്റെ എല്ലാപേർക്കുംവേണ്ടിയുള്ള മുഴുവൻ സ്നേഹവും എന്നാണ്.. ആ സ്നേഹമകട്ടെ വിശുദ്ധ മാർഗ്രറ്റ് മേരിയുടെ അഭിപ്രായത്തിൽ കോപമോ കയ്പോ ഇല്ലാതെ ശത്രുക്കളോടുപോലുമുള്ള ദീനാനുകമ്പയാൽ നിറഞ്ഞിരിക്കുന്നു.

## 9. പ്രത്യശയും പ്രേക്ഷിതത്വവും നൽകുന്ന ഹൃദയം

യേശുവിന്റെ ഹൃദയം അശാന്തിയുടെയും യുദ്ധത്തിന്റെയും അസമത്വത്തിന്റെയും കാലത്ത് പ്രത്യാശയിലേയ്ക്ക് നമ്മെ എത്തിക്കും. എല്ലാ മുറിവുകളും അവ എത്ര ആഴമേറിയതാണെങ്കിലും സൗഖ്യമാക്കാൻ കഴിയുമെന്ന പ്രത്യാശയിലേയ്ക്ക് നയിക്കും. യേശുവിന്റെ ഹൃദയത്തിൽനിന്ന് ജനിച്ച സഭ (DN 175) ലോകത്തിലെങ്ങും സഭാവാർത്തയായി എത്തേണ്ടതുണ്ട്. അതിനടിസ്ഥാനം തിരുഹൃദയമാണ്. പ്രേക്ഷിത പ്രവർത്തനമെന്നതാകട്ടെ ക്രിസ്തുവിന്റെ ഹൃദയത്തിന്റെ സ്നേഹം പ്രസരിപ്പിക്കലാണ് (DN 209).


## 10. തിരുഹൃദയം, ഒരു പുതിയ മാനവികതയ്ക്കായി

വിശുദ്ധ ബൊനവെന്തൂരെ തിരുഹൃദയത്തെ സ്മരിക്കുന്നത് ഒരു പ്രാർത്ഥനാരൂപത്തിലാണ്; 'നാം പ്രകാശത്തിനായിട്ടല്ല പ്രത്യുത ജ്വലിക്കുന്ന അഗ്നിയ്ക്കുവേണ്ടി പ്രാർത്ഥിക്കണം എന്നാണ്.' അതെ, ഒരു പുതിയ സ്നേഹത്തിന്റെ മാനവികതയ്ക്കുവേണ്ടി തന്റെ തുറന്ന ഹൃദയത്തിൽനിന്നും പ്രസരിക്കുന്ന നിത്യപ്രകാശത്തിൽ നമ്മുടെ എല്ലാ വ്യത്യാസങ്ങളും സമന്വയിക്കപ്പെടണം. അതിനായി ഒരാൾക്ക് എത്താവുന്ന ഏറ്റവും ചെറിയ ദൂരത്തിന്റെ പേരാണ് യേശു. ഈ ചെറിയ ദൂരത്തിലേയ്ക്കുള്ള കുറുക്കുവഴിയാണ് യേശുവിന്റെ തിരുഹൃദയം. ആ ഹൃദയം മുന്നോട്ട് വയ്ക്കുന്നത് ഒരു പുതിയ മാനവികതയാണ്. ആ മാനവികതയുടെ പ്രത്യാഘാതമാണ് 219-ാം ഖണ്ഡിക:

"വിമോചിപ്പിക്കുകയും ജീവിപ്പിക്കുകയും ഹൃദയത്തിൽ സന്തോഷം നൽകുകയും കൂട്ടായ്മകൾ സൃഷ്ടിക്കുകയും ചെയ്യുന്ന, ദൈവദാനമായ സ്നേഹത്തിന്റെ സ്ഥാനത്ത്, കാലഹരണപ്പെട്ട ചട്ടക്കൂടുകൾ, ആശങ്കകൾ, സ്വന്തം ആശയങ്ങളിലും അഭിപ്രായങ്ങളിലുമുള്ള പിടിവാശി, പല രൂപത്തിലുള്ള മതഭ്രാന്ത് എന്നിവ പ്രതിഷ്ഠിക്കപ്പെടാതിരിക്കാൻ സഭയ്ക്കും ആ സ്നേഹം ആവശ്യമാണ്. ക്രിസ്തുവിന്റെ കുത്തിമുറിവേല്പിക്കപ്പെട്ട ഹൃദയം ഒരിക്കലും വറ്റാത്ത നീർച്ചാലായി, അവൻ സ്നേഹിച്ചതുപോലെ സ്നേഹിക്കാനാഗ്രഹിക്കുന്ന എല്ലാവർക്കുംവേണ്ടി കാലാകാലങ്ങളിലായി അത് പ്രവഹിക്കുന്നു. എന്തെന്നാൽ അവന്റെ സ്നേഹത്തിന് മാത്രമേ ഒരു പുതിയ മാനവികത കൊണ്ടുവരാൻ കഴിയുകയുള്ളൂ." ●


ജ്യോതിർധർമ്മ പബ്ലിക്കേഷൻസ്
ഒരുക്കുന്ന പുതിയ പുസ്തകം
ബ്രദർ ലിയോപ്പോൾഡിന്റെ കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ (1938)

1342 താളുകളിൽ
കേരളത്തിലെ ഇന്നത്തെ ലത്തീൻ സഭ, രൂപതകൾ, സമർപ്പിതർ സംഭാവനകൾ
മുഖ വില ₹1600/-
പ്രീ പബ്ലിക്കേഷൻ വില ₹1250/-




FOR ORDER:
FR. ANTONY LALU OCD
Mob: 9496 134 617
Account Details:
JYOTIR DHARMA PUBLICATIONS
AC. NO: 0224053000031517

ബ്രദർ ലിയോപ്പോൾഡിന്റെ
കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ (1938)
ഇന്നത്തെ ലത്തീൻ സഭയും സംഭാവനകളും സമർപ്പിതരും
എഡിറ്റർ : ഡോ. മാനുവൽ റിബെയ്റൊ ഒ.സി.ഡി.

കൂനമ്മാവിലെ വട്ടപ്പറമ്പിൽ കുടുംബാംഗവും മഞ്ഞുമ്മൽ കർമ്മലീത്ത സഭാംഗവുമായിരുന്ന ബ്രദർ ലിയോപ്പോൾഡ് (1882–1967) രചിച്ച് 1938-ൽ മഞ്ഞുമ്മൽ ചെറുപുഷ്പ മുദ്രാലയത്തിൽ നിന്നും പ്രസിദ്ധീകരിച്ച കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ എന്ന ചരിത്ര ഗ്രന്ഥം 86 വർഷങ്ങൾക്കുശേഷം വീണ്ടും പ്രസിദ്ധീകരിക്കുകയാണ്. ഈ ഗ്രന്ഥത്തിനോടൊപ്പം കേരളത്തിലെ ഇന്നത്തെ ലത്തീൻ രൂപതകളുടെ ചരിത്രവും ലത്തീൻ സമുദായത്തിന്റെ വിവിധ മേഖലകളിലുള്ള സംഭാവനകളും ലത്തീൻ രൂപതകളിൽ പ്രവർത്തിക്കുന്ന സന്ന്യാസിനി-സന്ന്യാസ സഭകളുടെ ഹ്രസ്വചരിത്രവും ഉൾപ്പെടുത്തി തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകം കളമശ്ശേരിയിലെ ജ്യോതിർ ധർമ്മ പബ്ളിക്കേഷൻസാണ് പ്രസാധനം ചെയ്യുന്നത്. ഈ ഗ്രന്ഥത്തെക്കുറിച്ചുള്ള അഭിവന്ദ്യ പിതാക്കന്മാരുടെ വാക്കുകൾ ഈ ചരിത്ര നിർമ്മിതിയുടെ പ്രസക്തിയും പ്രാധാന്യവും സുവ്യക്തമാക്കുന്നു.

"ബ്രദറിന്റെ ഗ്രന്ഥങ്ങളിൽ കൂടുതൽ അറിയപ്പെട്ടതും ഏറെ ചർച്ചചെയ്യപ്പെട്ടതും "കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ" എന്ന ഗ്രന്ഥമാണ്. കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ ഉത്ഭവം, വളർച്ച, അവർ നേരിടേണ്ടിവന്ന പ്രതിസന്ധികൾ, അവരുടെ അന്നത്തെ അവസ്ഥ എന്നിവ വിവരിക്കുന്ന ഈ ഗ്രന്ഥം നമ്മുടെ സമുദായ അംഗങ്ങൾ വായിച്ച് മനസ്സിലാക്കിയാൽ മാത്രമെ, നമ്മുടെ പൂർവ്വികർ കടന്നുപോയ വഴികൾ ഗ്രഹിക്കുവാനും നമ്മുടെ അസ്തിത്വവും അനന്യതയും ഉൾക്കൊണ്ട് ഒരു സമൂഹമായി പ്രവർത്തിക്കുവാനും വളരുവാനും നിലനില്ക്കുവാനും സാധ്യമാകൂ." മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപറമ്പിൽ, വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത.

"സാമൂഹിക വിദ്യാഭ്യാസ മേഖലകളിൽ പ്രത്യേകിച്ച്, ലത്തീൻ സമുദായം നാളിതുവരെ കൈവരിച്ചിട്ടുള്ള എല്ലാ നേട്ടങ്ങളും വളരെ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള ഈ ഗ്രന്ഥം വായനക്കാരുടെ ശ്രദ്ധയാകർഷിക്കുന്നു. ലത്തീൻ കത്തോലിക്കർ വ്യാപരിക്കുന്ന നാനാതുറകളിൽ തനതു വ്യക്തിമുദ്ര പതിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നുകൂടി ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി കാണുന്നു. ഈ ചരിത്രഗ്രന്ഥം, അതുകൊണ്ടുതന്നെ, ഏറെ ശ്ലാഘനീയമാണ്."
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ, തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത.

"കേരളത്തിലെ ലത്തീൻ കത്തോലിക്കരായ നമ്മുടെ സഭയുടേയും സമുദായത്തിന്റേയും ഇതുവരെയുള്ള ചരിത്രവും വിവിധ മേഖലകളിലുള്ള സംഭാവനകളും സഭയുടേയും സമുദായത്തിന്റേയും ഉന്നമനത്തിനായ് എന്നും നിലകൊണ്ടിട്ടുള്ള സമർപ്പിതരേയും ഉൾപ്പെടുത്തിയുള്ള ഈ ചരിത്രഗ്രന്ഥം നാം കടന്നുപോന്ന വഴികൾ മറക്കാതിരിക്കാനും നമ്മിൽ ചരിത്രബോധവും സത്വബോധവും ഉണർത്താനും വളർത്താനും നമ്മുടെ ഐക്യവും കൂട്ടായ്മയും സുശക്തമാക്കി ഒരു സമൂഹമായ് മുന്നേറാനും ഉതകുമെന്നതിൽ സംശയമില്ല." മോസ്റ്റ് റവ. ഡോ. വർഗീസ് ചക്കാലക്കൽ, കോഴിക്കോട് രൂപത മെത്രാൻ, കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി, പ്രസിഡന്റ്.

ലേഖനം

# ബി. സി. സി നവനേതൃത്വം : വെല്ലുവിളികളും പ്രതീക്ഷകളും

ശോഭ ഷിജു, സൈക്കോളജിസ്റ്റ്



ബ്രസീലിലെ ഒരു ഇടത്തരം വ്യവസായ നഗരമായ വോൾട്ടാ റോഡോണ്ടായിലെ  പാവപ്പെട്ട തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് വൈദികർ കുറവായതിനാൽ അവർക്ക് ദൈവീക ശുശ്രുഷ ലഭിച്ചിരുന്നില്ല. ആയതിനാൽ അയൽവാസികളായി താമസിച്ചിരുന്ന കുറേപേർ ഒരു വീട്ടിൽ ഒരുമിച്ചുകൂടി ബൈബിൾ വായിക്കുകയും ക്രൈസ്തവ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജീവിതപ്രശ്നങ്ങളെയും പ്രാദേശികവും ദേശീയവുമായ കാര്യങ്ങളെയുംകുറിച്ച് സജീവമായി ചർച്ച ചെയ്യുകയും ദൈവവചനത്തിന്റെ സഹായത്തോടെ പരിഹാരം കണ്ടെത്തി പ്രവർത്തിക്കുകയും ചെയ്യുക



പതിവായി. അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയെ ഇതു വളരെയേറെ സഹായിച്ചു. അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ താല്പര്യപൂർവം പങ്കുചേർന്ന ആദിമ ക്രൈസ്തവ സമൂഹത്തെ മാതൃകയാക്കിക്കൊണ്ടാണ് വോൾട്ടാ റോഡോണ്ടായിലെ തൊഴിലാളികൾ ഇപ്രകാരം സമ്മേളിച്ചിരുന്നത്. ഇതുപോലെ ദൈവവചനവും ജീവിത സാഹചര്യങ്ങളും പരസ്പരം കണ്ടുമുട്ടുകയും വിശകലനം ചെയ്യപ്പെടുകയും വചനാധിഷ്ഠിത ജീവിത ദർശനത്തിനും ശൈലിക്കും രൂപം നൽകുകയും ചെയ്യുന്ന കൂട്ടായ്മയാണ് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ ( BCC).

## ആദിമ സമൂഹം

ആദിമ ക്രൈസ്തവർ ഒരേ ഹൃദയവും ഒരേ ആത്മാവുമുള്ള വിശ്വാസികളുടെ സമൂഹമായിട്ടാണ് അറിയപ്പെട്ടിരുന്നത്. ആദിമ ക്രൈസ്തവ സമൂഹത്തിലുണ്ടായിരുന്ന പരസ്പര പൂരകങ്ങളായ നാല് പ്രത്യേകതകൾ വിശ്വാസത്തിലുള്ള അവരുടെ ഐക്യം, വരദാനങ്ങളിലെ ഐക്യം, കൂദാശകളിലെ ഐക്യം, ഉപവിപ്രവർത്തനങ്ങളിലെ ഐക്യം എന്നിവയാണ്. ഈ ഐക്യം സാധ്യമാക്കിത്തീർക്കുന്ന പ്രധാന ഉപകരണം ദൈവവചനമാണ്.

## സവിശേഷതകൾ

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രേരകമായ ആദിമ ക്രൈസ്തവ സമൂഹത്തിൽ നിലനിന്നിരുന്ന അഞ്ച് പ്രധാന സവിശേഷതകൾ ശ്രദ്ധേയമാണ്:

**1. വിശ്വാസികളുടെ സമൂഹം :**

ജനത്തെ വിശ്വാസികളുടെ സമൂഹമായി രൂ



**ആദിമ ക്രൈസ്തവ സമൂഹത്തിലുണ്ടായിരുന്ന പരസ്പര പൂരകങ്ങളായ നാല് പ്രത്യേകതകൾ വിശ്വാസത്തിലുള്ള അവരുടെ ഐക്യം, വരദാനങ്ങളിലെ ഐക്യം, കൂദാശകളിലെ ഐക്യം, ഉപവിപ്രവർത്തനങ്ങളിലെ ഐക്യം എന്നിവയാണ്. ഈ ഐക്യം സാധ്യമാക്കിത്തീർക്കുന്ന പ്രധാന ഉപകരണം ദൈവവചനമാണ്.**

പപ്പെടുത്തുന്നതിൽ ദൈവം മുൻകൈ എടുക്കുന്നു. അവന്റെ വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു (അപ്പ. പ്രവ. 2: 41-42). ഈ വിശ്വാസം പരസ്പരം പങ്കുവയ്ക്കുമ്പോഴാണ് അത് നമ്മിൽ ആഴപ്പെടുന്നതും അനുഭവമായിതീരുന്നതും.

**2. ആരാധിക്കുന്ന, പ്രാർത്ഥിക്കുന്ന സമൂഹം :**

വചനം സ്വീകരിക്കുന്നതിലൂടെ വിശ്വാസികളുടെ ഹൃദയത്തിൽ ജനിക്കുന്ന സ്തുതിയും ആനന്ദവും അവരെ ആരാധിക്കുന്ന, പ്രാർത്ഥിക്കുന്ന ഒരു സമൂഹമാക്കിത്തീർക്കുന്നു. " അവർ ഏക മനസ്സോടെ താല്പര്യപൂർവം അനുദിനം ദേവാലയത്തിൽ ഒന്നിച്ചു കൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടി ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പത്രമാകുകയും ചെയ്തു (അപ്പ. പ്രവ 2: 46-47).

**3. പങ്കുവയ്ക്കുന്ന, ശുശ്രൂഷിക്കുന്ന സമൂഹം :**

വിശ്വാസികളുടെ ഹൃദയത്തിൽ പ്രാർത്ഥനയുടെയും ആരാധനയുടെയും വികാരം ജനിപ്പിക്കുന്ന അതേ വചനം ആത്മപൂരിതമായ ഉപവിയുടെ പ്രവർത്തനങ്ങളിലേക്കു നയിക്കുന്നു. അങ്ങനെ വിശ്വാസികളുടെ സമൂഹം പരസ്പരം ശുശ്രൂഷിക്കുന്ന, പങ്കുവയ്ക്കുന്ന സമൂഹമായിത്തീരുന്നു." വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നവയെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുകളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു." (അപ്പ. പ്രവ 2: 44 - 45 ). ഒരു യഥാർത്ഥ ക്രിസ്ത്യാനിക്കുള്ളതെല്ലാം എല്ലാവരുടേതുമാണെന്ന ചിന്തയുണ്ടാകണം. എല്ലാ ക്രൈസ്തവരും സഹോദരങ്ങളുടെ ആവശ്യനേരത്ത് അവരെ സഹായിക്കുവാനും ശുശ്രൂഷിക്കാനും പങ്കുവയ്ക്കാനും സദാ സന്നദ്ധരായിരിക്കണം. സഭയിലെ ഒരംഗത്തിന്റെ വേദന

എല്ലാവരുടേതുമാണ്. ഒരംഗം ആദരിക്കപപ്പെടുമ്പോൾ സഭ മുഴുവനും ആദരിക്കപ്പെടുന്നു എന്ന പൗലോസ് അപ്പസ്തോലന്റെ പ്രബോധനവും (1 കൊറി, 12 : 26-27) ഇവിടെ ഏറെ പ്രസക്തമാണ് ).

**4. സാക്ഷ്യം വഹിക്കുന്ന സമൂഹം :**

വിശ്വസിക്കുന്ന, പ്രാർത്ഥിക്കുന്ന, പങ്കുവക്കുന്ന സമൂഹം സ്വാഭാവികമായും സാക്ഷ്യം വഹിക്കുന്ന സമൂഹമായിത്തീരുന്നു. വിശ്വാസികളുടെ വചനത്തിലും പ്രാർത്ഥനയിലും ശുശ്രൂഷയിലും അധിഷ്ഠിതമായ ജീവിതംതന്നെ യഥാർത്ഥ സുവിശേഷസാക്ഷ്യമായി മാറുന്നു.

## പ്രാദേശിക സമൂഹം:

ഒരു ഇടവകയിലെ ഒരു പ്രദേശത്തു വരുന്ന കുടുംബങ്ങൾ ഒരുമിച്ചു കൂടിയാണ് ഒരു കൂട്ടായ്മ സമൂഹമായി പ്രവർത്തിക്കുന്നത്. സ്വന്തം ഇഷ്ടാനുസരണമുള്ള ഒരു സമൂഹമല്ല ഇത്. ഒരു പ്രദേശത്തെ കുടുംബാംഗങ്ങൾ തമ്മിൽ യാതൊരു ഭിന്നതയും കൂടാതെ പരസ്പരം അംഗീകരിച്ചു കൂട്ടായി പ്രവർത്തിക്കുമ്പോളാണ് യഥാർത്ഥ ക്രിസ്തീയ അരൂപി പ്രകടമാകുന്നത്.

കൂട്ടായ്മയുടെ യഥാർത്ഥ സവിശേഷത ഉൾക്കൊള്ളണമെങ്കിൽ ഇന്ന് പലരും ഭാഗമായിരിക്കുന്ന 'കൂട്ട' ങ്ങളുടെ സ്വഭാവവും സവിശേഷതയും മനസിലാക്കേണ്ടതുണ്ട് : ഊരുക്കൂട്ടം, ആൾക്കൂട്ടം, അയൽക്കൂട്ടം ഇവയുടെ പശ്ചാത്തലത്തിൽ പ്രതേകിച്ചും. കുടുംബകൂട്ടായ്മകൾ വരുന്നതിനുമുൻപ് നമ്മുടെ ഇടവകകളിൽ പ്രബലമായിരുന്ന ഒരു ഭരണ സംവിധാനമായിരുന്നു. ഊരുക്കൂട്ടം. ഇടവകജനം മുഴുവനും ഒരുമിച്ചുകൂടി സുപ്രധാന തീരുമാനമെടുക്കുന്ന സംവിധാനമായിരുന്നു ഊരുക്കൂട്ടം. എന്നാൽ ഇതിൽ ഇടവകയിലെ എല്ലാ ജനങ്ങൾക്കും പങ്കെടുക്കാൻ സാധിക്കുമായിരുന്നില്ല. കുറെയധികം പുരുഷന്മാർ ഒരുമിച്ചു കൂടുമ്പോളും ഇടവകയിലെ കുടുംബ, രാഷ്ട്രീയ, സാമ്പത്തിക, വിദ്യാഭ്യാസ പിൻബലമുള്ളവരാണ് കൂടുതലായി സംസാരിക്കുന്നതും തീരുമാനമെടുക്കുന്നതും. ഒരു സംഭവം ഉണ്ടാകുമ്പോൾ യാദൃച്ഛികമായി ഒരുമിക്കുന്ന ജനങ്ങളുടെ കൂട്ടമാണ് ആൾക്കൂട്ടം. ഇവിടെ കൂട്ടത്തിലുള്ളവർക്ക് എന്തിന് കൂടിയെന്നോ കൂട്ടത്തിൽ ആരൊക്കെയുണ്ടെന്നോ അറിയില്ല. ലക്ഷ്യം കൈവരിച്ച് കഴിയുമ്പോൾ കൂട്ടം പിരിയുന്നു. പരസ്പര ബന്ധമോ വ്യക്തമായ ലക്ഷ്യബോധമോ ഇല്ലാത്ത ആൾക്കൂട്ടങ്ങളിൽ അർപ്പണബോധം താരതമ്യേനെ വളരെ കുറവായിരിക്കും. എന്നാൽ അയൽക്കൂട്ടങ്ങൾ അങ്ങനെയല്ല, ഊരുക്കൂട്ടങ്ങളെയും ആൾക്കൂട്ടങ്ങളെയും അപേക്ഷിച്ച് താരതമ്യേനെ ചെറുതും വ്യക്തമായ ലക്ഷ്യങ്ങൾ ഉള്ളതുമാണ്.

## വെല്ലുവിളികൾ

ദൈവവചനം ശ്രവിക്കുന്നതിൽ ആദിമ സഭ വളരെ താല്പര്യം പുലർത്തി. തിരുവചന ശ്രവണത്തിലൂടെ ഒരു കൂട്ടായ്മയായിത്തീർന്ന അവർ എല്ലാം പങ്കുവയ്ക്കാൻ തയ്യാറായി. സുവിശേഷാധിഷ്ഠിതമായ അവരുടെ ജീവിതം അനേകരെ ക്രിസ്തുമതത്തിലേക്ക് ആകർഷിപ്പിച്ചു. അപ്പംമുറിക്കൽ ശക്തി കേന്ദ്രമാക്കിയ സമൂഹമായിരുന്നു അത്. ദിവസം മുഴുവൻ വിശുദ്ധീകരിക്കാൻ വിവിധ യാമങ്ങളിൽ അവർ പ്രാർത്ഥിച്ചിരുന്നു വിശ്വാസത്തിന്റെപേരിൽ ചിതറിക്കപ്പെട്ടപ്പോഴും വചനം പ്രഘോഷിച്ചുകൊണ്ട് അവർ ചുറ്റിസഞ്ചരിച്ചു. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കുകയും ചെയ്യുമായിരുന്നു. (അപ്പ. പ്രവ. 2:37-39). എന്നാൽ ഇന്നത്തെ സമൂഹങ്ങളിൽ സംഭവിച്ച കൊണ്ടിരിക്കുന്നത് പരസ്പരം വിഭാഗീയത സൃഷ്ടിച്ചുകൊണ്ട് BCC തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നു. രാഷ്ട്രീ ലക്ഷ്യത്തോടെ ഇടവകയിലെ താക്കോൽ പദവികളിൽ വന്നാൽ ജനം ശ്രദ്ധിക്കുമെന്നും തന്റെ രാഷ്ട്രീയ ഭാവ അതുവഴി സുഗമമാക്കാമെന്നും ചിന്തിക്കുന്നു അവരവരുടെ രാഷ്ട്രീയ പാർട്ടികളിൽ വിശ്വസിക്കുന്ന ആളുകളെ തിരുകികയറ്റിക്കൊണ്ട് തങ്ങളിൽ വിശ്വസിക്കുന്നവർക്കുവേണ്ടി പണിയെടുക്കുന്നവരായി മാറുന്നു. ഇവർ സഭായോടോ ഇടവകയോടോ കൂറും വിശ്വസ്ഥതയും പുലർത്താതെ ക്രിസ്തീയ മൂല്യങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നു. ശുശ്രൂഷ മനോഭാവത്തിനു പകരം അധികാര മനോഭാവം കൈവരുന്നു. BCC വിഭാവനം ചെയ്ത 'കൂട്ടായ്മ' എന്ന ലക്ഷ്യബോധത്തിൽനിന്നും പുറകിലോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. അന്ന് കുട്ടികളും മുതിർന്നവരും ആവേശത്തോടെ പങ്കെടുത്തിരുന്നു. ഇന്ന് സ്ത്രീകൾ മാത്രമായി ചുരുങ്ങുന്നു. യുവാക്കളുടെയും പുരുഷന്മാരുടെയും പ്രാതിനിധ്യം കുറയുന്നു. ചില കാര്യങ്ങൾ വരുമ്പോൾ പക്ഷംചേർന്നുള്ള സംസാരവും എതിർപ്പും യൂണിറ്റുകളിൽ നിരന്തരം ഉണ്ടാകുന്നു.

## സാദ്ധ്യതകൾ

സഭയും സഭയുടെ പ്രവർത്തനങ്ങളും ആയിരിക്കണം ആത്യന്തിക ലക്ഷ്യം. പുതിയ നേതൃത്വത്തിന് അവരുടെ കടമകളും കർത്തവ്യങ്ങളും എന്തെന്ന് ബോധ്യപ്പെടുത്തിയാൽ നന്നായി കൊണ്ടുപോകാൻ സാധിക്കും. ശുശ്രൂഷ സമിതികളുടെ ശക്തീകരണം ഉണ്ടാകണം. ആത്മീയപരമായും സാമൂഹ്യപരമായും നവനേതൃത്വത്തെ വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്. നല്ല നേതൃത്വം കടന്നുവന്നാലേ സഭയ്ക്കു അഭിവൃത്തി ഉണ്ടാകുകയുള്ളൂ. പ്രാർത്ഥിക്കുകയും പരസ്പരം പങ്കിടുകയും പിന്തുണയ്ക്കുകയും പഠിക്കുകയും ദൗത്യത്തിൽ മുന്നോട്ടു പോകുകയും സുവിശേഷം നൽകുകയും ചെയ്യുന്ന കത്തോലിക്കാ കുടുംബങ്ങളുടെ ഒത്തുചേരലായി BCC കൾ മാറണം. ഒരു സാമൂഹിക കൂട്ടായ്മാനുഭവമാണ് നമ്മുടെ കുടുംബ യൂണിറ്റുകളിൽ ഉണ്ടാകേണ്ടത്. അതിനായ് കൂട്ടായ്മകളുടെ ഉറവിടമായ ത്രിയേക ദൈവത്തോട് പ്രത്യേകിച്ച് പൊതുനന്മയ്ക്കായി വരങ്ങളും ദാനങ്ങളുമേകുന്ന പരിശുദ്ധത്മാവിനോട് പ്രാർത്ഥിക്കാം.

●

അഭിമുഖം

# ഹൃദ്രോഗവും പ്രമേഹവും: സാധ്യതകളും പ്രതിവിധികളും

ഡോ. ബി. വി. ആർ. കുമാർ
MD (GENERAL MEDICINE), DNB, MNAMS (CARDIO)
ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ,
തിരുവനന്തപുരം

റവ. ഡോ. ലെനിൻരാജ്
മാനേജർ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ,
തിരുവനന്തപുരം





നല്ല ആരോഗ്യവും നല്ല ജീവിതചര്യയും കാത്തുപരിപാലിക്കേണ്ടത് നമ്മൾ മനുഷ്യർ തന്നെയാണ്. പരമ്പരാഗതമായി ഉണ്ടാകുന്ന പല രോഗങ്ങളും, അല്ലാതെ വന്നുചേരുന്ന രോഗങ്ങളും ഒരു പരിധിവരെ നമുക്ക് അതിജീവിക്കാൻ കഴിയുമെന്ന് ആധുനിക ശാസ്ത്രം നമ്മളെ ഓർമ്മിപ്പിക്കുന്നുണ്ട്. പാരമ്പര്യമെന്നു കരുതപ്പെടുന്ന ഹൃദ്രോഗവും ജീവിതകാലം മുഴുവനും പലവിധ രോഗങ്ങൾക്കും കാരണമായി നിൽക്കുന്ന പ്രമേഹവും ആധുനിക ചികിത്സാരീതിയിലൂടെ തക്കസമയത്ത് ചികിത്സനേടിയാൽ സുഖം പ്രാപിക്കാൻ കഴിയും എന്നതിന് സംശയമില്ല. ഹൃദ്രോഗത്തിന്റെ മൂലകാരണങ്ങളെക്കുറിച്ചും അതുപോലെതന്നെ പ്രമേഹത്തെക്കുറിച്ചും അവയുടെ പ്രതിവിധികളെക്കുറിച്ചും വിശദമായി സംസാരിക്കുകയാണ് ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലിലെ എം.ഡി.യും



കാർഡിയോളജിസ്റ്റുമായ ഡോ.ബി.വി.ആർ.കുമാർ.

**ഹൃദ്രോഗം പാരമ്പര്യമാണോ?**

ഹൃദയപേശികളെ ബാധിയ്ക്കുന്ന കാർഡിയോമയോപ്പതി, ഹൃദയതാളത്തെ ബാധിയ്ക്കുന്ന അരിത്മിയ, വളരെകൂടിയ തോതിലുള്ള കൊളസ്ട്രോൾ എന്നിവയിൽ ചിലത് പാരമ്പര്യമായി കാണാറുണ്ട്. പരമ്പരകളെ ബാധിക്കുന്നതിനുള്ള പ്രധാന കാരണം ജീനുകളിൽ ഉണ്ടാകുന്ന വ്യതിയാനമാണ്. മാതാപിതാക്കളിൽ ആർക്കെങ്കിലും ഒരു ജീൻ വ്യതിയാനം (മ്യൂട്ടേഷൻ) ഉണ്ടെങ്കിൽ, ആ ജീൻ പരമ്പരകളിലൂടെ കൈമാറുവാൻ സാധ്യതയുണ്ട്.

പാരമ്പര്യരോഗങ്ങളും കുടുംബ ചരിത്രവും (ഫാമിലി ഹിസ്റ്ററി) രണ്ടും രണ്ടാണ്. മാതാപിതാക്കൾ, സഹോദരങ്ങൾ, മക്കൾ തുടങ്ങിയ പ്രഥമശ്രേണിയിലുള്ള ബന്ധുക്കളിൽ ഹൃദ്രോഗം ബാധിച്ചാൽ -ആണുങ്ങളിൽ 55 വയസ്സിന് താഴെയും സ്ത്രീകളിൽ 65 വയസ്സിന് താഴെയും, ആ വ്യക്തിയ്ക്ക് ഹൃദ്രോഗസാധ്യത കൂടുലാണ്. ഫാമിലി ഹിസ്റ്ററിയിൽ, ഒന്നോ രണ്ടോ ജനിതക വൈകല്യങ്ങൾ അല്ല കാരണം. പലപ്പോഴും ജനിതക മാറ്റങ്ങൾക്കൊപ്പം ചുറ്റുപാടുകളും ചേരുമ്പോഴാണ് അപകടകാരിയായി മാറുന്നത്.

**നമുക്ക് ഹൃദ്രോഗം ഉണ്ടോ എന്ന് എങ്ങനെ അറിയാം?**

കിതപ്പ്, നെഞ്ചുവേദന, അമിതമായ വിയർപ്പ്, അമിതമായ നെഞ്ചിടിപ്പ്, തലചുറ്റൽ, ഛർദ്ദി, അമിതമായ ക്ഷീണം തുടങ്ങിയവ ഹൃദ്രോഗലക്ഷണങ്ങൾ ആകാം. ഇത്തരത്തിലുള്ള പ്രയാസം അനുഭവപ്പെട്ടാൽ തീർച്ചയായും ഒരു ഡോക്ടറുടെ സേവനം തേടുന്നത് നല്ലതായിരിക്കും. 45 വയസ്സ് കടന്ന എല്ലാപേരും 35 വയസ്സ് കടന്ന ഡയബറ്റിക് വ്യക്തികളും ഹൃദ്രോഗനിർണയത്തിന് തീർച്ചയായും വിധേയമാകണമെന്ന് ഹാർട്ട് ഫൗണ്ടേഷൻ ആഹ്വാനം ചെയ്യുന്നു.

**ഹൃദ്രോഗസാധ്യത കുറയ്ക്കാൻ ഭക്ഷണക്രമത്തിൽ എന്ത് മാറ്റം വരുത്താം?**

ലളിതമായ കുറച്ച് കാര്യങ്ങൾ ഭക്ഷണക്രമത്തിൽ ശ്രദ്ധിക്കുക എന്നുള്ളതാണ് പ്രധാനം.

1. കഴിക്കുന്നതും ചെലവാക്കുന്നതുമായ ഊർജ്ജം എപ്പോഴും തുലനാവസ്ഥയിലായിരിക്കണം. എത്ര ഊർജ്ജം (കാലറി) ആണോ ദൈനംദിനം ചിലവഴിയ്ക്കുന്നത്, അതിന് ആനുപാതികമായ ഭക്ഷണം മാത്രമേ കഴിയ്ക്കാവൂ. ആവശ്യത്തിലധികം ഭക്ഷണം കഴിച്ചാൽ ഭാരം കൂടാൻ ഇടയാകും. ഭാരം കുറയ്ക്കാൻ താൽപര്യപ്പെടുന്നുണ്ടെങ്കിൽ, വ്യായാമം വർദ്ധിപ്പിച്ച്, ഭക്ഷണം കുറയ്ക്കേണ്ടതാണ്. ബോഡി മാസ് ഇൻഡക്സ് (ബി.എം.ഐ) എന്ന സൂചിക 25 ന് താഴെ നിലനിർത്തേണ്ടതാണ്. അതായത് നമ്മുടെ പൊക്കം - സെൻറിമീറ്ററിൽ നിന്ന് 100 കുറച്ചാൽ കിട്ടുന്ന സംഖ്യ എത്രയാണോ, അത്രയും കിലോഗ്രാം ഭാരം മാത്രമേ അനുവദനീയമായുള്ളൂ. അങ്ങനെ ബി.എം.ഐ 25 നു താഴെ തന്നെ ക്രമീകരിക്കുവാൻ സാധിക്കും.

2. വളരെ എളുപ്പത്തിൽ ശരീരത്തിൽ ഗ്ലൂക്കോസ് ഉയർത്തുന്ന പഞ്ചസാരപോലുള്ളവ കുറയ്ക്കേണ്ടതാണ്. ഫൈബർ അടങ്ങിയ ആഹാരങ്ങൾ - തവിടുള്ള ധാന്യങ്ങൾ കഴിയ്ക്കുമ്പോൾ ഗ്ലൂക്കോസിന്റെ ആഗീരണത്തിന്റെ തോതും തുന്മൂലം ഉത്പാദിപ്പിക്കുന്ന ഉൻസുലിന്റെ തോതും കുറയുന്നു. ആയതിനാൽ പഞ്ചസാര ചേർത്തുള്ള മധുര പാനീയങ്ങളും ഭക്ഷണങ്ങളും ഒഴിവാക്കേണ്ടതാണ്.

3. പഴവും പച്ചക്കറികളും പരമാവധി വർദ്ധിപ്പിക്കേണ്ടതാണ്. 1-2.5 കപ്പ് പഴങ്ങളും 1-4 കപ്പ് പച്ചക്കറികളും ദൈനംദിന ആഹാരത്തിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

4. പൂരിത കൊഴുപ്പുകൾക്ക് പകരം അപൂരിത കൊഴുപ്പുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്. നെയ്യ്, വനസ്പതി, എണ്ണയിൽ വറുത്തത് എന്നിവ കുറയ്ക്കേണ്ടതാണ്. ദിവസേന, ഹൃദ്രോഗം ഇല്ലാത്തവർ 50 ഗ്രാം മത്സ്യവും ഹൃദ്രോഗബാധയുള്ളവർ 100 ഗ്രാം മത്സ്യവും ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. പൂരിത കൊഴുപ്പുകളുമായി ചേർന്നിരിയ്ക്കുന്ന പ്രോട്ടീനുകൾ ഒഴുവാക്കേണ്ടതാണ്.

6. അധികമായി ഉപ്പ് ഉപയോഗിക്കാതിരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ച് ഉപ്പ് കുറച്ചാൽ രക്തസമ്മർദ്ദം കുറയുന്നവർ.

7. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കേണ്ടതാണ്. മദ്യം ഉപയോഗിക്കുന്ന പുരുഷന്മാർ, അതിന്റെ അളവ് ദിവസേന 45 - 60 എം.എൽ ആയി നിജയപ്പെടുത്തുക. സ്ത്രീകൾ ഇതിലും കുറഞ്ഞ അളവേ ഉപയോഗിക്കാവൂ. രക്തസമ്മർദ്ദം, ഡയബറ്റീസ്, കരൾരോഗം, മദ്യാസക്തി, മദ്യാസക്തിയുടെ കുടുംബ ചരിത്രം ഉള്ളവർ, സ്തനാർബുധം, കുടലിലെ കാൻസർ എന്നിവയുടെ കുടുംബ ചരിത്രം ഉള്ളവർ - മദ്യപാനം വളരെ കരുതലോടെ മാത്രം തുടരുക.

(തുടരും)





ലേഖനം

# ആരോഗ്യപരിപാലന രംഗത്തെ പ്രശ്നങ്ങളും വെല്ലുവിളികളും

സിസ്റ്റർ വിനയ വർഗ്ഗീസ്
വൈസ്.പ്രിൻസിപ്പൾ,
ലിറ്റിൽ ഫ്ളവർ കോളേജ് ഓഫ് നഴ്സിംഗ്
മൺവിള



ശ്ലാഹനീയമായ ഒരുപിടി നേട്ടങ്ങൾക്കിടയിലും ധാരാളം സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളും വെല്ലുവിളികളും നേരിടുന്ന ഒരു വഴിത്തിരിവിലാണ് ഇന്നത്തെ ആരോഗ്യരംഗം. ആരോഗ്യസേവന രംഗം വ്യതിരക്തമായ സാങ്കേതിക നേട്ടങ്ങളിലൂടെ ചില മേഖലകളിൽ ഗുണമേന്മയേറിയ സേവനങ്ങൾ കുറഞ്ഞ ചിലവിൽ ലഭ്യമാക്കുന്നതിൽ ഏറെ വിജയം കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും വർദ്ധിച്ചുവരുന്നതും അജ്ഞാതവുമായ പുതിയ രോഗങ്ങളുടെ പശ്ചാത്തലത്തിലും രോഗികളുടെ എണ്ണവർദ്ധനവിലും കഴിവുറ്റ ആരോഗ്യപ്രവർത്തകരുടെ ദൗർലഭ്യതയുടെ യാഥാർത്ഥ്യത്തിലും, ആരോഗ്യമേഖല ഒരുപിടി പ്രശ്നങ്ങളും സംഘർഷങ്ങളും അനുദിനം നേരിടുകയാണ്. ഇവയെല്ലാം സമയോചിതമായി നേരിടുകയും പരിഹരിക്കുകയും ചെയ്യുകയെന്നത് ഇന്നത്തെ ആരോഗ്യമേഖലയുടെ കരുത്തും വ്യാപനവും ഗുണമേന്മയും ഫലപ്രാപ്തിയും ഊട്ടിയുറപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ആരോഗ്യമേഖലയുടെ പ്രാധാന്യം ഇന്നത്തെ ലോകത്തിൽ അവഗണിക്കാൻ കഴിയാത്തവിധം ഏറെ പ്രാധാന്യം കൈവരിച്ചിരിക്കുന്നുവെന്നു മാത്രമല്ല, ഈ മേഖല

ഇന്ന് എല്ലാ വ്യക്തികളുടേയും സമൂഹങ്ങളുടേയും മാഹാത്മ്യവും സൗഖ്യാത്മകതയും ഉയർത്തിപ്പിടിക്കേണ്ട ഒരു അടിസ്ഥാന മനുഷ്യാവകാശമേഖലയിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. രോഗീപരിചരണ നിഷേധം ഇന്നൊരു മനുഷ്യാവകാശ ലംഘനമായി പരിഗണിക്കപ്പെടുകയാണ്. പരിശുദ്ധ ഫ്രാൻസിസ് പാപ്പ കൃത്യമായി പറയുന്നു, ആരോഗ്യം വെറുമൊരു ഉപഭോഗവസ്തുവല്ല, മറിച്ച് ഒരു ആഗോള അവകാശമാണ്, അതുകൊണ്ട് ആരോഗ്യസേവന ലഭ്യത ഒരു സ്വകാര്യ കുത്തകയല്ല.

ക്രൈസ്തവ ആശുപത്രികൾ ആരോഗ്യ വിതരണ പരിചരണ മേഖലയിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് വഹിക്കുന്നത്. കരുണ, സ്നേഹം, സേവനം എന്ന മൂല്യങ്ങളിൽ വേരൂന്നിനിന്നുകൊണ്ട് ക്രൈസ്തവ ആശുപ്രത്രികൾ ആരോഗ്യ സേവന മേഖലയിലെ അനീതിപരമായ ഈ അകൽച്ച കുറച്ചുകൊണ്ടുവരാൻ, പ്രത്യേകിച്ച് ഇത്തരം സേവനങ്ങൾ ദൗർലഭ്യമായികൊണ്ടിരിക്കുന്ന ഗ്രാമങ്ങളിലും പാവങ്ങളിലും, ഇത്തരം സേവങ്ങൾ എത്തിക്കുന്നതിൽ നിസ്തുലമായ സംഭാവനകളാണ് നൽകുന്നത്. ഡിസ്പെൻസറികൾ മുതൽ അത്യന്താധുനിക വൈവിധ്യമാർന്ന സൗകര്യങ്ങളുള്ള വലിയ ക്രൈസ്തവ ആശുപത്രികൾവരെ ആരോഗ്യപരിപാലന രംഗത്ത്, ഇന്ന് മാതൃകാപരമായ വിശ്വാസം പ്രവൃത്തിപഥത്തിലെത്തിക്കുന്നതിൽ ഉദാത്ത മാതൃകയായാണ് നിലകൊള്ളുന്നത്. അവരുടെ സമഗ്രമായ രോഗീപരിചരണ സമീപനങ്ങൾ പ്രത്യേകിച്ച് ശാരിരിക, മാനസിക, വൈകാരിക, ആത്മീയ സമീപനങ്ങൾ ക്രിസ്തുവിന്റെ രോഗസൗഖ്യ ശുശ്രൂഷാ മാതൃക പ്രതിഫലിപ്പിക്കുന്നതാണ്. ഉദാഹരണത്തിന് തിരുവനന്തപുരം ലത്തിൻ അതിരൂപതയിലെ ജൂബിലി മെമ്മോറിയൽ ആശുപത്രി വിശ്വാസത്തിലും കാരുണ്യത്തിലും അധിഷ്ഠിതമായി, ഈ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് നല്കുന്ന പരിചരണ മാതൃക, എപ്രകാരം വിശ്വാസാധിഷ്ഠിത സ്ഥാപനങ്ങൾ അത്യന്താധുനിക സൗകര്യങ്ങൾ കാരുണ്യപൂർവം അതിദരിദ്രരിലെത്തിക്കുന്നുവെന്നത് പ്രശംസനീയവും അനുകരണാത്മകവുമാണ്. ഈത്തരം സ്ഥാപനങ്ങൾ ആരോഗ്യമേഖലയിലെ വിവേചനങ്ങൾക്ക് മുകളിൽ കാരുണ്യത്തിന്റെ ജ്വലിക്കുന്ന ദീപസ്തംഭങ്ങളായി പ്രകാശിച്ചു നില്ക്കുന്നു.

ലോകത്തെയാകെ ഉലച്ച കോവിഡ് മഹമാരിയുടെ പശ്ചാത്തലത്തിൽ ഇന്നത്തെ ആരോഗ്യ രംഗം പുനർനിർവചനത്തിനു വിധേയമായികൊണ്ടിരിക്കുകയാണ്. കോവിഡ് മഹാമാരി, മനുഷ്യന്റെ സ്വകാര്യ അഹങ്കാരമായി കൊണ്ടുനടന്നിരുന്ന കരുത്തുറ്റ ആരോഗ്യരംഗത്തെ അതിദയനീയമാംവിധം തരംതാഴ്ത്തിക്കളഞ്ഞുവെന്നു മാത്രമല്ല അത്യന്താധിനീക ആരോഗ്യ സാങ്കേതിക വിദ്യകളുടെ ദയനീയ പരാചയങ്ങളും കോട്ടങ്ങളും വെളിച്ചത്തുകൊണ്ടുവരികയും രാജ്യങ്ങളേയും രാജ്യാന്തര സമുഹങ്ങളേയും അവരുടെ ആരോഗ്യ പരിരക്ഷാപദ്ധതികളുടെ വിലയിരുത്തലുകൾക്കും വീണ്ടുവിചാരങ്ങൾക്കും നിർബന്ധിതമാക്കി. ചികിത്സാമേഖലയിലെ ഗവേഷണങ്ങളും, സാങ്കേതികമികവുകളും, കണ്ടുപിടുത്തങ്ങളും അഭൂതപൂർവമായ രോഗീപരിചരണങ്ങളും സൗഖ്യലഭ്യതകളും സംജാതമാക്കിയെങ്കിലും അവയുടെ ലഭ്യതകളും വിതരണങ്ങളും പരിതാപകരമാംവിധം ചിലയിടങ്ങളിലും ചില ആൾക്കാർക്കുമായി ചുരുങ്ങി, ചികിത്സാ വിവേചനം സൃഷ്ടിക്കപ്പെട്ടു. ആരോഗ്യമേഖലയിലെ ഈ അസന്തുലിതാവസ്ഥ ഈ മേഖലയിൽ എല്ലാവരേയും ഉൾകൊള്ളുന്ന നീതിയുക്തതയുണ്ടാക്കാനുള്ള നിരന്തര നവീകരണം ആവശ്യമാണ് എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

## ക്രൈസ്തവ ആശുപത്രികൾ നേരിടുന്ന വെല്ലുവിളികളും വിഷയങ്ങളും

ക്രൈസ്തവ ആശുപത്രികൾ മിക്കവയും തന്നെ പരിമിതമായ സാമ്പത്തിക അടിത്തറയിൽ നിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നതും പ്രവർത്തനമേഖലകൾ വിപുലീകരിക്കാൻ പരിശ്രമിക്കുന്നതും. മിക്കവാറും തന്നെ ധാരാളം സുമനസ്സുകളുടെ കാരുണ്യ പൂർവകമായ സംഭാവനകളാണ് ഇത്തരം ആശുപത്രികളുടെ പ്രധാന സാമ്പത്തിക സ്രോതസ്സ്. ലാഭമെന്നൊരു യഥാർത്ഥ്യം ഇല്ലാത്തതുകൊണ്ടും പരമാവധി കുറഞ്ഞ ചിലവിൽ ഗുണമേന്മയേറിയ ശുശ്രൂഷാസേവനങ്ങളുമാണ് ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തന ലക്ഷ്യം. എന്നാൽ ആരോഗ്യ-ചികിത്സാ സാധന സാമഗ്രികളുടേയും, മരുന്നുകളുടേയും, അനുദിനം കുതിച്ചുയരുന്ന വിലക്കയറ്റവും, ആരോഗ്യമേഖലയിൽ ജോലിചെയ്യുന്ന ആരോഗ്യപ്രവർത്തകരുടെ അഭൂതപൂർവമായ ശമ്പളാവശ്യകതയും, ഒപ്പം പുതിയ യന്ത്രങ്ങളും പുത്തൻ സാങ്കേതികവിദ്യകളും ചികിത്സാരംഗത്ത് ലഭ്യമാക്കുകയെന്നത് ഇത്തരം ആശുപത്രികളുടെ നിലനില്പിനും വികസനത്തിനും അക്ഷരാർത്ഥത്തിൽ ഒരു വെല്ലുവിളി തന്നെയാണ്. ഇത്തരം ആശുപത്രികൾ നടത്തുന്നതിന് സർക്കാർ യാതൊരുവിധ ഇളവുകളും (വൈദ്യുതി-വെള്ളം-കരം) മുതലായ കാര്യങ്ങളിൽ ഒട്ടും തന്നെ കാരുണ്യമോ വിട്ടുവീഴ്ചയോ ചെയ്യാത്തത് ശരിക്കും ഒരു വെല്ലുവിളി തന്നെയാണ്. ആരോഗ്യമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ശമ്പള വർദ്ധനയെന്ന നിരന്തര ആവശ്യം എപ്പോഴും ഇത്തരം സ്ഥാപനങ്ങൾക്ക് മുകളിൽ തൂങ്ങിക്കിടക്കുന്ന ഡെമോക്ലിസിന്റെ വാളാണ്.

ദാനധർമ്മ സ്ഥപനങ്ങളായ ക്രൈസ്തവ ആശുപത്രികൾ നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളിയാണ് കുറഞ്ഞ വേതനവ്യവസ്ഥയിൽ സേവനം ചെയ്യാൻ മനസ്സുള്ള കഴിവുറ്റ ഡോക്ടേഴ്സിന്റേയും നഴ്സുമാരുടേയും അനുബന്ധ തൊഴിലാളികളുടേയും ലഭ്യതയിലുണ്ടാകുന്ന ദൗർലഭ്യത. മിക്കവാറും, ക്രൈസ്തവർ ആശുപത്രികൾ സ്ഥാപിക്കുന്നത്, നല്ല ആശുപത്രികളും ചികിത്സാ സൗകര്യങ്ങളും സ്വപ്നംകാണാൻപോലും കഴിയാത്ത ഹതഭാഗ്യർ താമസിക്കുന്ന ഗ്രാമങ്ങളിലും, നഗരങ്ങളിൽനിന്നു വിദൂരമായ പ്രദേശങ്ങളിലുമാണ്. ചികിത്സാമേഖലയിൽ ജോലിചെയ്യുന്നവർ നഗരങ്ങളി

ലും വലിയ ആശുപത്രികളിലുമാണ് പൊതുവേ ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്നത്. ചികിത്സാ മേഖലയിലെ കഴിവുറ്റ തൊഴിലാളികളെ ലഭ്യമാകാത്തതുകൊണ്ടു തന്നെ, ജോലി ചെയ്യുന്ന പരിമിത തൊഴിലാളികളുടെ തൊഴിലാധിക്യം, അവരെ അതിവേഗം ക്ഷീണിതരാക്കുകയും മനം മടിപ്പിക്കുകയും ചെയ്യിക്കുന്നു. പലപ്പോഴും രോഗീ -നഴ്സ് - ഡോക്ടർ അനുപാതം വളരെ പരിതാപകരമാം വിധം ക്രമരഹിതമാകുന്നത് ഈ മേഖലയിലെ വലിയൊരു വെല്ലുവിളിയാണ്. അതുകൊണ്ടുതന്നെ ജോലിചെയ്യുന്നവരുടെ ജോലിഭാരം വളരെ കൂടുതലാണ് ഒപ്പം ഫലപ്രദമായ രോഗിപരിചരണം ലഭിക്കുന്നതും വെല്ലുവിളിയാണ്. ചികിത്സാ മേഖലയിൽ ആവശ്യത്തിനുള്ള നല്ല തൊഴിൽ ശക്തി വാർത്തെടുക്കുവാനുള്ള മതിയായ നല്ല സ്ഥാപനങ്ങളുടെ പരിമിതിയും മറ്റൊരു വെല്ലുവിളിയാണ്.

വളരെ പരിമിതമായ സാമ്പത്തിക ഭദ്രത, ക്രൈസ്തവ ആശുപത്രികളെ ആധുനികവല്ക്കരിക്കുന്നതിന് വലിയൊരു വെല്ലുവിളിയാണ്. വിലകൂടിയ അത്യധുനീക സാങ്കേതിക ഉപകരണങ്ങളും, അതിവേഗം രോഗം കണ്ടുപിടിക്കുന്നതിനും നിർണ്ണയിക്കുന്നതിനും കഴിയുന്ന ഉപകരണങ്ങൾ ആശുപത്രികളിൽ വാങ്ങി സ്ഥാപിക്കുന്നതിനും, കാലപ്പഴക്കം ചെന്ന ഉപകരണങ്ങൾ മാറ്റിസ്ഥാപിക്കുന്നതിനും, ഫലപ്രദമായ വിലകൂടിയ ചികിത്സാ വസ്തുക്കളും മരുന്നുകളും കുറഞ്ഞചിലവിൽ ലഭ്യമാക്കുകയെന്നതും തീർത്തും അപ്രായോഗികവും എന്നാൽ കടുത്ത വെല്ലുവിളി ഉയർത്തുന്നതുമാണ്. നിലനില്ക്കുന്ന ഉപകരണങ്ങളെ ആധുനികവൽകരിക്കുന്നതിനുതന്നെ പലപ്പോഴും സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുവദിക്കാറില്ല.

വൈവിധ്യമാർന്ന സാമൂഹിക, മതപരമായ, സാംസ്കാരികമായ ജീവിതരീതികൾ അനുഷ്ഠിക്കുന്ന രോഗികളെ ക്രൈസ്തവ വിശ്വാസാധിഷ്ഠിത ആശുപത്രീ പശ്ചാത്തലത്തിൽ പരിചരിക്കുന്നത് പലപ്പോഴും ചില വെല്ലുവിളികൾ ഉയർത്താറുണ്ട്. ആശുപത്രികളിൽ ഗുരുതരമായ രോഗാവസ്ഥയിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികളിൽ ചിലർ മുറുകെപ്പിടിക്കുന്ന മതപരമായ സാംസ്കാരികമായ വിശ്വാസ തത്വസംഹിതകൾക്ക് വിരുദ്ധമായി, ആധുനിക മരുന്നുകളോടും ചികിത്സാരീതികളോടും ചികിത്സാ ഉപകരണങ്ങളോടും അന്ധവിശ്വാസപരമായും അശാസ്ത്രീയമായും പ്രതികരിക്കുന്നത് പലപ്പോഴും പലതരം വെല്ലുവിളികളും സൃഷ്ടിക്കാറുണ്ട്. ക്രൈസ്തവ ആശുപത്രികൾ ലഭ്യമാക്കുന്ന ആത്മീയ പ്രാർത്ഥനകളോടും മതാചാരചിഹ്നങ്ങളോടും കൗൺസിലിംഗിനോടുമുള്ള ശക്തമായ വിയോചിപ്പ് പലപ്പോഴും പലതരം വെല്ലുവിളികളും ഉയർത്താറുണ്ട്. ക്രൈസ്തവ ധാർമ്മികത അതിൽതന്നെ വ്യതിരക്തമായ ചില ശക്തമായ നിലപാ ടുകളും സമീപനങ്ങളും ജീവനുനേരേയും മരണത്തിനുനേരേയും സ്വീകരിക്കാറുണ്ട്. ആധുനീക വൈദ്യശാസ്ത്രത്തിനും രോഗീപരിചരണ സംഹിതകൾക്കും പലപ്പോഴും ചേർന്നുപോകുവാനോ സ്വീകരിക്കുവാനോ കഴിയാത്ത ചിലതൊക്കെ ക്രൈസ്തവ ധാർമ്മികതയിൽ ഉണ്ട്. ആധുനീക വൈദ്യശസ്ത്ര - ചികിത്സാ സമ്പ്രദായങ്ങളും സംഹിതകളും സ്വികരിച്ചാലും ഇല്ലെങ്കിലും ജീവനുനേരേയും മരണത്തിനുനേരേയും ജീവൻ പരിരക്ഷിക്കുന്നതിനു നേരേയും ക്രൈസ്തവ ധാർമ്മികത വച്ചുപുലർത്തുന്ന തത്വങ്ങളും സംഹിതകളും ബലികഴിക്കുവാനോ വിട്ടുവീഴ്ചവരുത്തുവാനോ കഴിയാത്തത് പലപ്പോഴും ക്രൈസ്തവ ആശുപത്രികളിലും ക്രൈസ്തവ ചികിത്സാമേഖലകലിൽ ജോലിചെയ്യുന്നവരിലും തെല്ലൊന്നുമല്ല സംഘർഷങ്ങളും വെല്ലുവിളികളും ഉയർത്തുന്നത്. ആത്മഹത്യയ്ക്ക് സഹായിക്കുന്നത്, സ്വാഭിഷ്ടപ്രകാരം മരണത്തിന് അനുവദിക്കുന്നത്, ഭ്രൂണഹത്യ തുടങ്ങിയ വിഷയങ്ങളിൽ പലപ്പോഴും ക്രൈസ്തവ ആശുപത്രികളും ക്രൈസ്തവ ഡോക്ടർമാരും നഴ്സുമാരുമൊക്കെ നേരിടുന്ന വെല്ലുവിളികൾ സംഘർഷപൂരിതങ്ങളാണ്.

കടുത്ത കിടമത്സരം നേരിടുന്ന ഒരു മേഖലയാണ് ആധുനീക വൈദ്യശസ്ത്ര - രോഗീ പരിചരണ - ആരോഗ്യമേഖല. അതുകൊണ്ടുതന്നെ നല്ല രോഗീപരിചരണം ചിലവേറിവരുന്ന കാലഘട്ടത്തിൽ വെറും സഭാവനകളിൽ മാത്രം ആശ്രയിച്ച് ആതുരാലയങ്ങളും ആശുപത്രികളും നടത്തിക്കൊണ്ട് പോകുകയെന്നത് അത്യന്തം ദുഷ്കരമായ ഒരു വെല്ലുവിളിതന്നെയാന്. ഇതിനോടൊപ്പം തന്നെ അനുദിനം മാറിക്കൊണ്ടിരിക്കുന്ന ചികിത്സാരീതികളും, ചികിത്സാനിയമങ്ങളും, സർക്കാർ - സർക്കരിതര നിയന്ത്രണങ്ങളും ശൈലികളും മാനദണ്ഡങ്ങളുമെല്ലാം ചേർന്ന് ക്രൈസ്തവ ആശുപത്രികൾക്ക് നേരേ പടച്ചുവിടുന്ന തിട്ടൂരങ്ങളും തെല്ലൊന്നുമല്ല ഇത്തരം സ്ഥാപനങ്ങളുടെ നേരേ ഉയർത്തുന്ന വെല്ലുവിളികൾ.

ക്രിസ്ത്യൻ ആശുപത്രികൾ സവിശേഷമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു എന്നിരുന്നാലും അവരുടെ ദൗത്യ-സേവന- സമർപ്പണ സമീപനവും, സമൂഹത്തിൽ പുറംതള്ളപ്പെട്ടവരേയും ആലംബഹീനരേയും പരിഗണിക്കുവാനും പരിചരിക്കുവാനുമുള്ള അചഞ്ചലമായ പ്രതിബദ്ധതയും അവരെ ഈ വെല്ലുവിളികൾക്കിടയിലും ആഗോള ആരോഗ്യ രോഗീപരിചരണ മേഖലകളിൽ സുപ്രധാന സംഭാവനകൾ നല്കുന്നതിൽ മുൻപന്തിയിൽ നിലനിർത്തുന്നു. നൂതനപരിഹാര സഹകരണ ശ്രമങ്ങളിലൂടെ ഈ വെല്ലുവിളികളെ അഭിമുഖീകരിച്ച്, അനുകമ്പയും സമഗ്രമായ പരിചരണം എന്ന ഏക ദൗത്യം നിറവേറ്റുന്നത് തുടരുവാനും, ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരാൾക്ക് വേണ്ടി നിങ്ങൾ ചെയ്യുന്നതെന്തും, നിങ്ങൾ എനിക്കായി ചെയ്യു". എന്നത് ജീവിതത്തിൽ പകർത്തുവാനും, വിശ്വാസവും സ്ഥിരോത്സാഹവും സമൂഹത്തിന്റെ പിന്തുണയുമുണ്ടെങ്കിൽ ക്രിസ്ത്യൻ ആശുപത്രികൾക്ക് ഈ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാനും അരോഗ്യ രോഗീപരിചരണത്തിൽ പ്രതീക്ഷയുടെ കെടാവിളക്കുകളായി നിലകൊള്ളാനും കഴിയും. ●



കഥ

# ക്രിസ്തുമസ് ഹോളിഡേയ്സ്

ഡോ. മഞ്ജു ഇഗ്നേഷ്യസ്



മഞ്ഞയും ചുവപ്പും കലർന്ന ബോഗെയ്ൻവില്ല പൂക്കളുടെ അകമ്പടിയോടെ ആ വലിയ വീടിന്റെ കറുത്ത കൂറ്റൻ ഗേറ്റ് ആകാംക്ഷയോടെ മലർക്കെതുറന്ന് കാത്ത് കിടന്നു... ഏഴെട്ട് വർഷങ്ങളായി പല പല തിരക്കുകൾ കാരണം നാട്ടിലെത്താൻ കഴിയാത്ത മക്കളെ കാത്തൊരമ്മ!! ഒരിറ്റ് സ്നേഹത്തിനായുള്ള മനസ്സിന്റെ വിങ്ങൽ വലിയൊരു സ്ട്രോക്കിലെത്തിച്ചു. അല്പസ്വല്പം അറിഞ്ഞും കൂടുതലും അറിയാതെയും രാവും പകലും കൊഴിഞ്ഞു വീണു. ചുറുചുറുക്കോടെ നാല് പൊന്നോമനകളെ വളർത്തി വലുതാക്കി. . . കൈയെത്താവുന്നതിലധികം സൗഭാഗ്യങ്ങൾ നൽകി ദൈവം അവരെ അനുഗ്രഹിച്ചു. നാലുപേരും വിദേശരാജ്യങ്ങളിൽ ആറക്കശമ്പളം വാങ്ങുന്ന ജോലിക്കാരായി. നാലാമത്തെയാൾ പോകാനൊരുങ്ങിയപ്പോൾ വിലക്കണമെന്നു തോന്നി. അവന്റെ ഉത്സാഹവും ദൃഢനിശ്ചയവും കണ്ടപ്പോൾ തടയാൻ തോന്നിയില്ല.



പറക്കമുറ്റാത്ത നാലെണ്ണത്തിനെ സമ്മാനിച്ച് പ്രിയപ്പെട്ടവൻ യാത്രയായപ്പോൾ താങ്ങായും തണലായും സാന്ത്വനത്തിന്റെ താരാട്ടു പാടാൻ, കൈപിടിച്ച് നടത്താൻ കൂടപ്പിറപ്പുകളും വയസ്സായ മാതാപിതാക്കളും ഉണ്ടായിരുന്നു. ഏറ്റവും ഇളയവളും ഒറ്റ സഹോദരിയുമായതുകൊണ്ട് ആങ്ങളമാർക്കൊക്കെ വലിയ സ്നേഹവും കരുതലും. നാലുമക്കളും കണ്ണടച്ചു തുറക്കും മുമ്പേ വളർന്നു വലുതായി. മൂത്തവനു പതിനാറു കഴിഞ്ഞപ്പോൾ അപ്പനും

അമ്മയും മരിച്ചു കഴിഞ്ഞു. പിന്നെ ഒന്നൊന്നായി സഹോദരങ്ങളും. ഒറ്റപ്പെടലിന്റെ വേദന ഉള്ളിലൊതുക്കി. മക്കളുടെ പഠനം, അതിനുവേണ്ട പണം നേടൽ ഇതൊക്കെയായി മനസ്സിൽ. നല്ലവണ്ണം അദ്ധ്വാനിച്ചു. ഒരു കുറവും അവർക്കു വരുത്തിയില്ല. എല്ലാവരും ഉന്നതവിദ്യാഭ്യാസം നേടി. അപ്പച്ചൻ തന്ന ഭൂസ്വത്തിൽ വലിയൊരു ഭാഗം വിറ്റ് രണ്ടുപേരെ ജോലിക്കായി വിദേശത്തയച്ചു. അവർക്കവിടെ നല്ല ജോലിയും. മെച്ചപ്പെട്ട ജീവിത ചുറ്റുപാടുകൾ. . . അവരുടെ വിവാഹങ്ങൾ. . . നാലാമനും കൂടുവിട്ടുപോയി. മനസ്സ് വിങ്ങിപ്പൊട്ടി. പൊന്നോമനകൾ പറന്നകന്ന ആകാശം നോക്കി അമ്മക്കിളി നെടുവീർപ്പിട്ടു. രാത്രിയുടെ ഏകാന്തയാമങ്ങളിൽ കൈവിരിച്ച് തന്റെ മക്കളുടെ നന്മയ്ക്കായി എത്രയെത്ര കരുണക്കൊന്തകൾ. . . വലുതായതിനുശേഷവും മടിത്തട്ടിൽ കിടന്ന് കഥകേട്ടുറങ്ങിയിരുന്ന പൊടിമോളുടെ സാമീപ്യം സങ്കല്പിക്കും. തള്ളയുടെ ചിറകിലൊതുങ്ങിയ ബാല്യകാലങ്ങൾ, കുസൃതികൾ. . . അവരോടൊത്തുള്ള നല്ല ദിവസങ്ങളുടെ ഓർമ്മകൾ അയവിറക്കി. . . എല്ലാ രാത്രികളിലും കണ്ണീരിൽ നനഞ്ഞു കുതിരുന്ന തലയണകൾ. . . എങ്കിലും എന്നും ഉറക്കച്ചടവുള്ള കണ്ണുകളോടെ പ്രഭാത ദിവ്യബലിക്കായ് പള്ളിയിൽ എത്തിച്ചേരും. പ്രാർത്ഥനകളെല്ലാം മക്കളുടെ നന്മയ്ക്കായ് തിരുസന്നിധിയിലർപ്പിക്കും.

കൂട്ടായുള്ളത് കാർത്തിയും മകളുമാണ്. 20 വർഷങ്ങൾക്കു മുമ്പ് തമിഴ്നാട്ടിൽനിന്ന് മൂത്ത ആങ്ങളയാണ് അവരെ കൂട്ടിനായി കൊണ്ടുവന്നത്. . . നാട്ടിൽ ഒരു അനുജത്തി മാത്രമാണ് കാർത്തിക്കുള്ളത്. ഏതോ വലിയ വീട്ടിൽ ജോലിക്കു നിന്നപ്പോൾ ആരോ സമ്മാനിച്ച കുഞ്ഞാണ് 'രുക്കു'. അവൾക്കന്ന് രണ്ടു വയസ്സായിരുന്നു. തമിഴാണെങ്കിലും പെട്ടെന്നു തന്നെ ഭാഷ വശമാക്കി. മകളെ അടുത്ത സ്കൂളിൽ വിട്ട് പഠിപ്പിച്ചു. അതു കഴിഞ്ഞ് അടുത്ത ആശുപത്രിയിൽ നഴ്സിംഗിനും. എട്ടു വർഷമായി കാർത്തി ഈ ലോകത്തോടു വിടപറഞ്ഞിട്ട്. അനാഥയായ രുക്കുവിനെ സ്വന്തം മകളായി വളർത്തി.

ആദ്യമാദ്യം രണ്ടുവർഷത്തിലൊരിക്കൽ എല്ലാ മക്കളും മാറിമാറി നാട്ടിൽ വരുമായിരുന്നു. പിന്നെപ്പിന്നെ രണ്ട് നാലാകാൻ തുടങ്ങി.. . എല്ലാവർക്കും തിരക്കാണ്. പിള്ളേരുടെ പഠിത്തം. . . ലീവ് കിട്ടില്ല. . . ഭാര്യമാരുടെ ജോലി, പ്രസവം ഇങ്ങനെ അസൗകര്യങ്ങളുടെ നീണ്ട നിര. . . ഒന്നു വന്നിട്ടു പോ മക്കളേ. . . യാചനാസ്വരത്തിൽ മക്കളോട് പലപ്രാവശ്യം കെഞ്ചി. അമ്മയുടെ കൂട്ടിന് രുക്കു ഉണ്ടല്ലോ. . . പോരെങ്കിൽ ജോസഫേട്ടൻ ബാക്കി എല്ലാകാര്യങ്ങളും നോക്കും. അമ്മയ്ക്ക് വീഡിയോ കോൾ ചെയ്യാം. . . വീട്ടിലെ എല്ലാ വശത്തുമുള്ള ക്യാമറ എപ്പോഴും ഞങ്ങളുടെ ഫോണിൽ ഓണാക്കാം. . . അങ്ങനെ എല്ലാ അറിയേം കാണേം ചെയ്യാം. . . വരാനായി വളരെ ബുദ്ധിമുട്ടാണ്. ലീവില്ല. . . അമ്മ നമ്മുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്ക്. . . ആ പിന്നെ അമ്മേ, ആരെയും കൂടുതലായി അടുപ്പിക്കരുത്. ഒറ്റ എണ്ണത്തിനേയും വിശ്വസിക്കാൻ പറ്റൂല്ല. . . നല്ലൊരു ലാബർഡോഗിനെ ജോസഫേട്ടൻ കൊണ്ടുവരും. ഒന്നും പേടിക്കേണ്ട. ഒന്നുകൊണ്ടും വിഷമിക്കേണ്ട. ബൈ. . . ബൈ. . . ഓഫീസിന് സമയമായി. . . ഏറ്റവും ഇളയമകന്റെ വീഡിയോ കോൾ അവസാനിച്ചു. ആരെ വിളിച്ചാലും ഇതേ ടോണിലെ സമാധാനിപ്പിക്കലുകൾ - നിർദ്ദേശങ്ങൾ, ഒഴിഞ്ഞുമാറലുകൾ. . . അമ്മച്ചീ എന്തു ചെയ്യണമ്മാ. . . അയ്യോ. . . ക്യാമറയുടെ വയറുകളും എല്ലാം വലിച്ചിളക്കിയല്ലോ. . . രുക്കു തടഞ്ഞു. . . ഈ കുന്ത്രാണ്ടങ്ങളൊന്നും എനിക്ക് വേണ്ട രുക്കൂ. . . അവർ ഈ ക്രിസ്തുമസിനെങ്കിലും വരുമെന്നു പറഞ്ഞതല്ലേ. . . ഇപ്പോൾ ആർക്കും സമയമില്ലത്രേ. . . അവർക്കു തിരക്കായതുകൊണ്ടല്ലേ അമ്മച്ചീ. . . ഹോ എന്തു തിരക്ക്. . . പോക്കുവെയിലിന്റെ മങ്ങിയ വെളിച്ചത്തിൽ നിരാശയുടെ പുകമറയിൽ കനത്ത നെടുവീർപ്പുകൾ. . .

അമ്മച്ചീ രാത്രി പത്തുകഴിഞ്ഞു അത്താഴം വിളമ്പി. വാ വന്നു കഴിക്ക് രുക്കു നിർബന്ധിച്ചു. . . അമ്മച്ചി കഴിച്ചില്ലേൽ ഞാനും തൊടില്ല. . . എന്റെ പൊന്നമ്മച്ചിയല്ലേ, സുന്ദരിക്കുട്ടി വാ. വന്നു കഴിക്ക് അവളുടെ കൊഞ്ചലിൽ പരിഭവങ്ങൾ, പിണക്കങ്ങൾ തെല്ലു മാഞ്ഞു. വിളക്കുകൾ കെടുത്തി ഉറങ്ങാൻ കിടന്നു. എന്നും പതിവുള്ള കട്ടൻകാപ്പിയിട്ട് രുക്കു രാവിലെ അമ്മച്ചിയുടെ അടുത്തെത്തി. . . അയ്യോ ഓടിവരണേ. അമ്മച്ചി ചോരയിൽ കുളിച്ചു കിടക്കുന്നു. . . രുക്കുവിന്റെ നിലവിളി കേട്ട് ജോസഫേട്ടനും അയൽക്കാരുമോടിക്കൂടി. ഗ്രാനൈറ്റിട്ട തറയിൽ തലയിടിച്ചു വീണ്. . . ബോധം പോയി. . . പെട്ടെന്ന് ആശുപത്രിയിലെത്തിച്ചു. സീരിയസ്സാണ് മക്കളെ അറിയിക്കാൻ ഡോക്ടർമാർ നിർദ്ദേശിച്ചു. എല്ലാവരും എത്തി. ഐ.സി.യു.വിൽ 12 ദിവസം കിടന്നിട്ടും ഇംപ്രൂവ്മെൻറില്ല. . . ഇനി വേറെ വിശേഷമായൊന്നും സംഭവിക്കില്ല. അവസാനം വരെ ഈ കിടപ്പു തുടരും. എന്തു ചെയ്യണമെന്ന് മക്കളെല്ലാം അസ്വസ്ഥരായി. ഞങ്ങൾ നോക്കിക്കൊള്ളാം. . . ജോസഫേട്ടന്റെ ഉറപ്പിൽ എല്ലാവരും അടുത്ത വിമാനത്തിൽ പറന്നകന്നു. . . അങ്ങനെ നീണ്ട ഏഴു വർഷങ്ങൾ കടന്നുപോയി. ഫിസിയോ തെറാപ്പിയും ചികിത്സകളും മുറയായി നടന്നു. ഉള്ളിൽ ചെറിയ ഓർമ്മയുണ്ട്. ചലനവും, സംസാരവും ഇല്ല. കണ്ണുകൾ പലപ്പോഴും നിറഞ്ഞൊഴുകും. കാഴ്ചക്കാരുടെ എണ്ണം കൂടിക്കൂടിവന്നു.

മക്കളുടെ നിർദ്ദേശപ്രകാരം വീടിന്റെ കൂറ്റൻഗേറ്റ് എല്ലാവർക്കും മുന്നിൽ അടഞ്ഞു കിടന്നു. അങ്ങനെ കഴിഞ്ഞയാഴ്ച മക്കളെല്ലാം അവധിക്ക് നാട്ടിലെത്തുന്നു എന്ന് അറിയിപ്പുണ്ടായി. വീടും ചുറ്റുപാടുകളും നന്നായി ഒരുക്കി; ജോസഫേട്ടന്റെ പുൽക്കൂടും തോരണങ്ങളും ലൈറ്റുകളും കൊണ്ട് ഉമ്മറം ഗംഭീരമായി. മക്കൾ കുടുംബസമേതമെത്തിത്തുടങ്ങി. അമ്മച്ചിയുടെ അടുക്കൽ അല്പനേരം നിന്നിട്ട് എല്ലാവരും ക്രിസ്മസ് ആഘോഷപ്പൂത്തിരികൾ കത്തിച്ചു. പതഞ്ഞു പൊങ്ങുന്ന മദ്യത്തിലും ഫൈവ്സ്റ്റാർ ഹോട്ടലുകളിൽനിന്നും വരുത്തിയ മുന്തിയ ഭക്ഷണങ്ങളിലും ആഹ്ളാദം കത്തിപ്പടർന്നു. അമ്മച്ചിയുടെ ഉള്ളറിയുന്നില്ലേ ഈ ആഘോഷങ്ങൾ. . . രുക്കു

കണ്ണീരൊപ്പി. . . കിടപ്പു രോഗിയുടെ മുറിയിൽ വരാൻ എല്ലാവർക്കും മടി. മൂക്കിൽ വിരൽ വച്ച് ശ്വാസമടക്കി പെട്ടെന്നു കടന്നുകളയും. ആഗ്രഹിച്ച തലോടലുകൾ, ചുംബനങ്ങൾ ഒന്നും. . . ഒന്നും ഇല്ല. വല്ലാത്ത അവഗണന. . . പാതിരാത്രിയിലും കുടിയും തീറ്റയും തുടർന്നു. ആണും പെണ്ണും ആടിപ്പാടി മദ്യപിക്കുന്നത് കണ്ട് രുക്കു അമ്പരന്നു. നാക്കുകുഴഞ്ഞുകൊണ്ട് മകളുടെ ഡോക്ടർ ഭർത്താവ്. . . എടാ ടോമിയേ അമ്മച്ചി ഇങ്ങനെ ഏഴെട്ടു വർഷങ്ങളായി കിടന്നു നരകിയ്ക്കുന്നു. ഇങ്ങനെയിട്ട് കഷ്ടപ്പെടുത്താനും നമുക്കൊരു മേഴ്സി കില്ലിങ്ങായാലെന്താ. . . എല്ലാവരും പരസ്പരം നോക്കി. ഏറ്റവും ഇളയമകൻ മാത്രം മുഖം കുനിച്ചിരുന്നു. എന്താ പൊടിമോന് പിടിച്ചില്ലേ. കയ്യിൽ പതയുന്ന ചില്ലുഗ്ലാസ്സുമായി അവന്റെ ഭാര്യ - താടിപിടിച്ചുയർത്തി - ആ കത്തുന്ന കണ്ണുകൾക്കു മുന്നിൽ അവൻ അനുസരണയുള്ള ഒരു പട്ടിയെപ്പോലെ സമ്മതം അറിയിച്ചു. ഒരെണ്ണംകൂടി. . . മൂത്തവൻ ഗ്ലാസ്സ് നീട്ടി. . . അവന്റെ ഭാര്യ താറാവ് വറുത്തതും പന്നി വരട്ടിയതും കൂട്ടി രണ്ട് ഗ്ലാസ്സ് നിറച്ചു.

വാതിലിന്റെ മറപറ്റി നിന്നിരുന്ന രുക്കുവിന്റെ കൈവിറച്ചു. അവളുടെ കൈയിലെ പാത്രം പിടിവിട്ട് താഴെ വീണു. "അമ്മച്ചിയെ ഒന്നും ചെയ്യല്ലേ. . . ഞാൻ പൊന്നുപോലെ നോക്കിക്കൊള്ളാം. അവൾ യാചനയോടെ അലമുറയിട്ടു. ഓ നീ ഇവിടെയുണ്ടായിരുന്നോ. . . ഞങ്ങൾ ഒരു തമാശ പറഞ്ഞതല്ലേ കൊച്ചേ. . . മരുമകനെ പിന്താങ്ങി മക്കളും മറ്റു മരുമക്കളും. . . ജോസഫ് അവളെ അവിടെ നിന്നു വലിച്ചുകൊണ്ടുപോയി. നേരം വെളുക്കുവോളം ഉറങ്ങാൻ കഴിഞ്ഞില്ല. . . വല്ലാത്ത ഭയം അവളെ വേട്ടയാടി. നേരം പുലരാറായപ്പോൾ തെല്ലൊരു മയക്കത്തിലായി.

രുക്കു. . . രുക്കു. . . എന്താ ജോസഫേട്ടാ. . . ആ മോളെ നീ നിന്റെ പെട്ടിയൊക്കെ എടുക്ക്. . . ആവശ്യമുള്ളതെല്ലാം എടുത്തോ. നിന്റെ നാട്ടിൽ പോകാനാ. . . 9 മണിക്ക് ട്രെയിൻ. അമ്മച്ചിയെ മക്കൾ കൂടെ കൊണ്ടു പോണ്. അവൾ ഒന്നും പറയാൻ പറ്റാതെ സ്തംഭിച്ചു നിന്നു. ഒരു ദീനരോദനം ആ തൊണ്ടയിൽ കുടുങ്ങി. എന്ന്. . .? ആ ഇന്നു തന്നെ. അതിനുമുമ്പ് നിന്നെ നിന്റെ നാട്ടിൽ സുരക്ഷിതമായി എത്തിക്കാൻ പറഞ്ഞു. നിന്റെ ചിത്തിയെ വിളിച്ചു ഞാൻ പറഞ്ഞു. കുറച്ചു സ്വർണ്ണവും അത്യാവശ്യം കാശുമൊക്കെ നിനക്കവർ തരും. ഞാൻ പോകില്ല ജോസഫേട്ടാ. . . അമ്മച്ചിയെ അവർ കൊല്ലും. . . ഞാൻ കേട്ടതാണ്. അനാവശ്യം പറയണോ? . . നിന്റെ പാടുനോക്കി നീ പോകാൻ നോക്ക്. കൂടുതൽ അധികാരം എടുക്കണ്ട. അവരൊക്കെ വലിയോര്. . . നമ്മൾ വെറും കൃമികള്. . . നീ ഒന്നും അറിഞ്ഞില്ല. . . കണ്ടില്ല. . . കേട്ടില്ല. . . രാത്രിയിലെ മദ്യം പകർന്ന ചുവന്ന കണ്ണുരുട്ടി. . . ജോസഫിന്റെ ആജ്ഞാസ്വരം. . . ഉം. പെട്ടെന്ന് റെഡിയാക്. .. അയാളുടെ ഭാവപ്പകർച്ച അവളെ പേടിപ്പെടുത്തി. അത്യാവശ്യമുള്ള കുറച്ചു ഡ്രസ്സുമാത്രമെടുത്ത് അവൾ അമ്മച്ചിയുടെ മുറിയിലെത്തി കെട്ടിപ്പിടിച്ച് ഉമ്മവച്ചു. ഏങ്ങലുകൾ ശക്തമായപ്പോൾ ജോസഫ് അവളെ പിടിച്ചുമാറ്റി. . . എന്റെ പൊന്നമ്മച്ചീ. . . ആ കണ്ണുകൾ ചലിച്ചു. . . നിറഞ്ഞൊഴുകി. . . പോകരുതെന്ന് യാചിക്കുന്നോ? അയാൾ അവളെ ബലം പ്രയോഗിച്ച് മുറിക്ക് വെളിയിലാക്കി താഴിട്ടുപൂട്ടി. നിസ്സഹായയായി അവൾ തളർന്നു വീണു. വേഗം നടക്ക്, ഭയാനകമായ ആജ്ഞാസ്വരം. . . കറുത്ത പട്ടികൾ അടുത്തടുത്തു വരുന്നുവോ? അപ്പൂപ്പൻ മരിക്കാറായപ്പോൾ ഏതോ രണ്ടു കറുത്ത പട്ടികൾ വീടിന്റെ പിന്നാമ്പുറത്ത് പതുങ്ങി നടന്ന കാര്യം അമ്മ പറഞ്ഞിട്ടുള്ളത് അവളുടെ ഓർമ്മയിൽ തികട്ടി വന്നു. ●

**കവിത**

# വിശപ്പിൽ കുതിർന്ന അഞ്ചപ്പം

കെ. എഫ്. രാജേഷ്



വിശപ്പിൽ കുതിർന്ന
അഞ്ചപ്പത്തിനു
ചോരയുടെ ചുവയായിരുന്നുവെന്ന്
തിന്നവരാരും അറിഞ്ഞേയില്ല.
അലിവിന്റെ ചിത്രത്തിൽ
പാപവിഷച്ചാർത്ത് പുണ്യമായത്
കല്ല് കൊണ്ടുവന്നോരുമറിഞ്ഞേയില്ല.
നാണയത്തിൽ കണ്ണുടക്കാതെ
നാണയക്കാരനെ ചേർത്തതും
ചുംബനക്കാരൻ അറിഞ്ഞേയില്ല.
നഗ്നതയൊരു തീച്ചൂടിൽ പുതച്ച്,
നടനമാടിയതും മാറത്തു,
ചാഞ്ഞവൻ അറിഞ്ഞേയില്ല.
ഒടുവിലമ്മതൻ വിലാപവും,
അപ്പന്റെ കണ്ണുനീരും, അപ്പം
തിന്നവരാരും അറിഞ്ഞേയില്ല.





# കാനോൻ നിയമം
# വിവാഹവും അവിഭാജ്യഘടകങ്ങളും



ഫാ. ജോസ് ജി. (അതിരൂപത ചാൻസിലർ)

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1055 1062, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 1601-1617 എന്നിവയാണ് വിവാഹവും അതിന്റെ അവിഭാജ്യഘടകങ്ങളും വിശദമാക്കുന്നത്. അവയുടെ നിർവ്വചനമനുസരിച്ച് വിവാഹമെന്നാൽ:

1) സ്ത്രീയും പുരുഷനും തമ്മിൽ ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന പങ്കാളിത്തം സ്ഥാപിക്കുന്നതിനുള്ള ഉടമ്പടി.

2) ഈ ഉടമ്പടി അതിന്റെ സ്വഭാവത്താൽ തന്നെ;

i) ദമ്പതികളുടെ നന്മയ്ക്കുവേണ്ടിയുള്ളതാണ്;

ii) സന്താനോത്പാദനത്തിനും കുട്ടികളുടെ / മക്കളുടെ പരിപാലനത്തിനും വേണ്ടിയുള്ളതാണ്. പരിപാലനമെന്നത് CCC 1601, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ, ലോകത്തിന്റെ പ്രകാശം (GS) 48 എന്നിവ 'വിദ്യാഭ്യാസം' എന്നാണ് ഉപയോഗിക്കുന്നത്.

3) ഈ ഉടമ്പടി ജ്ഞാനസ്നാനം സ്വീകരിച്ച (രണ്ടു) വ്യക്തികൾ (ക്രിസ്ത്യാനികൾ) തമ്മിലാകുമ്പോൾ വിവാഹം ഒരു കൂദാശയാണ്.

**വിവാഹത്തിന്റെ അവിഭാജ്യഘടകങ്ങൾ**

വിവാഹത്തിന് സത്താപരമായ ഘടകങ്ങളുടെ അടിത്തറ മത്തായി എഴുതിയ വിശുദ്ധ സുവിശേഷം 19:6 വിവരിക്കുന്നു: "പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ആകയാൽ, ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ". അതനുസരിച്ച്, വിവാഹത്തിന് സത്താപരമായ രണ്ട് ഘടകങ്ങളാണുള്ളത്: (1) ഏകത്വം (2) അവിഭാജ്യം / വേർപെടുത്താൻ പാടില്ലാത്തത്. ക്രിസ്തീയ വിവാഹത്തിൽ കൂദാശയെന്ന നിലയിൽ സത്താപരമായ ഘടകങ്ങൾക്ക് പ്രത്യേക ദൃഢത ലഭിക്കുന്നു.

CIC 1058 പ്രകാരം, നിയമത്താൽ നിരോധിക്കപ്പെട്ടിട്ടില്ലാത്ത എല്ലാവർക്കും വിവാഹത്തിൽ ഏർപ്പെടാവുന്നതാണ്. CIC 1059 പ്രകാരം, ഒരു പങ്കാളിമാത്രം കത്തോലിക്കാ വിശ്വാസിയാണെങ്കിൽപോലും കത്തോലിക്കരുടെ വിവാഹത്തിന് ദൈവിക നിയമവും കാനോൻ നിയമവും ബാധകമാണ്. എന്നാൽ വിവാഹത്തിന്റെ കേവലം സിവിൽപരമായ ഫലങ്ങൾ നിർണയിക്കാനുള്ള അധികാരം സിവിൽ അധികാരികൾക്കാണുള്ളത്. ●



ലേഖനം

# ലഹരി സൃഷ്ടിക്കുന്ന മാരക അവസ്ഥകൾ

എം. ജോൺസൺ റോച്ച്



സമൂഹത്തിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനവും ഉപയോഗവും ക്രമാതീതമായി വർദ്ധിച്ചുവരുന്നു. ഇവ രണ്ടും സമൂഹത്തെ ബാധിക്കുന്ന ഏറ്റവും രൂക്ഷമായ വിപത്തുകളിൽ ഒന്നാണ്. സമൂഹത്തിലെ മറ്റേത് വിപത്തുകളെക്കാളും ഭീകരമാണ് ലഹരി ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന വിപത്തുകൾ. ഇതിന്റെ ഉപയോഗം, ആസക്തി ജനിപ്പിക്കുകയും സാധാരണയുള്ള ബോധത്തിന്റെ നിയന്ത്രണങ്ങൾ ഇല്ലാതാക്കുകയും ചെയ്യുന്നു. ഈ ആസക്തി മനുഷ്യനിൽ ശാരീരികവും മാനസികവുമായി ലഹരിയിൽ വിധേയത്വം (അഡിക്ഷൻ) സൃഷ്ടിക്കുകയും ക്രമേണ അവനെ തികഞ്ഞ രോഗിയാക്കി മാറ്റുകയും ചെയ്യുന്നു. ഇത് ലഹരി ഉപയോഗിക്കുന്ന വ്യക്തികളെ മാത്രമല്ല, കുടുംബങ്ങളെയും സമൂഹത്തെയും ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കു

# Say NO To DRUG



ന്നു. മുതിർന്നവർക്കിടയിൽ കൂടുതലും മദ്യമാണ് ലഹരിയെങ്കിൽ, യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ഇടയിൽ കൂടുതലും മയക്കുമരുന്നാണ് ലഹരി. യുവാക്കളും കൗമാരക്കാരും ഉൾപ്പെടെ സ്ത്രീ-പുരുഷഭേദമെന്യേ എത്രയോ പേർ മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ലഹരി വലയിൽ കുടുങ്ങിക്കിടക്കുന്നു.

ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവർ അതിന്റെ ആശ്രയത്വത്തിലേക്ക് എത്തിക്കഴിഞ്ഞാൽ, അവരുടെ മാനസികാവസ്ഥയിൽ പെട്ടെന്ന് മാറ്റങ്ങൾ ഉണ്ടാക്കുന്നു. വിശപ്പില്ലായ്മ, മയക്കം, വിളർച്ച, ഭക്ഷണത്തിലെ മാറ്റം, വ്യക്തി ശുചിത്വമില്ലായ്മ എന്നിവ യിലേക്ക് കൊണ്ടെത്തിക്കുന്നു. ഇവർ വേച്ചുവേച്ചു പോകുന്ന ഒരവസ്ഥയിലേക്ക് എടുത്തെറിയപ്പെടുന്നു. ചോരക്കണ്ണുകൾ, ചുരുങ്ങിയ കൃഷ്ണമണികൾ ഇവ ലഹരി അമിതമായി ഉപയോഗിക്കുന്നവരുടെ ലക്ഷണങ്ങളാണ്. ബുദ്ധി, ഓർമ്മ, ആത്മനിയന്ത്രണം ഇവ പൂർണ്ണമായും ഇല്ലാതാക്കുന്നു. ഏകാന്തത ഇഷ്ടപ്പെടുക, കൃത്യനിഷ്ഠ ഇല്ലായ്മ എന്നിവയിൽ എത്തിച്ചേരുന്നു. മോഷ്ടിക്കുക, കള്ളം പറയുക, പതിവായി കടംവാങ്ങുക. സ്വന്തം സാധനങ്ങൾ വില്ക്കുക, ലൈംഗിക അതിക്രമം നടത്തുക, ആക്രമണാസക്തരാകുക മുതലായ പ്രവർത്തികളും കുറ്റകൃത്യങ്ങളും ലഹരിയുടെ അമിത ഉപയോഗത്തിന്റെ ദുരന്തഫലങ്ങളാണ്. കൊലപാതകങ്ങൾ, ആത്മഹത്യ, ശാരീരിക പീഡനങ്ങൾ എന്നിവയിലേക്ക് വ്യക്തികളെയും കുടുംബത്തെയും കൊണ്ടെത്തിക്കുന്നു. ഇത്തരത്തിൽ മനുഷ്യമനസുകളെ ഭീതിയുടെയും ഉത്കണ്ഠയുടെയും മുൾമുനയിൽ നിർത്തുന്ന ഒരു പ്രതിഭാസമായി ലഹരി സാധനങ്ങൾ മാറിയിരിക്കുകയാണ്.

ദുഃഖം, വിഷാദം, മാനസിക സമ്മർദ്ദം എന്നിവ പലരെയും മദ്യത്തിലും മയക്കുമരുന്നിലും അഭയം തേടാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. മാനസിക സമ്മർദ്ദം കുറയ്ക്കാനായി തുടങ്ങുന്ന ലഹരി ഉപയോഗം അവസാനം അതിനു അടിമകളാക്കി തീർക്കുന്നു. ലഹരിവസ്തുക്കൾ അറിയാതെ കഴിച്ചാൽ പോലും ഒന്നോ രണ്ടോ പ്രാവശ്യം കൊണ്ടുതന്നെ ആസക്തി ഉളവാക്കുന്നവയാണ്. ലഹരിയുടെ ഉപയോഗം ക്ഷണികമായ ആനന്ദവും ദൂരവ്യാപകമായ പാർശ്വഫലങ്ങളുമാണ് ഉണ്ടാക്കുന്നത്. ഒരു തമാശയ്ക്കുവേണ്ടി, സുഹൃദ്ബന്ധങ്ങളുടെ ഊഷ്മളത നിലനിർത്താനായി, അല്ലെങ്കിൽ ആഘോഷാ വസരങ്ങളിൽ അതുമല്ലെങ്കിൽ ഉന്മാദമെന്തെന്നറിയാനായി ഉപയോഗിച്ചു തുടങ്ങുന്ന മദ്യം ഇടവേളകൾ കുറഞ്ഞു മാസങ്ങളിലേക്കോ, ആഴ്ചകളിലേക്കോ ചുരുങ്ങി നിത്യജീവിത ത്തിന്റെ ഭാഗമായി മാറുന്നു. പിന്നീട് മദ്യം ശരീരത്തിലില്ലാതെ ജീവിക്കാനാവില്ലെന്ന തോന്നലിൽ എത്തുന്നു. അതോടെ ഒരു കൃത്യമായ അളവ് മദ്യം ഉപയോഗിക്കാതിരിക്കുമ്പോൾ അസ്വസ്ഥതയുണ്ടാകുന്നു. മദ്യം ശരീരത്തിൽ ഇല്ലാതെ വരുമ്പോൾ വിറയൽ (withdrawal) ലക്ഷണങ്ങൾ ഉണ്ടാക്കുന്ന അവസ്ഥയിലെത്തുന്നു. ഈ അവസ്ഥയിൽ എത്തിക്കഴിഞ്ഞാൽ മദ്യത്തിന്റെ ഉപയോഗമില്ലാതെ ശാരീരികവും മാനസികവുമായി ചെയ്യുന്ന പ്രവർത്തികൾ ചെയ്യാൻ സാധിക്കാതെ വരുന്നു.

അമിതമായ അഭിനിവേശം ഉണ്ടാക്കുന്ന അവസ്ഥയാണ് ആസക്തി. ഈ ആസക്തി വീണ്ടും വീണ്ടും മദ്യം ഉപയോഗിച്ചുകൊണ്ടിരിക്കാനുള്ള ത്വരയിലെത്തിക്കുന്നു. ലഹരി പദാർത്ഥങ്ങൾ പെട്ടെന്ന് ന്യൂറോ ട്രാൻസ്മീറ്ററിലൂടെ തലച്ചോറിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നു. തലച്ചോറിലെ രാസപദാർത്ഥങ്ങളായ ന്യൂറോ ട്രാൻസ്മീറ്റേഴ്സിനെയാണ് മദ്യം സ്വാധീനിക്കുന്നത്. പിന്നീട് ന്യൂറോ ട്രാൻസ്മീറ്റേഴ്സിനു മദ്യംകിട്ടാതെ ആക്ടീവാകാത്ത ഒരവസ്ഥയിൽ എത്തിച്ചേരുന്നു. അങ്ങനെ വിത്ഡ്രോവൽ സിംറ്റംസ് ഉള്ള വ്യക്തികളുടെ ശരീരത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന സന്ദേശങ്ങൾ ഇന്ദ്രിയങ്ങൾക്ക് സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയിൽ കാര്യങ്ങൾ വിശകലനം ചെയ്യാൻ കഴിയാതെ വരുന്നു. അങ്ങനെ ശാരീരകവും മാനസികവുമായ വിധേയത്വവും അടിമത്തവും ഉറപ്പാക്കുന്നു. ഈ അവസ്ഥയിലെത്തുമ്പോൾ സ്വന്തം തൊഴിലിനെക്കുറിച്ചുള്ളബോധം കുറഞ്ഞു വരുന്നു. കുടുംബം, സമൂഹം എന്നിവ ഇവരുടെ മുന്നിൽ അപ്രസക്തമാകുന്നു. ജീവിതം ലഹരി കേന്ദ്രീകൃതമായിത്തീരുമ്പോൾ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടുപോകുന്നു. അക്രമങ്ങൾ കാണിക്കുന്നു. മറ്റെല്ലാം നഷ്ടപ്പെട്ടാലും ലഹരി ഉറപ്പാക്കുക മാത്രമായിത്തീരുന്നു ഇവരുടെ ജീവിതലക്ഷ്യം. ഏതവസരത്തിലും ലഹരിയെക്കുറിച്ചു മാത്രം ചിന്തിക്കുന്ന ഒരു വ്യക്തിയായി രൂപാന്തരം പ്രാപിക്കുന്നു.

മദ്യവും മയക്കുമരുന്നുകളും ശാരീരിക മാനസിക വ്യാപാരങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഒരാളിന്റെ പ്രവർത്തനക്ഷമത അയാളറിയാതെ തന്നെ ചോർന്നുപോകുന്നു. അങ്ങനെ ഇവർക്ക് സ്വന്തം തൊഴിലിനോടുള്ള താല്പര്യം കുറഞ്ഞുവരുന്നു. ക്രമേണ അതു ഉപേക്ഷിക്കുകയും ചെയ്യുന്നു. മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചെത്തിയാൽ അതിന്റെ ക്ഷീണമകറ്റാനും കടലിൽ അദ്ധ്വാനിക്കാനുള്ള ശാരീരിക ക്ഷമത വർദ്ധിപ്പിക്കാനും മദ്യം ആവശ്യമാണെന്നൊരു തെറ്റായബോധം മത്സ്യത്തൊഴിലാളികൾക്കിടയിൽ നിലവിലുണ്ട്. യഥാർത്ഥത്തിൽ മദ്യത്തിന്റെ ലഹരി അസ്തമിച്ചാൽ ക്ഷീണം കൂടുകയാണ് ചെയ്യുന്നത്. മദ്യം ഉപയോഗിക്കുന്ന വ്യക്തിക്ക് ആസമയം തന്റെ പ്രവർത്തനക്ഷമത കൂടിയതായി തോന്നുമെങ്കിലും പിന്നീടതു പല പ്രശ്നങ്ങൾക്ക് കാരണമാകുന്നു. മദ്യം കഴിച്ചു കഴിഞ്ഞാൽ കാലുകൾ ഉറച്ചു നിൽക്കില്ല. നടക്കുമ്പോൾ ആടിക്കുഴയും, കൂടുതൽ സംസാരിക്കും. ഉയർന്ന തോതിലുള്ള ലഹരി ഉപയോഗം കരളിനെ ബാധിക്കുന്നു. കരൾരോഗം (Alcoholic Liver Disease) ഉണ്ടാക്കുന്നു. കരൾരോഗം മാത്രമല്ല, അർബുദം, രക്തസമർദ്ദം, ഹൃദ്രോഗം മുതലായ രോഗങ്ങൾക്കും കാരണമാകുന്നു. ഏതെങ്കിലും തരത്തിലുള്ള മാനസിക രോഗമുള്ളവർക്ക് രോഗം മൂർച്ഛിക്കുന്നതിനു ഇതു കാരണമായി മാറുന്നു. റോഡ് അപകടങ്ങളുടെ ഒരു പ്രധാന കാരണം ലഹരിയാണ്. ഇക്കഴിഞ്ഞ നവംബർ 26 ന് തൃശൂർ നാട്ടികയിൽ മദ്യലഹരിയിൽ ലക്കില്ലാതെ വണ്ടിയോടിച്ച്, ഉറങ്ങിക്കിടന്ന 5 ജീവനുകളെ ചതച്ചരച്ചു കൊന്നു. മദ്യവും കഞ്ചാവുമാണ് തൊഴിലിടങ്ങളിൽ ഏറ്റവും ഉപയോഗിക്കപ്പെടുന്ന ലഹരി വസ്തുക്കൾ.




മദ്യം, കഞ്ചാവ്, എം.ഡി.എം.എ, ബ്രൗൺ ഷുഗർ, ഹാഷീഷ്ഓയിൽ, ഹെറോയൻ, എൻ.എസ്.സി.സ്റ്റാമ്പ് എന്നിവയാണ് പ്രധാന ലഹരി പദാർത്ഥങ്ങൾ. കുത്തിവയ്പ്പ്, ചർമ്മത്തിൽ പുരട്ടുന്ന രീതി, പാനീയങ്ങളിലോ ആഹാരപദാർത്ഥങ്ങളിലോ ചേർത്തു ഉപയോഗിക്കുന്ന രീതി. നാവിലിട്ട് അലിയിക്കുന്ന ഉപയോഗക്രമവും നിലനിൽക്കുന്നു. എ.ഡി.എം.എ പോലുള്ള ലഹരി വസ്തുക്കൾക്ക് യാതൊരു ഗന്ധുവുമില്ലാത്തതിനാൽ ഉപഭോക്താക്കൾ കൂടുതൽ ഇഷ്ടപ്പെടുന്നു. മാത്രമല്ല, ഇവ ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ ഇതിനോട് ആസക്തി വർദ്ധിക്കും. കൗമാരക്കാരിലും യുവാക്കളിലുമാണ് മയക്കു മരുന്നിന്റെ സ്വാധീനം വ്യാപകമായി കാണുന്നത്. ആദ്യം സൗജന്യ ലഹരി നൽകി ഇവരെ വലയിലാക്കുകയാണ് തന്ത്രം. അങ്ങനെ പ്രലോഭനങ്ങളിൽ വഴങ്ങി വെറുതെ ലഭിക്കുന്നതാണ് ആദ്യം ഉപയോഗിച്ചു തുടങ്ങുന്നത്. ശാരീരിക മാനസിക വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടത്തിലാണ് ആദ്യം സൗജന്യമായി നൽകി ഇവരെ ലഹരിക്ക് അടിമകളാക്കി; അതിന്റെ ഉപഭോക്താക്കളാക്കി തളച്ചിടുന്നത്. കൗമാരക്കാരായ പെൺകുട്ടികൾവരെ ലഹരി ഉപയോഗത്തിൽ ഭാഗഭാക്കാകുന്നുണ്ട്. ലഹരിയിൽ ചെന്ന് വീഴുന്ന പെൺകുട്ടികളെ ലൈംഗിക ചൂഷണത്തിനു വിധേയമാക്കാറുണ്ട്. നാം കേൾക്കുന്ന ലഹരിവേട്ടകൾ നടക്കുന്നത്, ലഹരി കച്ചവടക്കാർ തമ്മിൽ നിലനിൽക്കുന്ന കിടമത്സരത്തിന്റെ ഭാഗമായി, ഒറ്റിക്കൊടുക്കുന്നതിന്റെ ഫലമായാണ്. എന്നാലും, പിടിക്കപ്പെടുന്ന ലഹരിയുടെ ഉറവിടം അധികൃതർ തേടിപോകാറില്ല.

ലഹരി വസ്തുക്കളുടെ വ്യാപനം നടക്കുന്നത് രണ്ടുകാര്യങ്ങളെ കേന്ദ്രീകരിച്ചാണ്. ലഹരി വസ്തുക്കളുടെ ആവശ്യകത (ഡിമാൻറ്) ലഹരിവസ്തുക്കളുടെ ലഭ്യത (സപ്ലൈ) ഇക്കാര്യങ്ങളെ ഏതുവിധത്തിൽ നിയന്ത്രിക്കാം എന്നതിനെ ആശ്രയിച്ചാണ് ലഹരി വസ്തുക്കളുടെ ഉപഭോഗം നിലനിൽക്കുന്നത്. ഈ രണ്ടുകാര്യങ്ങളും കേരളത്തിൽ നിലവിലുള്ളതിനാലാണ് ഇവയുടെ വ്യാപനം കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. മദ്യപാനത്തിനായി ഈ രണ്ടു സൗകര്യങ്ങളും സർക്കാർ തന്നെ ഒരുക്കികൊടുത്തു കൊണ്ടിരിക്കുന്നു. ഉമ്മൻചാണ്ടി അധികാരം ഒഴിയുമ്പോൾ 29 ബാർ ഹോട്ടലുകളും 200 ഔട്ട് ലെറ്റുകളുമാണ് ഉണ്ടായിരുന്നത്. പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ 639 ബാർ ഹോട്ടലുകൾക്കും 309 ഔട്ട്ലെറ്റുകൾക്കുമാണ് അംഗീകാരം നൽകിയത്. ഇതിന്റെ സംഖ്യ 800 ബാറുകളിലേക്കും 339 ഔട്ട് ലെറ്റുകളിലേക്കും ഉയർന്നിരിക്കുന്നു. സ്റ്റാർ ഹോട്ടലുകളിൽ നിന്നും വിദ്യാലയങ്ങൾക്കും, ദേവലായങ്ങൾക്കുമുള്ള അകലം 200 മീറ്റർ നിലനിന്നിരുന്നത് 40 മീറ്ററാക്കി കുറച്ചുകൊടുത്തു. അങ്ങനെ മദ്യലഭ്യതയ്ക്കും വിതരണത്തിനും കൂടുതൽ സൗകര്യം ഒരുക്കി കൊടുത്തുകൊണ്ടിരിക്കുന്നു. സർക്കാരിന്റെ മദ്യനയമനുസരിച്ച് ആർക്കുവേണമെങ്കിലും ഈ രംഗത്ത് മുതൽമുടക്കാം. കേരളത്തിന്റെ മുഖ്യവരുമാന മാർഗ്ഗം തന്നെ മദ്യവ്യാപാരമാണ്. കഴിഞ്ഞ വർഷം മദ്യനികുതിയിനത്തിൽ ഖജനാവിലെത്തിയത് 18071 കോടി രൂപയാണ്. സർക്കാർ മദ്യവർജ്ജനമാണ് നയമെന്ന് പറയുന്നുണ്ടെങ്കിലും ക്രമാതീതമായ മദ്യവ്യാപനനയം തുടരുമ്പോൾ ലഹരിമുക്ത കേരളമെന്നു പറയുന്നത് തന്നെ കാപട്യമാണ്. മദ്യഉപയോഗത്തിൽ പഞ്ചാബികളായിരുന്നു മുന്നിൽ, ഇതു ഇടതുസർക്കാരിന്റെ മദ്യനയത്തിലൂടെ മദ്യഉപഭോഗത്തിൽ ഒന്നാംസ്ഥാനം കേരളം കരസ്ഥമാക്കിയിരിക്കുന്നു. സർക്കാരിന്റെ ബോധവൽക്കരണം കേവലം ആഘോഷങ്ങളാക്കി മാധ്യമവാർത്ത സൃഷ്ടിക്കലാക്കിയിരിക്കുന്നു. മദ്യനിരോധനമല്ല ബോധവൽക്കരണമാണ് ഇടതുപക്ഷ സർക്കാരിന്റെ നയം എന്നരീതിയിൽ മദ്യ ഉപയോഗത്തിനു മാന്യതയും സ്വീകാര്യതയും സൃഷ്ടിച്ചെടുത്തുകൊണ്ടിരിക്കുന്നു. കള്ള് പോഷകാഹാരമാണെന്നാണ് മുഖ്യമന്ത്രി പ്രചരിപ്പിക്കുന്നത്. അമിതമായ കള്ള് ഉപയോഗവും പുകവലിയും ലഹരി തന്നെയാണ്.

ലഹരി വസ്തുക്കളുടെ ഉപയോഗം തടയാനായി ബോധപൂർവ്വമായ ചില ശ്രമങ്ങൾ ആവശ്യമാണ്. ലഹരിയിൽ നിന്നും വ്യക്തികളെ സ്വതന്ത്രമാക്കാൻ സംഘടിതമായ ശ്രമങ്ങളും നടപടികളുമാണ് ആവശ്യം. ലഹരി വസ്തുക്കളുടെ അപകടങ്ങളെക്കുറിച്ച് ബോധവൽക്കരണം നിരന്തരം സംഘടിപ്പിക്കണം. മദ്യപാനികളെ കൗൺസിലറുമാരുടെ മുന്നിൽ എത്തിക്കുകയെന്നത് പ്രധാന ദൗത്യമായി ഏറ്റെടുക്കണം. വിത്ത്ഡ്രോവൽ സിൻഡ്രോം അവസ്ഥയിലെത്തുന്ന വ്യക്തികളെ മദ്യത്തിൽനിന്നും രക്ഷിച്ചെടുക്കാൻ ശാസ്ത്രീയമായ ചികിത്സ ആവശ്യമാണ്. നല്ല സൈക്യാട്രിസ്റ്റ്/സൈക്കോളജിസ്റ്റുമായി ബന്ധപ്പെട്ട് നടത്തുന്ന തുടർചികിത്സകൾക്ക് മാത്രമേ ഇവരെ രക്ഷപ്പെടുത്തിയെടുക്കാനാവൂ. അത്യാത്മികജ്ഞാനമുള്ളവർ ലഹരിയുടെ പടുകുഴിയിൽ വീഴുന്നത് വളരെ വിരളമായിട്ടാണ് കാണപ്പെടുന്നത്. അതിനാൽ മദ്യപാനത്തിൽ ചെന്നുപെട്ട് ജീവിതം നശിക്കാതിരിക്കാനുള്ള ഒരു പ്രധാനമാർഗ്ഗം ശരിയായ ആത്മീയതയാണ്.



# മാർത്താണ്ഡന്റെ തുറ

പ്രീതി കരോളിൻ




തിരുവിതാംകൂറിന്റെ ചരിത്രത്തിൽ ഒരു രാജാവ് ക്രൈസ്തവ സമൂഹത്തിന് ദൈവാലയം പണിതുകൊടുക്കുക, വർഷത്തിലൊരിക്കൽ, ആ ദൈവാലയത്തിന് സമീപമുള്ള സെമിത്തേരി സന്ദർശിച്ച് അവിടെ ശയിക്കുന്നവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുക, ഇക്കാര്യങ്ങളൊക്കെ സാധാരണക്കാർക്ക് അജ്ഞാതമായ കാര്യങ്ങളാണ്. ചരിത്ര പ്രാധാന്യമുള്ള 1741 ലെ കുളച്ചൽ യുദ്ധത്തിൽ പങ്കെടുത്ത് മാർത്താണ്ഡവർമ്മ രാജാവിനുവേണ്ടി ചോരയുംനീരും നൽകിയ തീരവാസികളായ പടയാളികൾ രണഭൂമിയിൽ വീരമൃത്യു വരിക്കുകയും തുടർന്ന് മാർത്താണ്ഡൻതുറയിൽ കൂട്ടസംസ്കാരം നടത്തുകയും ചെയ്തു. മത്സ്യത്തൊഴിലാളികളായ ധീര യോദ്ധാക്കളോടും നാടിനോടുമുള്ള രാജാവിന്റെ കൂറിനും പ്രതിപത്തിക്കും തെളിവായി രാജാവുതന്നെ പള്ളി പണിയിച്ചുകൊടുത്ത ചരിത്രം പറയുകയാണ് മാർത്താണ്ഡന്റെ തുറ എന്ന ലഘു ഗ്രന്ഥത്തിലൂടെ ഫാദർ ജോസ് ഫ്രാങ്ക്ളിൻ.

മാർത്താണ്ഡൻതുറയിലെ ജനസമൂഹം ചരിത്രപരമായ മാറ്റങ്ങൾക്ക് വിധേയരായതോടൊപ്പം സുവിശേഷവൽക്കരണത്തിനും മാതൃക കാട്ടിയിട്ടുണ്ടെന്ന് ഗ്രന്ഥകാരൻ തന്റെ പുസ്തകത്തിൽ ചൂണ്ടിക്കാട്ടുന്നു. സൗകുമാര്യം തുളുമ്പിനില്ക്കുന്ന ഈ സുന്ദരഭൂമിയിൽ ഉയർന്നുനില്ക്കുന്ന മാർത്താണ്ഡൻതുറ ദൈവാലയം ജനങ്ങളുടെ ജീവന്റെ തുടിപ്പുകൾ ഏറ്റു വാങ്ങുന്നു. ഒരു ജനതയുടെ സംസ്കാര വും, പാരമ്പര്യവും, ആചാരങ്ങളും, ജീവിത ശൈലിയുമെല്ലാം ഈ ഗ്രന്ഥത്തിലൂടെ ഗ്രന്ഥകാരൻ മനോഹരമായി അവതരിപ്പിക്കുന്നു. ജനങ്ങളുടെ ആഴമായ ആത്മീയ അനുഭവങ്ങളിൽനിന്നുടലെടുത്ത ജീവിതത്തിന്റെ താളക്രമങ്ങളും ചിട്ടകളും ഗ്രന്ഥകാരൻ സരസമായി അവതരിപ്പിക്കുന്നു. സാർവത്രികസഭയുടെ വിശാലമായ ഭൂമികയിൽനിന്ന് ആരംഭിക്കുന്ന ചരിത്ര പ്രയാണം അവസാനിക്കുന്നത് ഗ്രന്ഥകാരന്റെ സ്വന്തം മണ്ണായ മാർത്താണ്ഡൻ തുറയെന്ന കൊച്ചു ഗ്രാമത്തിലാണ്. സാർവത്രികസഭയെയും പ്രാദേശികസഭയെയും തമ്മിൽ മനോഹരമായി സംയോജിപ്പിക്കാൻ ഗ്രന്ഥകാരൻ നടത്തുന്ന ശ്രമങ്ങൾ അത്യന്തം ശ്ലാഘനീയമാണ്.

ആത്മീയതയുടെ വിരിമാറിൽനിന്ന് പൊട്ടിമുളച്ച വിദ്യാഭ്യാസ സാംസ്കാരിക സാമ്പത്തിക തൊഴിൽപരമായ മുന്നേറ്റം ഈ ഗ്രാമത്തെ പുരോഗതിയുടെ പാതയിലേക്ക് നയിച്ചുവെന്ന് ഫ്രാങ്ക്ളിനച്ചൻ ചൂണ്ടിക്കാട്ടുന്നു. ചരിത്ര പുസ്തകങ്ങൾ വായിക്കുമ്പോഴുണ്ടാകുന്ന വിരസത വായനക്കാരന്റെ വായനാനുഭവത്തെ ഇല്ലാതാക്കും. ഇവിടെ ചരിത്രം പറയുന്നതോടൊപ്പം ഒരുനാടിന്റെ ഹൃദയസ്പന്ദനങ്ങൾ ഗ്രന്ഥകാരൻ ഒപ്പിയെടുത്ത് ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നതിനാൽ വായന വരണ്ടുപോകുന്നുമില്ല.

മാർത്താണ്ഡൻതുറ സ്വദേശിയും തിരുവനന്തപുരം അതിരൂപതയുടെ എമിരിത്തൂസ് ആർച്ചു ബിഷപ്പുമായ സൂസപാക്യം പിതാവിന്റെ അവതാരികയോടെ ആരംഭിക്കുന്ന ഈ ഗ്രന്ഥം ചെറുതെങ്കിലും തിരുവനന്തപുരം രൂപത ജന്മംകൊണ്ടശേഷം ഒരു രൂപതാ വൈദികൻ സ്വന്തം ഇടവകയുടെ ചരിത്രം രചിക്കുന്നത് ആദ്യമാണെന്ന് തോന്നുന്നു. മൂല്യവത്തായ ചരിത്രഗ്രന്ഥമായിതന്നെ ഇതിനെ പരിഗണിക്കാവുന്നതാണ്. ●

ലേഖനം


4, ഫെബ്രുവരി
ലോക കാൻസർ ദിനം

# മനക്കരുത്തെന്ന മറുമരുന്ന്

ഫാ. തോമസ് പാട്ടത്തിൽചിറ CMF



അർബുദരോഗിയായിരുന്ന ഒരാളെ സന്ദർശിക്കാനും പ്രാർഥിക്കാനും പോയ ഒരനുഭവം ഇന്നും ഓർമയിലുണ്ട്. വീട്ടിൽ ചെന്നപ്പോൾ അവിടെ രോഗിയും കുടുംബാംഗങ്ങൾ എല്ലാവരുമുണ്ട്. തികച്ചും ശോകമൂകമായ അന്തരീക്ഷം. പരിചിതമെങ്കിലും ചിരി മറന്ന മുഖങ്ങളായിരുന്നു അവിടെ അധികവും. ചിലർ വെറുതെ പുഞ്ചിരിക്കാൻ പാടുപെടുന്നപോലെ തോന്നി. എന്നാൽ, നിരാശയുടെ ഇരുൾ നിറഞ്ഞ ആ വീടിനുള്ളിൽ രോഗിയായ ആ വ്യക്തിയുടെ മുഖം മാത്രം വളരെ ശാന്തവും പ്രസന്നവുമായിരുന്നു. പ്രത്യാശയുടെ പ്രകാശം അവിടെ തെളിഞ്ഞുനിന്നിരുന്നു. അർബുദത്തിന്റെ അസഹ്യമായ വേദനയുടെയും അസ്വസ്ഥതകളുടെയുമൊക്കെ നടുവിലും സുസ്മേരവദനനായിക്കഴിയാൻ അയാൾക്ക് സാധിക്കുന്നതിൽ എനിക്ക് അത്ഭുതം തോന്നി. മറ്റുള്ളവരെയൊക്കെ മാറ്റിനിർത്തി അല്പനേരം അയാളുമായി ഞാൻ സംസാരിച്ചു. എന്റെ ആശ്വാസവാക്കുകളേക്കാൾ എത്രയോ ശ്രേഷ്ഠവും പ്രതീക്ഷാനിർഭരവുമായിരുന്നു അയാളുടെ സംസാരം! 'ശാരീരികമായി എത്ര വയ്യെന്നാകിലും മനസ്സുപതറാതെ



**ഒന്നിനും അടിപെടാതെ എന്തിനെയും അതിജീവിക്കാനാണ് മനുഷ്യനുൾപ്പടെയുള്ള ജീവജാലങ്ങൾ പരിശ്രമിക്കുക. അർബുദംപോലുള്ള വ്യാധികൾ ഉളവാക്കുന്ന ശാരീരിക, മാനസിക അസ്വസ്ഥതകളിൽനിന്നും അവയ്ക്ക് ഇരകളാകുന്നവരെ അതിജീവിക്കാൻ സഹായിക്കേണ്ടത് അവരുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും കടമയാണ്.**

ഞാൻ പിടിച്ചുനില്ക്കും... ഞാൻ തളർന്നാൽ ഈ വീടുതന്നെ ഇടിഞ്ഞുവീഴും...ഇവിടെ ബാക്കിയുള്ളവർ അത്രയ്ക്ക് തകർന്നവരാണ്...അവരെ സമാധാനിപ്പിക്കാനാണ് എനിക്കേറെ പ്രയാസം...' എന്നിങ്ങനെ അയാൾ പറഞ്ഞ ഓരോ വാക്കിനും വ്യാധിയെ സധൈര്യം നേരിടാനുള്ള അയാളുടെ നിശ്ചയദാർഢ്യത്തിന്റെ ധ്വനിയുണ്ടായിരുന്നു. മാസങ്ങളായി ഭയം കാർന്നുതിന്നുകൊണ്ടിരുന്ന ആ കുടുംബത്തിനു അതിജീവനത്തിന്റെ കരുത്തുപകരാൻ ആ രോഗിയുടെ മനോഭാവവും പരിശ്രമവും പര്യാപ്തമാകട്ടെ എന്ന പ്രാർഥനയോടെ ഞാൻ പടിയിറങ്ങി.

വൈദ്യശാസ്ത്രം ഇത്രമാത്രം വളർന്നിട്ടും കാൻസർ പോലുള്ള ചില രോഗങ്ങൾക്കു മുമ്പിൽ അത് ഇന്നും മുട്ടുമടക്കിത്തന്നെ നില്ക്കുന്നു. മനുഷ്യനിർമിതങ്ങളായ മരുന്നുകളുടെ സൗഖ്യശേഷിക്കപ്പുറത്തേയ്ക്ക് ഇത്യാദി ദീനങ്ങൾ വ്യാപിച്ചിരിക്കുന്നു. അതിവിദഗ്ദമായ ചികിത്സാസൗകര്യങ്ങൾ ലഭിക്കുന്നവർപോലും പിന്നീട് ശയ്യാവലംബരാകുന്നു എന്നത് അനിഷേധ്യമായ യാഥാർഥ്യം. അതുകൊണ്ടുതന്നെ വല്ലാത്ത ഭീതിയും നൈരാശ്യവുമാണ് ഈവിധ രോഗങ്ങൾ മനുഷ്യമനസ്സുകളിൽ നിക്ഷേപിക്കുക. അത് രോഗികളുടെ മാനസികഭദ്രതയുടെതന്നെ അസ്തിവാരം കിളയ്ക്കും. അർബുദരോഗം സ്ഥിരീകരിക്കപ്പെടുന്ന നിമിഷം തന്നെ രോഗികൾ ശാരീരികവും മാനസികവുമായി ദുർബലരാകുന്നതിന്റെ കാരണവും ഇതുതന്നെ. 'ജീവിതം തീർന്നു' എന്നുള്ള മിഥ്യാധാരണയിലേയ്ക്ക് അവർ അറിയാതെ വഴുതിവീഴുന്നു. അതോടെ അവരുടെ കുടുംബത്തിന്റെതന്നെ ഊർജ്ജം ക്ഷയിക്കുകയും അവിടെയുണ്ടായിരുന്ന ആഹ്ലാദങ്ങളും ആഘോഷങ്ങളും അന്യമായിപ്പോവുകയും ചെയ്യുന്നു. 'കാൻസറിനെ ചിരിച്ചു തോല്പിച്ചവർ' എന്ന് സമ്പത്തും സൗകര്യങ്ങളുമുള്ള ചുരുക്കം ചിലരെ ലോകം വിളിക്കുമ്പോഴും ചിരിക്കാൻപോലും ശേഷിയില്ലാത്ത നിർധനരോഗികളാണ് സമൂഹത്തിൽ സിംഹഭാഗവും എന്ന വസ്തുത വിസ്മരിക്കപ്പെടരുത്.

ഒന്നിനും അടിപെടാതെ എന്തിനെയും അതിജീവിക്കാനാണ് മനുഷ്യനുൾപ്പടെയുള്ള ജീവജാലങ്ങൾ പരിശ്രമിക്കുക. അർബുദംപോലുള്ള വ്യാധികൾ ഉളവാക്കുന്ന ശാരീരിക,മാനസിക അസ്വസ്ഥതകളിൽനിന്നും അവയ്ക്ക് ഇരകളാകുന്നവരെ അതിജീവിക്കാൻ സഹായിക്കേണ്ടത് അവരുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും കടമയാണ്. രോഗബാധിതർക്ക് സമാശ്വാസവും സാന്ത്വനവും സ്വന്തമാക്കാൻ സാധിക്കുന്ന തരത്തിലുള്ള അന്തരീക്ഷം അവരുടെ കുടുംബങ്ങളിൽ സൃഷ്ടിക്കുന്നതിൽ ഭവനാംഗങ്ങൾ എല്ലാവരുംതന്നെ ബദ്ധശ്രദ്ധരാകണം. അവർക്ക് സമയാസമയങ്ങൾ വൈദ്യസഹായം ഉറപ്പുവരുത്തുന്നതോടൊപ്പം അവരുടെ മാനസികവും വൈകാരികവുമായ സുസ്ഥിതിക്ക് ആവശ്യമായതൊക്കെയും കഴിവിനൊത്ത് ലഭ്യമാക്കിക്കൊടുക്കണം. ശാരീരികബുദ്ധിമുട്ടുകളും വല്ലായ്മകളും മനസ്സിനെ മരവിപ്പിക്കാതെയും മടുപ്പിക്കാതെയും സൂക്ഷിക്കണം. മനസ്സിന്റെ തകർച്ചയാണ് മാരകരോഗങ്ങൾ മൂലമുണ്ടാകുന്ന തളർച്ചയേക്കാൾ കൂടുതൽ ഹാനികരം. ആകയാൽ, കുടുംബാംഗങ്ങളുടെയും രോഗികളുമായി അടുത്ത് ഇടപഴകുന്നവരുടെയും സംസാരശൈലിയും സമീപനരീതിയുമൊക്കെ അങ്ങേയറ്റം സൗമ്യവും മധുരവുമായിരിക്കണം. ആത്മബലത്തിന്റെയും ശുഭാപ്തിവിശ്വാസത്തിന്റെയും പടികൾ കയറാൻ അപ്പോൾ അവർ പ്രപ്തരാകും. ഓർക്കണം, വാക്കുകൾക്കാണ് വൈദ്യത്തേക്കാൾ സൗഖ്യശേഷിയും, വാക്കത്തിയേക്കാൾ സംഹാരശേഷിയും. രോഗികളാകുന്നത് ആരുടെയും കുറ്റംകൊണ്ടല്ല. അതുകൊണ്ടുതന്നെ ഒരു രോഗിയും ഒരിടത്തും ഒറ്റപ്പെടാൻ പാടില്ല. രോഗികളുടെ സുഖാവസ്ഥയ്ക്കും ദുഃരവസ്ഥയ്ക്കുമൊക്കെ അവരുൾപ്പെടുന്ന സമൂഹത്തിനും ഒരു പരിധിവരെ ഉത്തരവാദിത്വമുണ്ട്. കാൻസർ രോഗികൾപോലുള്ളവരെ പഴുത്തയിലകൾ ആയി തഴഞ്ഞുകളയാതെ സാമൂഹികകൂട്ടായ്മയോടു ചേർത്തുനിർത്താൻ സകലസംവിധാനങ്ങൾക്കും കഴിയണം. സാമ്പത്തികപരാധീനതകളുള്ള രോഗികൾക്ക് സൗജന്യചികിത്സ സാ




ധ്യമാക്കാൻ ഭരണകൂടങ്ങൾ സന്നദ്ധമാകണം.

അർബുദരോഗത്തെ ചുറ്റിപ്പറ്റിയുള്ള ചിന്തകളും ആകുലതകളും പേറി ഓരോ വർഷവും ഫെബ്രുവരി നാല് എത്തുമ്പോൾ മനം നിറയ്ക്കാൻ ചില വലിയ അവബോധങ്ങൾകൂടി അതു ബാക്കിവയ്ക്കുന്നുണ്ട്. അവയിൽ ആദ്യത്തേത്, നമ്മുടെ അനുദിനജീവിത,ഭക്ഷണശീലങ്ങളെപ്പറ്റിയുള്ളതുതന്നെ. ശരീരത്തിന്റെ ആരോഗ്യത്തേയും ക്ഷേമത്തേയും പ്രതികൂലമായി ബാധിക്കുന്ന ആഹാരവസ്തുക്കളും, സ്വഭാവദൂഷ്യങ്ങളും പാടേ ഉപേക്ഷിക്കാൻ നാം തയ്യാറാകണം. സമയലാഭവും സൗകര്യവും എളുപ്പവും മാത്രം ലക്ഷ്യമാക്കിക്കൊണ്ട് വിപണികളിൽനിന്നും നാം വാങ്ങിക്കഴിക്കുന്നവ പലതും പുറമേ ആകർഷണീയമാണെങ്കിലും അകമേ ആപത്ക്കരമാണ്. ആധുനികമനുഷ്യനെ ആവരണംചെയ്തുനില്ക്കുന്ന മരണസംസ്കാരത്തിന്റെ പ്രഥമവും പ്രകടവുമായ ഘടകങ്ങളിൽ ഒന്നാണ് ഫാസ്റ്റ്ഫുഡ് വിഭവങ്ങൾ എന്ന യാഥാർഥ്യം ആരും മറന്നുപോകരുത്. ജീവനെ വിലമതിക്കുക, പ്രോത്സാഹിപ്പിക്കുക, പരിപോഷിപ്പിക്കുക. അതിനു ഭീഷണിയുയർത്തുന്ന സകലതിൽനിന്നും സുരക്ഷിതമായ അകലം സൂക്ഷിക്കുക.

രണ്ടാമത്തേത്, അർബുദരോഗികളായി കഴിയുന്നവർക്കുണ്ടാകേണ്ട മനോധൈര്യത്തിന്റെ മാഹാത്മ്യത്തേക്കുറിച്ചുള്ള ബോധ്യമാണ്. മരുന്നുകളുടെ സൗഖ്യദായകശേഷി ഒരേസമയം അവയിലെ ശാസ്ത്രീയമായ ഔഷധക്കൂട്ടുകളെയും, രോഗിയുടെ മാനസികസ്ഥിതിയെയും ആശ്രയിച്ചാണിരിക്കുക എന്നു നിരീക്ഷിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. മരുന്നും മനസ്സും ഒരുമിച്ചു പ്രവർത്തിക്കണമെന്നു ചുരുക്കം. അക്കാരണത്താൽതന്നെ, ശാരീരികമായ രോഗം മനസ്സിനെ ഒരുതരത്തിലും ബാധിക്കാതിരിക്കാൻ അവർ ശ്രദ്ധിക്കണം. മനസ്സാണ് ശരീരത്തിനു കരുത്തു പകരുന്നത്. ആത്മവീര്യം അസ്തമിക്കുമ്പോൾ നിരാശയുടെയും നഷ്ടബോധത്തിന്റെയും നിഴലുകൾ പരക്കും. അവ ശിഷ്ടായുസ്സിനെ ആകമാനം അന്ധകാരമയമാക്കും. ആകയാൽ, മനക്കരുത്തെന്ന മറുമരുന്ന് സദാ കൂടെക്കരുതുകതന്നെ വേണം. ലോക കാൻസർ ദിനത്തിൽ സുപരിചിതരും അപരിചിതരുമായ സകല രോഗഗ്രസ്തരെയും വളരെ പ്രത്യേകമായി ഓർത്ത് അവരുടെ സൗഖ്യത്തിനായി പ്രാർഥിക്കാം. അവരെ ശുശ്രൂഷിക്കുന്നവർക്ക് മനസാ നന്ദി നേരാം. അതോടൊപ്പം, അർബുദം എന്ന വ്യാധിയെ അകറ്റിനിർത്താൻ ആവശ്യമായ മുൻകരുതലുകളും അനുയോജ്യമായ തീരുമാനങ്ങളും വ്യക്തി,സമൂഹജീവിതതലങ്ങളിൽ എടുക്കാം. ഒരു കാൻസർരഹിത ലോകത്തിനായി കരംകോർക്കാം, പ്രയത്നിക്കാം.

●



മിനിറ്റുകൾക്കുള്ളിൽ സംഖ്യകളുടെ ഇരട്ടി പറഞ്ഞുകൊണ്ട് റെക്കോഡുകൾതീർത്ത *(ഇന്ത്യ ബുക്ക് ഓഫ് റെക്കോഡ്, കലാംസ് വേൾഡ് റെക്കോഡ്, ഏഷ്യ ബുക്ക് ഓഫ് റെക്കോഡ്, ഇന്റർനാഷണൽ വേൾഡ് റെക്കോഡ്)* ഏഴുവയസ്സുകാരൻ **ഡാനിയേൽ ഡോൺ ഗോമസ്.** തിരുവനന്തപുരം സ്വദേശിയും പൂവ്വാർ ഇടവകാംഗവുമായ ഡോൺ അലോഷ്യസിന്റെയും ഷാർജ ഇന്ത്യൻ സ്കൂൾ അധ്യാപിക ജീനാ ജോണിന്റെയും മകൻ.



സംസ്ഥാന കലോത്സവം 2025 സമാപന ദിനത്തിൽ കലോത്സവവേദിയിൽ വച്ച്, കലോത്സവ കൊടിമര ശില്പ നിർമ്മാണത്തിനുള്ള കേരള സർക്കാരിന്റെ പ്രശസ്തി പത്രവും പുരസ്കാരവും ബഹുമാനപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറി, ശ്രീമതി റാണി ജോർജ് IAS ൽ നിന്നും തെക്കേ കൊല്ലങ്കോട് ഇടവകാംഗം **ശ്രീ. വില്ല്യം പനിപ്പിച്ച** ഏറ്റുവാങ്ങി.

ചരിത്രപഥം

# വിഴിഞ്ഞം സിസ്ഡുയാത്ര മാതാ ദൈവാലയം

## 150 വർഷങ്ങളുടെ നിറവിൽ

ആൻറണി എ. വിഴിഞ്ഞം







ഏഷ്യാഭൂഖണ്ഡത്തിലെ ഉപഭൂഖണ്ഡമായ ഇന്ത്യ എന്ന മഹാരാജ്യത്തിൽ 1956-ൽ സംസ്ഥാനമായി രൂപം കൊണ്ട കേരളത്തിലെ തലസ്ഥാന ജില്ലയായ തിരുവനന്തപുരത്തിലെ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ഭാഗമാണ് വിഴിഞ്ഞം ഇടവക.

മലയും കടലും കടൽ തീരവും ഒത്തൊരുമിച്ച് പരസ്പരം ചുംബിച്ച് താലോലിക്കുന്നത് ആദ്യമായി കാണുന്നവർക്ക് ഇത് ഒരു മലയോര ഗ്രാമമാണോ കടലോരഗ്രാമമാണോ എന്ന സംശയം തോന്നിക്കുന്ന പ്രകൃതിരമണീയമായ ഒരു ഗ്രാമമാണ് വിഴിഞ്ഞം. തെക്ക് പടിഞ്ഞാറ് അറബിക്കടലും, പടിഞ്ഞാറ് ബീച്ച് റോഡും വടക്ക്-കിഴക്ക് വിഴിഞ്ഞം പൂവ്വാർ റോഡ് തെന്നൂർക്കോണംവരെയും തെന്നൂർക്കോണത്തുനിന്നും കോട്ടപ്പുറത്തേയ്ക്ക് വരുന്ന റോഡിനോട് ചേർന്ന് തെക്കോട്ടുപോകുന്ന ഇടവഴിക്ക് പടിഞ്ഞാറും ഇടറോഡ് അവസാനിക്കുന്ന ചാലുമാണ് വിഴിഞ്ഞം ഇടവകയുടെ അതിരുകൾ (ഈ ചാൽ പഴയ കരുംപൊഴി എന്ന പേരിൽ അറബിക്കടലിൽ ചേരുന്നു). എന്നാൽ ഇന്ന് വിഴിഞ്ഞം ഇടവക ജനങ്ങൾ തിരുവനന്തപുരം റൂട്ടിൽ വെള്ളാർവരെയും വെങ്ങാന്നൂർ റൂട്ടിൽ പെരിങ്ങമലവരെയും ബാലരാമപുരം റൂട്ടിൽ ഏതാണ്ട് മംഗലത്തുകോണംവരെയും പൂവ്വാർ റൂട്ടിൽ ഏതാണ്ട് ചൊവ്വരവരെയും വ്യാപിച്ചു കിടക്കുന്നു. ഇവരിൽ ഭൂരിഭാഗവും സ്വന്തമായി സ്ഥലം വാങ്ങി വീടുകൾ പണിത് താമസിക്കുന്നവരും അല്ലാത്തവർ വാടകയ്ക്കും ഒറ്റിയ്ക്കും താമസിക്കുന്നവരുമാണ്.

പരിശുദ്ധ സിന്ധുയാത്ര മാതാവ് എന്നാണ് ഇടവക മദ്ധ്യസ്ഥയുടെ പേര്. പേര് ലഭിക്കുവാൻ കാരണം പണ്ട് പോർച്ചുഗൽ രാജ്യത്തെ ഒരു യാത്രാ കപ്പൽ കടലിലൂടെ യാത്ര ചെയ്യുമ്പോൾ ശക്തമായ കാറ്റും കോളും ഉണ്ടാവുകയും കടൽ ക്ഷോഭിക്കുകയും ശക്തമായ തിരമാലകളിൽപ്പെട്ട് കപ്പൽ തകരുമെന്നായപ്പോൾ കപ്പിത്താനും യാത്രാക്കാരും ദൈവത്തോട് തങ്ങളേയും കപ്പലിനേയും രക്ഷിക്കണമേ എന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി പെട്ടെന്ന് കടൽ ശാന്തമാവുകയും ഒരു കയ്യിൽ കുഞ്ഞിനേയും മറുകയ്യിൽ കപ്പലും വഹിച്ച് പരിശുദ്ധ അമ്മ കടലിൽ നിൽക്കുന്നത് അവർ കണ്ടു എന്നും കപ്പലിൽ ഉണ്ടായിരുന്നവർ കരയ്ക്കെത്തിയപ്പോൾ അവർ കണ്ട രൂപം നിർമ്മിച്ച് ഒരു പെട്ടകത്തിലാക്കി ഒപ്പം ഒരു കുറിപ്പും വച്ച് കടലിൽ ഒഴുക്കിവിട്ടതായും ആ പെട്ടകം വിഴിഞ്ഞത്ത് തീരമണഞ്ഞതായും നാട്ടുകാർ പെട്ടകം തുറന്നപ്പോൾ കണ്ട രൂപവും കുറിപ്പും പുറത്തെടുത്ത് കുറിപ്പിൽകണ്ട വിലാസത്തിൽ വിവരം അറിയിച്ചു എന്നും തൽഫലമായി ഇവിടെ പള്ളി നിർമ്മിക്കപ്പെട്ടു എന്നും മദ്ധ്യസ്ഥയായി പരിശുദ്ധ അമ്മയുടെ രൂപം സ്ഥാപിക്കപ്പെട്ടു എന്നുമാണ് ചരിത്രം.

ഇപ്പോൾ വിഴിഞ്ഞത്തെ പഴയ പള്ളി സ്ഥിതി ചെയ്യുന്നതാണ് ആ സ്ഥലം. എന്നാൽ പഴയപള്ളിയുടെ ആനവാതിലിൽ സ്ഥാപിച്ചിരിക്കുന്ന ഫലകത്തിലെ ലത്തീൻ ലിഖിതം ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു: പോർച്ചുഗൽ മഹാരാജാവിന്റെ അനുമതിയോടെ ഗോവയിലെ മർക്കാംകാരനായ പെരിയ ബഹുമാനപ്പെട്ട ഫാ. ജെ.ആർ. അത്തനേഷ്യോ റെബല്ലോ 1875 ഒക്ടോബർ മാസ് 8-ാം തീയതി ഈ ദൈവാലയം പരിശുദ്ധ കന്യകാമറിയത്തിന് സമർപ്പിച്ചു. അതാണ് വിഴിഞ്ഞം തീരത്ത് ഇപ്പോൾ കാണുന്ന പഴയപള്ളി. ഇതിനു മുമ്പ് തടിയും ഓലയും കൊണ്ട് നിർമ്മിച്ച ഒരു പള്ളി ഉണ്ടായിരുന്നു എന്നും അതിന്റെ മദ്ധ്യസ്ഥയായി സ്വർഗാരോപണ മാതാവായിരുന്നു എന്നും അന്ന് വിഴിഞ്ഞത്ത് 200 ക്രിസ്ത്യൻ കുടുംബങ്ങൾ ഉണ്ടായിരുന്നു എന്നും 16-ാം നൂറ്റാണ്ടിലെ ജെസ്യൂട്ട് രേഖകളിൽ കാണുന്നു. വിഴിഞ്ഞം പഴയപള്ളിയിലെ പടിഞ്ഞാറ് ഭാഗം 1980 കാലഘട്ടംവരെ ഓലമേഞ്ഞതു തന്നെയായിരുന്നു. ഓലമേഞ്ഞ ഷെഡിനു വടക്കായി ഇരുനിലകളിലുള്ള കരുങ്കല്ലു നിർമ്മിതമായ ഒരു കെട്ടിടം ഉണ്ടായിരുന്നു. അതാണ് ഇടവകയുടെ ആരംഭത്തിലെ വൈദീകമന്ദിരം. പിൽക്കാലത്ത് അത് പൊളിച്ചു മാറ്റിയാണ് പഴയപള്ളിയുടെ ഭാഗമായ ഇന്നു കാണുന്ന സാക്രിസ്റ്റി നിർമ്മിച്ചിരിക്കുന്നത്. ഒപ്പം, പഴയ ഓലഷെഡുമാറ്റി പള്ളിയുടെ ഭാഗമായി ഇന്നു കാണുന്ന നിലയിലുള്ള കെട്ടിടം ആയത്. പഴയകാലത്തെ ആ ഷെഡിന് സ്താവൽപുരം എന്ന പേരുണ്ടായിരുന്നു. പെസാഹ വ്യാഴവും ദു:ഖവെള്ളിയും ദിവ്യകാരുണ്യവും എഴുന്നള്ളിവയ്ക്കുന്ന പ്രത്യേക പീഠം അതിലാണ് നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ടാണ് പ്രസ്തുത ഷെഡിന് സ്താവൽപുരം എന്ന പേര് വന്നത്.

എ.ഡി 1-ാം നൂറ്റാണ്ടിന്റെ പകുതിക്കുശേഷം ആണല്ലോ വി. തോമാശ്ലീഹ ഭാരതത്തിൽ വന്നത്. എ.ഡി. 52- ൽ വി.തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നുവെന്നും എ.ഡി 57-ൽ മദ്രാസിലെ മൈലാപൂരിൽ മരണപ്പെട്ടു എന്നുമാണ് അനുമാനം. ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനം തീരദേശം കേന്ദ്രമാക്കിയായിരുന്നു. അദ്ദേഹം സുവിശേഷം പ്രസംഗിച്ച തീരങ്ങളിൽ വിഴിഞ്ഞം ഗ്രാമവും ഉൾപ്പെടുന്നു. അതുകൊണ്ടുതന്നെ ക്രിസ്തുവർഷം 1-ാം നൂറ്റാണ്ട് മുതൽതന്നെ വിഴിഞ്ഞത്ത് ക്രൈസ്തവികത നിലനിന്നിരുന്നു. എന്നാൽ 16-ാം നൂറ്റാണ്ടിന്റെ പകുതിയോടെ വി. ഫ്രാൻസിസ് സേവ്യറിന്റെ ആഗമനത്തോടുകൂടിയാണ് ടി പ്രദേശങ്ങളിൽ ക്രിസ്തുമതം കുറെക്കൂടെ മെച്ചമായ രീതിയിൽ സ്ഥാപിതമാകുന്നത്. വി. ഫ്രാൻസിസ് സേവ്യർ ഒരു ജെസ്യൂട്ട് മിഷനറി ആയിരുന്നു.

അക്കാലത്ത് നാടാർ, പുലയ, ധീവര സമുദായങ്ങളിൽപ്പെട്ട മുക്കുവരാണ് ഈ പ്രദേശങ്ങളിൽ താമസിച്ചിരുന്നത്. നാട്ടുരാജാക്കന്മാരുടെ ഭരണത്തിൻകീഴിൽ സവർണ്ണ മേധാവിത്വത്തിൽ മുലക്കരം, മൂലക്കരം എന്ന പേരുകളിൽവരെ വിവിധ നികുതികൾ ചുമത്തിയും അവർണ്ണർ എന്ന പേരിൽ പുറന്തള്ളിയും പീഡിപ്പിക്കപ്പെട്ടവരായിരുന്നു ഈ പ്രദേശത്തുള്ളവർ. സമൂഹത്തിലെ ഓരത്തു തള്ളപ്പെട്ടവരെയാണ് കടൽമാർഗ്ഗം വന്ന മിഷനറിമാർ സ്വാധീനിച്ചത്. സ്വന്തം നാട്ടിലെ മേലാളന്മാരുടെ പീഡനവും ക്രൂരതയും സഹിക്കവയ്യാതെ നട്ടംതിരിഞ്ഞിരിക്കുന്ന ഒരു ജനത, മിഷനറിമാരുടെ സുവിശേഷ പ്രഘോഷണവും സ്നേഹത്തോടെയുള്ള സമീപനവും അതിലൂടെ പരിശുദ്ധാത്മാവിന്റെ സംസർഗ്ഗം അനുഭവിച്ച മത്സ്യതൊഴിലാളികൾ കൂട്ടത്തോടെ ക്രൈസ്തവ മതം സ്വീകരിച്ചു. അങ്ങനെ ക്രൈസ്തവ മതം സ്വീകരിച്ച ഓരോ പ്രദേശത്തും കൂട്ടമായി വസിച്ചവരുടെ എണ്ണത്തിനനുസരിച്ച് വിഴിഞ്ഞം പ്രദേശത്ത് ഇരുന്നൂറ്റവർ എന്നും വലിയ ഭാഗത്ത് മുന്നൂറ്റവർ എന്നും ആലപ്പുഴ പ്രദേശത്ത് അഞ്ഞൂറ്റവർ എന്നും തൃശൂർ ഭാഗത്ത് എഴുന്നൂറ്റവർ എന്നും വിളിക്കപ്പെട്ടിരുന്നു. ഇവ സ്ഥിരീകരിക്കുന്ന തരത്തിലാണ് പോർച്ചുഗീസുകാരുടെ വിഴിഞ്ഞത്തെ ക്രിസ്ത്യാനികളുടെ എണ്ണം സൂചിപ്പിക്കുന്നത്. കൂടാതെ വിഴിഞ്ഞം ആദികാലം മുതലെ സുഗമമായ മത്സ്യബന്ധനത്തിന് യോഗ്യമായ പരമ്പരാഗത തുറമുഖം ആയതിനാൽ അയൽഗ്രാമങ്ങളിൽനിന്നും അപകടരഹിത മത്സ്യബന്ധനം ആഗ്രഹിച്ചവരും വിവാഹംവഴി ബന്ധംസൃഷ്ടിച്ചവരുമായ പലരും സ്വന്തം നാടുകളിൽ തിരിച്ചുപോകാതെ ഇവിടെ തന്നെ സ്ഥിരതാമസം ആക്കിയതിനാലും വിഴിഞ്ഞത്തെ ജനസാന്ദ്രത ഉയരുവാൻ കാരണമായി.

വിഴിഞ്ഞം ജനതയുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ആത്മീയതയുടെയും അടയാളമാണ് വിഴിഞ്ഞം കടലിനോട് ചേർന്ന് നില്ക്കുന്ന സിന്ധുയാത്ര മാതാ ദൈവാലയം. ടി ദൈവാലയം 150 വർഷത്തിന്റെ നിറവിലാണ്. ദേശത്തിന്റെ ആത്മഗോപുരമായ ഈ ദൈവാലയം ജനത്തിന്റെ വിശ്രമത്തിനും വിമോചനത്തിനും വിശുദ്ധിയ്ക്കും നിദാനമാകുന്നത് ചാരിതാർത്ഥ്യജനകമാണ്.

അനുസ്മരണം





# ഫാ. ജെറോം ഡിസൂസ : കത്തോലിക്ക സഭയുടെ അഭിമാനസ്തംഭം

ഷാജി ജോർജ്

**ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭയിൽ 299 അംഗങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ ഒരു കത്തോലിക്ക വൈദികനും അംഗമായി പ്രവർത്തിച്ചു; ഫാ. ജെറോം ഡിസൂസ.**



ഇന്ത്യൻ ഭരണഘടന നിർമ്മാണ സഭയിൽ 299 അംഗങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ ഒരു കത്തോലിക്ക വൈദികനും അംഗമായി പ്രവർത്തിച്ചു; ഫാ. ജെറോം ഡിസൂസ. ഇന്ത്യയിലെ ആദിവാസികൾക്കു നീതി ലഭിക്കാൻ നിലപാടെടുത്തതിന്റെ പേരിൽ ഭരണാധികാരികൾ ജയിലിൽ അടയ്ക്കുകയും തുടർന്ന് മരണമടയുകയും ചെയ്ത ഫാദർ സ്റ്റാൻ സ്വാമി അംഗമായിരുന്ന ഈശോസഭയിലെ അംഗം തന്നെയായിരുന്നു ഫാ ജെറോം ഡിസൂസയും. ഭരണഘടനയുടെ 75-ാം വാർഷികത്തിൽ പത്രപ്രവർത്തകൻ റൂബിൻ ജോസഫ് ഭരണഘടനാ നിർമ്മാണ സഭയിൽ നടന്ന കൗതുകചർച്ചകൾ മനോരമയുടെ ഞായറാഴ്ചപ്പതിപ്പിൽ എഴുതിയിട്ടുണ്ട്. ഭാവിയിൽ നമ്മൾ നീന്തിക്കയറേണ്ട പ്രക്ഷുബ്ധമായ കടലിനെകുറിച്ച് അന്ന



ത്തെ ആഭ്യന്തര വകുപ്പ് മന്ത്രി സർക്കാർ വല്ലഭായി പട്ടേൽ ഭരണഘടനാ നിർമ്മാണസഭയിൽ ഓർമ്മപ്പെടുത്തുന്നുണ്ട്. സ്വതന്ത്ര ഇന്ത്യയുടെ മുന്നോട്ടുള്ള കുതിപ്പിൽ, നീതിക്കു വേണ്ടി പൊരുതി ജീവിതം നഷ്ടപ്പെടുത്തിയ നിഷ്കളങ്ക രിൽ ഒരാളാണ് ഫാ. സ്റ്റാൻസ്വാമി. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് വഴികാട്ടിയ ഫാ. ജെറോം ഡിസൂസയെ പോലുള്ള മഹാത്മാക്കൾ രാജ്യത്തിന് നൽകിയ സംഭാ വനകൾ ഓർക്കുന്നത് ഉചിതമെന്ന് കരുതുന്നു. വെള്ളം കുടിക്കാൻ സ്ട്രോ പോലും ഫാ.സ്റ്റാൻ സ്വാമിക്ക് നി ഷേധിച്ച ഭരണാധികാരികൾക്ക് ഇന്ത്യൻ ഭരണഘടന പ്രഖ്യാപിക്കുന്ന മനുഷ്യാവകാശങ്ങളും നീതിബോധവും ഓർമ്മപ്പെടുത്താൻ അത് ഉപകരിച്ചാൽ നന്ന്.

1897 ഓഗസ്റ്റ് 6-ന് മംഗലാപുരത്തിനടുത്ത് മുൽ ക്കിയിൽ ജെറോം ഡിസൂസ ജനിച്ചു. ജെറോം കുട്ടികളിൽ ഏറ്റവും ജാഗ്രതയും ബുദ്ധിയുള്ളവനുമായിരുന്നു, എന്നാൽ വളർത്താൻ ഏറ്റവും ബുദ്ധിമുട്ടുള്ളവനുമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ സഹോദരി കാർമലൈറ്റ് പറഞ്ഞിട്ടുണ്ട്. സ്കൂളിൽ, പഠനകാര്യങ്ങളിൽ ഒന്നാമനായിരുന്നില്ലെങ്കിലും, വളരെ ബുദ്ധിമാനും വലിയ വായനക്കാരനുമായിരുന്നു. കർശനമായ അച്ചടക്കത്തോട് അദ്ദേഹത്തിന് ശക്തമായ വെറുപ്പുണ്ടായിരുന്നു, അദ്ദേഹത്തിന്റെ രീതികളും പെരു മാറ്റവും പ്രവചനാതീതമായിരുന്നു. ബാലനായ ജെറോം എപ്പോഴും വികൃതിക്കും സാഹസത്തിനും തയ്യാറായിരു ന്നു. അസാധാരണമാംവിധം സജീവവും സൗഹൃദപര വുമായിരുന്നു, ഒപ്പം സുഹൃത്തുക്കളെ ഉണ്ടാക്കാനുള്ള ശ്രദ്ധേയമായ കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു. ഈ ഗുണങ്ങളെല്ലാം അദ്ദേഹത്തെ ഒരു നേതാവും എല്ലാവർ ക്കും പ്രിയങ്കരനുമാക്കി.

ജെറോമിന് ഭാഷകളിൽ വലിയ അഭിരുചി ഉണ്ടാ യിരുന്നു. ചെറുപ്പത്തിൽ കൊങ്കണി, മറാത്തി, തുളു, ഹിന്ദി, ഉറുദു, കന്നഡ, ഇംഗ്ലീഷ് എന്നീ ഏഴ് ഭാഷകൾ സംസാരിക്കാൻ അദ്ദേഹത്തിന് അറിയാമായിരുന്നു. പിന്നീട് തമിഴും നിരവധി യൂറോപ്യൻ ഭാഷകളും പഠിച്ചു. പിന്നീടുള്ള വർഷങ്ങളിൽ, ഇംഗ്ലീഷ് കൂടാതെ, ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ, ജർമ്മൻ ഭാഷകളിലുള്ള അദ്ദേഹ ത്തിന്റെ പ്രാവീണ്യം നിരവധി വാതിലുകൾ തുറക്കുകയും ലോകത്തിന്റെവിവിധ ഭാഗങ്ങളിൽ ഇന്ത്യൻ സംസ്കാരം, ചരിത്രം, രാഷ്ട്രീയം എന്നിവയെക്കുറിച്ച് പ്രഭാഷണങ്ങളും സെമിനാറുകളും നടത്താൻ അദ്ദേഹത്തെ പലപ്പോഴും ക്ഷണിക്കുകയും ചെയ്തു.ജെറോം ഡിസൂസ നാട്ടിലെ സ്കൂളിൽ പഠനം പൂർത്തിയാക്കിയ ശേഷം സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസത്തിനായി മംഗലാപുരത്തെ സെന്റ് അലോഷ്യസ് കോളേജിലേക്ക് പോയി. അവിടെ നിന്ന് തിരു ച്ചിറപ്പള്ളിയിലെ സെൻറ് ജോസഫിലേക്കും ഒടുവിൽ മദ്രാ സിലെ (ഇപ്പോൾ ചെന്നൈ) പ്രസിഡൻസി കോളേജിലും ചേർന്നു, അവിടെ ഇംഗ്ലീഷ് സാഹിത്യത്തിൽ ഒന്നാം ക്ലാസോടെ ബിഎ (ഓണേഴ്സ്) പൂർത്തിയാക്കി.ബിരു ദപഠനത്തിനു ശേഷം അദ്ദേഹം സെൻറ് ജോസഫിൽ ലക്ചററായി. കോളേജിലെ പുരോഹിതരുടെ മാതൃക, അദ്ദേഹത്തെ സന്യാസജീവിതത്തിലേക്ക് പ്രചോദിപ്പിച്ചു. അത് പ്രബലപ്പെടുകയും ഉറച്ച തീരുമാനത്തോടെ സന്യാ സജീവിതംതിരഞ്ഞെടുക്കുകയും ചെയ്തു. 1921 മെയ് 27 ന് സൊസൈറ്റി ഓഫ് ജീസസ് (ഈശോ സഭ) നോവി ഷ്യേറ്റിൽ ചേർന്നു. 1926-ൽ ജെറോം തന്റെ നോവിഷ്യറ്റ് പൂർത്തിയാക്കി. തുടർന്ന് ദൈവശാസ്ത്ര പഠനത്തിനായി ബെൽജിയത്തിലേക്ക് യാത്രയായി. നാലു വർഷത്തെ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി 1931 ഓഗസ്റ്റ് 30-ന് അദ്ദേഹം വൈദികനായി അഭിഷിക്തനായി.1933-ൽ തിരുച്ചിറപ്പള്ളിയിലെ സെൻറ് ജോസഫ് കോളേജിൽ പ്രൊഫസറായി ഫാ. ജെറോം ഡിസൂസ നിയമിതനായി. ഒരു വർഷം പിന്നിട്ടപ്പോൾ അദ്ദേഹം അതിന്റെ പ്രിൻസി പ്പലായി നിയമിക്കപ്പെട്ടു,

സി രാജഗോപാലാചാരി, ജവഹർലാൽ നെഹ്റു തുടങ്ങിയ രാഷ്ട്രീയ വ്യക്തിത്വങ്ങളുമായി ഫാ. ജെറോ മിന്റെ ബന്ധത്തിന്റെ തുടക്കം ഈ കാലഘട്ടത്തിലാണ്. 1938 ഏപ്രിലിൽ ഫാ.ജെറോം ഡിസൂസയെ കോളേജിന്റെ റെക്ട റായി തിരഞ്ഞെടുത്തു. 1942-ൽ ചെന്നൈയിലെ ലയോള കോളേജിലേക്ക് മാറ്റി. റെക്ടറായും പ്രിൻസിപ്പലാ യും അദ്ദേഹം ചുമതലയേറ്റു, ഇത്തരമൊരു ഉത്തരവാദി ത്തം ലഭിച്ച ആദ്യത്തെ ഇന്ത്യക്കാരനാണ്. ലയോളയിലെ അദ്ദേഹത്തിന്റെനിരവധി ചുമതലകൾ കൂടാതെ, പൊതു കാര്യങ്ങളിലും അദ്ദേഹം ഏർപ്പെട്ടു. ഫാ.ജെറോം യുദ്ധ പുനർനിർമ്മാണ സമിതിയിൽ അംഗമായി, പ്രത്യേകിച്ച് യുദ്ധാനന്തര വിദ്യാഭ്യാസത്തിന്റെ ആസൂത്രണത്തിൽ. 1946-ൽ മദ്രാസ് സർവ്വകലാശാല അദ്ദേഹത്തെ ദശാംശ പരിശോധനാ സമിതിയുടെ ഭാഗമായി നിയമിച്ചു. തുടർ ന്ന് ഇന്ത്യൻ ഭരണഘടന രൂപീകരിക്കേണ്ട ഭരണഘട നാ അസംബ്ലിയിൽ അംഗമായി. അന്നത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡൻറായിരുന്ന രാ ജഗോപാലാചാരി അദ്ദേഹത്തിന്റെ പേര് മദ്രാസ് നിയമ സഭയിലേക്ക് നിർദ്ദേശിക്കുകയും ഡൽഹിയിലെ ഭരണ

ഘടനാ അസംബ്ലിയിൽ അവരെ പ്രതിനിധീകരിക്കാൻ തിരഞ്ഞെടുക്കുകയും ചെയ്തു. അത് അതുല്യമായ ഒരു ദൗത്യമായിരുന്നു. 1946 മുതൽ 1949 വരെ അദ്ദേഹം പ്രവർത്തിച്ചു. ഭരണഘടന രൂപീകരിച്ചയുടൻ നിയമസഭ തുടർന്നെങ്കിലും അദ്ദേഹം രാജിവച്ചു.

1947 ജനുവരിയിലെ അസംബ്ലിയുടെ രണ്ടാം സിറ്റിംഗിൽ, ഒരു സംയോജിത രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനുള്ള അനിവാര്യമായ ആവശ്യകതയ്ക്കൊപ്പം ഒരു ന്യൂനപക്ഷ സമുദായത്തിന്റെ അവകാശങ്ങൾ ശ്രദ്ധാപൂർവ്വം സന്തുലിതമാക്കുന്നതിന് ഫാ. ജെറോം ശക്തമായ വാദങ്ങൾ ഉയർത്തി. മൗലികാവകാശ സ്വാതന്ത്ര്യം ഉറപ്പുനൽകുന്ന ആർട്ടിക്കിൾ 25-ന്റെചർച്ചയിലും പാസാക്കലിലും അദ്ദേഹം ഒരു പ്രധാന പങ്ക് വഹിച്ചു. മൗലികാവകാശം, മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം, സ്വതന്ത്രമായി മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം, ന്യൂനപക്ഷ അവകാശങ്ങൾ തുടങ്ങിയവ ഭരണഘടനയിൽ ഉൾപ്പെടുത്തുന്നതിൽ അദ്ദേഹം സുപ്രധാന സംഭാവന നൽകി. 1949-ൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു, ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിലെ ഇന്ത്യൻ പ്രതിനിധി സംഘത്തിലെ അഞ്ച് അംഗങ്ങളിൽ ഒരാളായി ഫാ.ജെറോമിനെ നാമനിർദ്ദേശം ചെയ്തു. ഐക്യരാഷ്ട്രസഭയുടെ നാല് സെഷനുകളിൽ അദ്ദേഹം പങ്കെടുത്തു: ആദ്യത്തേത് 1949-ലും, രണ്ടാമത്തേത് 1951-1952-ലും, മൂന്നാമത്തേത് 1955-ലും നാലാമത്തേത് 1957-ലും. വിദ്യാഭ്യാസ കാര്യങ്ങളിൽ പലപ്പോഴും അദ്ദേഹത്തോട് കൂടിയാലോചിച്ചിരുന്ന നെഹ്റുവിന്റെ വിശ്വാസവും ആദരവും ഫാ. ജെറോം നേടി.

1951-ൽ അദ്ദേഹം സേവ്യർ ബോർഡ് ഓഫ് ഹയർ എജ്യുക്കേഷൻ ഇന്ത്യയിൽ സ്ഥാപിച്ചു, ഇന്ത്യയിലെ എല്ലാ കത്തോലിക്കാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഏക സംഘടന. അതിന്റെ ദേശീയ ഓഫീസ് സ്ഥിതി ചെയ്യുന്നത് ബാംഗ്ലൂരിലാണ്. അതേ വർഷം തന്നെ ഇന്ത്യയിലെ സാമൂഹിക പ്രശ്നങ്ങൾ പഠിക്കാൻ പൂനെയിൽ ഒരു സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഫാ. ജനറൽ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. സാമൂഹ്യ പ്രവർത്തനത്തിൽ വ്യക്തികളെ പരിശീലിപ്പിക്കാൻ പൂനെയിലെ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി. ഇന്ത്യയുടെ സാമൂഹിക പ്രശ്നങ്ങളും പുതിയ സംരംഭവും ചർച്ച ചെയ്യുന്ന "സോഷ്യൽ ആക്ഷൻ" എന്ന പേരിൽ ഒരു ജേർണലും അവിടെനിന്ന് ആരംഭിച്ചു. ഇപ്പോൾ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ഡൽഹിയിലെ ലോധി റോഡിൽ പ്രവർത്തിക്കുന്നു. 1957 ജനുവരിയിൽ, സൊസൈറ്റി ഓഫ് ജീസസിന്റെ 30-ാമത് ജനറൽ കോൺഗ്രിഗേഷൻ ഫാ.ജെറോമിനെ ജനറൽ അസിസ്റ്റൻസ് ഫാദറായി തിരഞ്ഞെടുത്തു. ഏഷ്യൻ കാര്യങ്ങളുടെ സുപ്പീരിയർ ജനറലിന്റെ അസിസ്റ്റന്റും ഉപദേശകനുമായി അദ്ദേഹം റോമിൽ തുടർന്നു. ഈ നിയമനം 1968 വരെ നീണ്ടുനിന്നു. റോമിലെ അദ്ദേഹത്തിന്റെ ജീവിതത്തിനിടയിൽ സഭയിലെ മഹത്തായ വ്യക്തികളുമായി സമ്പർക്കം പുലർത്തി. കൂടാതെ സൂക്ഷ്മമായ നയതന്ത്ര ചർച്ചകളിലും ഏർപ്പെട്ടു. ഇന്ത്യയിലെ ബിഷപ്പുമാരുടെ നിയമനത്തിൽ പോർച്ചുഗലിന് അനാവശ്യമായ അധിപ്രായങ്ങൾ നൽകിയ പോർച്ചുഗീസ് പാദ്രവാദോ സമ്പ്രദായം അവസാനിപ്പിക്കാൻ അദ്ദേഹം വത്തിക്കാനുമായി ചർച്ച നടത്തി. ഫ്രഞ്ച് ഗവൺമെൻറുമായുള്ള ചർച്ചകളിലും അദ്ദേഹം ഏർപ്പെട്ടിരുന്നു, ആത്യന്തികമായി ഫ്രഞ്ച് കൊളോണിയൽ സെറ്റിൽമെന്റുകളായ പോണ്ടിച്ചേരി, ചന്ദനഗർ (ചന്ദർനാഗോർ) എന്നിവ സ്വതന്ത്ര ഇന്ത്യയിലേക്ക് സമാധാനപരമായി കൈമാറുന്നതിലേക്ക് ആ ചർച്ചകൾ നയിച്ചു.

വത്തിക്കാൻ ഫാ. ജെറോമിനെ സന്യസ്ത സഭകൾക്കായുള്ള എക്ലെസിയാസ്റ്റിക്കൽ കമ്മീഷൻ അംഗം, വിശ്വാസ തിരുസംഘത്തിന്റെ കൺസൾട്ടന്റ്, പൊന്തിഫിക്കൽ മിഷൻ കമ്മീഷൻ അംഗം എന്നിങ്ങനെ നിയമിച്ചു. ഇത് പരിശുദ്ധ പാപ്പ, കർദ്ദിനാൾമാർ, ലോകത്തിലെവിവിധ രാജ്യങ്ങളിൽനിന്നുള്ള മെത്രാന്മാർ, സന്യസ്ത സഭകളിലെ ശ്രേഷ്ഠർ എന്നിവരോടൊക്കെ നിരന്തരം ഇടപഴകി ജീവിക്കാൻ അദ്ദേഹത്തിന്അവസരം ഒരുക്കി. 1968-ൽ ഇന്ത്യയിലേക്ക് മടങ്ങിയെത്തി എഴുത്തിലും പുസ്തക രചനയിലും മുഴുകി. 1977 ഓഗസ്റ്റ് 12-ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. പിന്നെ പതിവുപോലെ ലോകം അദ്ദേഹത്തെ മറന്നു. രണ്ടു പതിറ്റാണ്ടുകൾക്കുശേഷം ഫാ. ജെറോം ഡിസൂസയുടെ ജന്മശതാബ്ദിയിൽ ഭാരത സർക്കാർ അദ്ദേഹത്തിന്റെ സ്മരണാർഥം ഒരു തപാൽ സ്റ്റാമ്പ് പുറത്തിറക്കി.

ഇന്ന് 145 കോടി ജനങ്ങളുടെ ഹൃദയഭൂമിയായ ഇന്ത്യയുടെ ഭരണഘടനയിൽ ഒപ്പുവെച്ച ഈ പുരോഹിതശ്രേഷ്ഠന്റെ, ഫാ.ജെറോം ഡിസൂസ എസ്.ജെ യുടെ സ്മരണ ദീപതമാണ്. ആദരപൂർവ്വം തല കുനിക്കുന്നു.

●






# ചരിത്രഹത്യയുടെ വീണ്ടെടുപ്പും കുറെ സമയസൂചനകളും

## (രേഖാചിത്രം എന്ന സിനിമയെക്കുറിച്ച്)

സുനിൽ സി.ഇ

ചലച്ചിത്രകാരന്റെ ഭാവന പലതവണ നമുക്ക് ജീവിതം തിരിച്ചുതരും. കാണി എന്ന പദവിയുള്ള മനുഷ്യന് സാവധാനം കൺപോളകൾ അടയ്ക്കാനും തുറക്കാനും കഴിഞ്ഞാൽ സ്വന്തം ചരിത്രം സ്മൃതിയിൽ എത്തുമെന്ന് പറഞ്ഞുതരുന്നത് ചില സിനിമകൾ തന്നെയാണ്. നഷ്ടങ്ങളുടെ ചുഴിയിൽപ്പെട്ട് തിരിച്ച് ഭ്രമണം ചെയ്യുന്നത് നഷ്ടവിമോചനത്തിലൂടെയാണെന്ന് പറഞ്ഞുതരുന്നതും ചിലപ്പോൾ സിനിമകൾ തന്നെയാവും. കുറ്റങ്ങളുടെ വന്യത ഭാഷാപ്രയോഗങ്ങളെ നിയന്ത്രിക്കാതെതന്നെ ഒരു സിനിമ അതിന്റെ ലക്ഷ്യങ്ങളിലേക്ക് കുതിക്കുന്നതിനെ സൂക്ഷിച്ചു വീക്ഷിക്കേണ്ടതുണ്ട്. കുറ്റകൃത്യങ്ങളെ ചോദ്യം ചെയ്യാതെ അവയെ സ്വാംശീകരിച്ച് അവയുടെ നിയമാവലികൾ പിന്തുടരുന്ന ഏതെല്ലാംവിധമാണ് സമീപിക്കുന്നതെന്നും ചരിത്രഹത്യയുടെ വീണ്ടെടുപ്പിനെ ചിത്രീകരിക്കാൻ സമയസൂചനകൾ എങ്ങനെ വഴിയൊരുക്കുന്നെന്നും ഒക്കെയുള്ള ചില നിരീക്ഷണങ്ങൾക്ക് പഴുതുകൾ തുറന്നിടാൻ ജോഫിൻ ടി ചാക്കോയുടെ ദൃശ്യയജ്ഞങ്ങൾക്കാകുന്നു. സെല്ലുലോയ്ഡിൽ നിന്നും ചരിത്രഹത്യ ചെയ്യപ്പെട്ട പി.കെ.റോസി എന്ന നായികയെക്കുറിച്ചു മാത്രമേ മലയാള സിനിമാ ചരിത്രം ശബ്ദിച്ചിട്ടുള്ളൂ. പക്ഷേ രേഖാചിത്രം നിരവധി നഷ്ടനായികമാരുടെ മൃതാത്മ കുറ്റമോചന സ്ഥലമെന്ന നിലയ്ക്കാണ് ചിത്രീകൃതമായിട്ടുള്ളത്. കുറ്റാന്വേഷണത്തിന്റെ പുതിയ നിയമത്തിൽ കാൽ കഴുകുന്ന ഒരു സിനിമ കുറ്റകൃത്യങ്ങളെ പുതിയ രക്തംകൊണ്ട് അലക്കി വെളുപ്പിക്കുകയാണ് ചെയ്യുന്നത്. തക്കനേരത്ത് നായികാജീവിതം പുറത്തെടുക്കാൻ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട സ്ത്രീകളുടെ വനസ്ഥലിയായും രേഖാചിത്രത്തെ നമുക്ക് വായിക്കാവുന്നതാണ്. ഒരു സാങ്കല്പിക ചരിത്രത്തിനുള്ളിൽ നിഗൂഢതകളെയും






ആകാംഷകളെയും അറിഞ്ഞ് ചിട്ടയൊപ്പിക്കുകയും അതിനെ സൗന്ദര്യശാസ്ത്രപരമായി നിഷ്കാസിതമാക്കപ്പെട്ട നിരവധി നായികമാർക്കുള്ള അർച്ചനയായും സ്ക്രീൻസ്പേസിൽ എത്തിക്കാനാണ് ശ്രമിച്ചിരിക്കുന്നത്. മലയാള സിനിമയിലെ ആദ്യനായിക പി.കെ.റോസി മുതൽ ശോഭവരെയുള്ളവർ പല ഘട്ടങ്ങളിലായി ആട്ടിയോടിക്കപ്പെട്ടിട്ടുണ്ട്. ചിലർ കൊലചെയ്യപ്പെടുകയും ആത്മഹത്യ ചെയ്യുകയും ചെയ്തു. ഒരു കുറ്റാന്വേഷണ സിനിമയുടെ രൂപം പേറുന്നെങ്കിലും ഇത് നഷ്ടനായികമാർക്കുള്ള ആദരമായി വേണം വായിക്കപ്പെടാൻ. ചലച്ചിത്രകാരൻ കെ.ജി.ജോർജ്ജിന്റെ ഏറെ ചർച്ചചെയ്യപ്പെട്ട ഒരു ചിത്രമാണ് "ലേഖയുടെ മരണം ഒരു ഫ്ളാഷ്ബാക്ക്" എന്നത്. ഈ സിനിമയുടെയും 'യവനിക' എന്ന ചിത്രത്തിന്റെയും രാഷ്ട്രീയസ്വരൂപത്തെ ഏറ്റവും പുതിയ കാലത്തിൽവെച്ച് പരിചരിക്കാനാണ് ജോഫിൻ ശ്രമിച്ചിരിക്കുന്നത്.

### നിരവധി സിനികൾക്കുള്ളിലെ ഒരു സിനിമ

രേഖാചിത്രം ഒരു സിനിമാസമാഹാരമാണ്. പ്രേക്ഷകന്റെ വിലോലമായ മനസ്സിൽ നിഴലും വെളിച്ചവും മാറിമാറി വീഴ്ത്തിക്കൊണ്ട് കടന്നുപോകുന്ന ദൃശ്യപ്രതീതികളുടെ നീണ്ട പരമ്പരയിൽ നിന്നാണ് ജോസഫിൻ തന്റെ ഫ്രെയിമുകൾ ഒരുക്കൂട്ടിയിരിക്കുന്നത്. പല സിനിമാലൊക്കേഷനുകളിലെ മരത്തലപ്പിലും ആകാശക്കീറുകളിലും കരിയില മൂടിയ വഴികളിലും ഉറങ്ങിക്കിടക്കുന്ന മൗനം യവനികയിലെന്നപോലെയോ കാതോട് കാതോരത്തിലെന്നപോലെയോ പരിപക്വതയിലേക്കു നയിക്കുന്ന ഒന്നല്ല. മറിച്ച് അത് മനസ്സിനെ അസ്വസ്ഥമാക്കുന്നു. ലേഖയുടെ മരണം ഒരു ഫ്ളാഷ്ബാക്കിലെ ലേഖ എന്ന നടിയുടെ അസ്വാഭാവിക മരണത്തെ സാങ്കല്പിക ചരിത്രമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇതേ മട്ടിലുള്ള ഒരു സാങ്കല്പിക ചരിത്രത്തെയാണ് ഭരതന്റെ കാതോട് കാതോരത്തോട് ചേർത്തുപിടിച്ച് ജോഫിൻ രേഖാചിത്രത്തിൽ പരീക്ഷിക്കുന്നതും. യവനിക എന്ന സിനിമ ഇതേ നായികാചരിത്രത്തെ നാടകത്തിലൂടെയാണ് വീണ്ടെടുക്കാൻ ശ്രമിക്കുന്നത്. പക്ഷേ രേഖാചിത്രത്തിലെ നായകന്റെ യാത്ര സിനിമയിലൂടെയാണ്. മലക്കപ്പാറ സി.ഐ.വിവേകിന് കണ്ടെത്തേണ്ടത് കൊല ചെയ്യപ്പെട്ട ഒരു പെണ്ണിന്റെ കുറ്റവാളികളെയെന്നതിനേക്കാൾ, കൊല ചെയ്യപ്പെട്ടവരുടെ അസ്തിത്വത്തെയാണ്. ഒരു ശരാശരി അപസർപ്പക സിനിമയുടെ എല്ലാത്തരം ക്ലീഷേകളെയും തകർത്തെറിയുന്നത് രേഖയുടെ അസ്തിത്വാന്വേഷണമാണ്. ഇരയുടെ രാഷ്ട്രീയത്തെ ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ സിനിമയാക്കി രേഖാചിത്രത്തെ മാറ്റുന്നത് ഈ അസ്തിത്വാന്വേഷണമാണ്. കഥയേക്കാൾ കുറുങ്ങിയ തിരക്കഥയാൽ സിനിമയുടെ രാഷ്ട്രീയത്തെ കോർത്തെടുക്കാൻ രാമു സുനിലിനും ജോൺമന്ത്രിക്കലിനും സാധിച്ചിട്ടുണ്ട്. കള്ളങ്ങൾ അധികമുള്ളതുകൊണ്ടുതന്നെ ഇത് ചരിത്രത്തിന്റെ ഹത്യചെയ്യപ്പെട്ട സത്യങ്ങളെയാണ് പുറത്തെത്തിക്കുന്നത്. ●



# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

**2025 മാർച്ച് മാസത്തെ ഉപയോഗത്തിനായി അതിരൂപത ബി.സി.സി.കമ്മിഷൻ തയ്യാറാക്കിയത്**




1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം
2. ആമുഖം

സ്നേഹം നിറഞ്ഞവരെ, പലപ്പോഴും കൂടെയുള്ളവരുടെ സാന്നിധ്യം നമ്മെ അലോസരപ്പെടുത്തുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുക. ഒറ്റപ്പെടുവാനും, ഒറ്റപ്പെടുത്തുവാനും ധാരാളം ശ്രമങ്ങൾ ഇന്ന് ഒളിഞ്ഞും തെളിഞ്ഞും ഏറെയുണ്ട്. ഈ പശ്ചാത്തലത്തിലാണ് സുവിശേഷത്തെ ഇന്ന് നാം ധ്യാനിക്കുക. മംഗളവാർത്തയെ തുടർന്ന് പരിശുദ്ധ കന്യകാമറിയം തന്റെ ഇളയമ്മയായ എലിസബത്തിനെ സന്ദർശിക്കുന്ന മറിയത്തിന്റെ യാത്ര നമ്മെ രണ്ടു കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നു.

3. യേശുവിനെ ക്ഷണിക്കൽ
4. ദൈവവചന പാരായണം (ലൂക്കാ 1:39-45)
5. വചനഭാഗം പങ്കുവയ്ക്കൽ
6. നിശബ്ദധ്യാനം
7. വചനാനുഭവം പങ്കുവയ്ക്കൽ
8. വചനവിചിന്തനം

പ്രിയപ്പെട്ടവരെ നാം വായിച്ചുകേട്ട വചനഭാഗം നമുക്ക് രണ്ട് പ്രധാന സന്ദേശങ്ങൾ നൽകുന്നുണ്ട്.

**i) തന്റെ സാന്നിധ്യം കൊണ്ട് സമാശ്വാസമാകുന്ന മറിയം**

മറിയത്തിന്റെ സാന്നിധ്യം എലിസബത്തിന്റെ കുടുംബത്തിൽ ആശ്വാസമായി മാറുന്നുണ്ടിവിടെ. മറിയത്തെ കണ്ടയുടൻ എലിസബത്ത് ഇപ്രകാരം പറയുന്നു 'നിന്റെ ഉദരഫലം അനുഗ്രഹീതമാകുന്നു!' സ്വഭാവികമായും ഇവിടെ ഉയരുന്ന ചോദ്യം എലിസബത്ത് എങ്ങനെ അറിഞ്ഞു എന്നതായിരിക്കം. എലിസബത്ത് ഗർഭിണിയാണ് എന്ന് മറിയം ദൂതനിൽ നിന്ന് അറിഞ്ഞു. എന്നാൽ മറിയം ഗർഭവതിയാണ് എന്ന വിവരം എലിസബത്ത് എങ്ങനെ അറിഞ്ഞു? 'എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞു' എന്ന ഒറ്റവാചകത്തിൽ സുവിശേഷകൻ ഇതിന് ഉത്തരം സംഗ്രഹിച്ചിരിക്കുന്നു. അരൂപിയാണ് മറിയത്തിന്റെ ഉദരഫലത്തിന്റെ കാര്യം എലിസബത്തിന് വെളിപ്പെടുത്തിയത്. 'ഇത് എന്റെ കർത്താവിന്റെ അമ്മ'യാണ് എന്ന് എലിസബത്ത് അറിഞ്ഞു. ഒരു പുരോഹിതന്റെ ഭാര്യയെന്ന് അഹങ്കരിക്കാതെ കർത്താവിന്റെ അമ്മയോട് വിധേയത്വം കാണിക്കുന്ന എലിസബത്ത് അനുകരണീയമായ മാതൃകയാണ്. ഒരുപക്ഷേ ഈ അമ്മയുടെ എളിമയാകണം സ്നാപനകയോഹന്നാനിൽ നിഴലിക്കുക. 'എന്റെ പിന്നാലെ വരുന്നവന്റെ ചെരുപ്പിന്റെ വാർ അഴിക്കാൻ പോലും ഞാൻ യോഗ്യനല്ല' (യോഹ. 1:27).

തന്റെ പ്രിയപ്പെട്ടവരുടെ ആവശ്യം കണ്ടറിഞ്ഞ് ഓടിയെത്തുന്ന പരിശുദ്ധ കന്യകാമറിയത്തെ സുവിശേഷത്തിൽ കാണുവാൻ സാധിക്കും. മറിയത്തിന് മറ്റുള്ളവരുടെ ഉള്ള് മനസിലാക്കുവാൻ കഴിവ് ദൈവം നൽകിയിരുന്നു. അതുകൊണ്ടുതന്നെ വാർധക്യാവസ്ഥയിലായിരുന്ന ഇളയമ്മയെ ശുശ്രൂഷിക്കുവാൻ മറിയത്തിന് ഒരു മടിയുമുണ്ടായിരുന്നില്ല. മറിയത്തിന്റെ വിശ്വാസത്തിന് ഏറ്റവും വലിയ അംഗീകാരം ലഭിക്കുക എലിസബത്തിൽ നിന്നായിരുന്നു. 'കർത്താവ് അരുൾ ചെയ്ത കാര്യങ്ങൾ നിറവേറും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി'.

**2. തിടുക്കത്തിൽ യാത്ര ചെയ്യുന്ന മറിയം**

സുവിശേഷം സാക്ഷ്യപ്പെടുത്തുക ആ ദിവസങ്ങളിൽ അവൾ തിടുക്കത്തിൽ യാത്ര പുറപ്പെട്ടുവെന്നാണ്. എന്തിനുവേണ്ടിയാകും ഈ തിടുക്കം. ദൈവം തന്റെ ജീവിതത്തിൽ ചെയ്ത വലിയ കാര്യങ്ങളെ ഇളയമ്മയോട് പങ്കുവയ്ക്കുവാനാണ് അവൾ തിടുക്കം കാട്ടിയത്. അതുകൊണ്ടാവണം സ്തോത്രഗീതത്തിൽ അവൾ ഇപ്രകാരം പാടിയത് (ലൂക്കാ. 1:49) 'ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു'. രണ്ടാമതായി അവൾ തിടുക്കം കാട്ടിയത് വാർധക്യത്തിൽ എലിസബത്തിനോട് ദൈവം കാണിച്ച കാരുണ്യത്തെ ഓർത്ത് നന്ദി പറയുവാനാണ്. ലൂക്കായുടെ സുവിശേഷം 19-ാം അധ്യായം 6-ാം വാക്യത്തിൽ ജീവിതത്തിൽ തിടുക്കം കാണിക്കുന്ന സക്കേവൂസിനെ നമുക്ക് കാണാൻ സാധിക്കും. 'അവൻ തിടുക്കത്തിൽ ഇറങ്ങിച്ചെന്ന് സന്തോഷത്തോടെ അവനെ സ്വീകരിച്ചു'. പ്രിയപ്പെട്ടവരെ നമ്മുടെ ജീവിതത്തിൽ ഒത്തിരി തിരക്കുകൾ ഉള്ളവരാണ്, തിടുക്കം കാട്ടുന്നവരാണ്. എന്തിനുവേണ്ടിട്ടാണ് ഈ തിടുക്കം? ദൈവം നൽകിയ നന്മകളെ ഓർത്ത് സ്തോത്രമാലപിക്കുവാൻ നമുക്ക് സാധിക്കാറുണ്ട്.

ചെറുതെന്ന് തോന്നുന്ന പലതിനും ജീവിതത്തിൽ വലിയ വില നൽകിയവളാണ് പരിശുദ്ധ മറിയം. ചിലപ്പോൾ ഒരു പുഞ്ചിരിയാവാം, ചിലപ്പോൾ ചേർത്തുനിർത്തിയുള്ള ആലിംഗനമാകാം, അതുമല്ലെങ്കിൽ തെറ്റാണെന്ന് പൂർണ ബോധ്യമുള്ള വാദപ്രതിവാദങ്ങൾക്കിടയിലെ തെല്ലും നിശബ്ദതയാകാം. >>>>>>>>> പേജ് 38

>>> പേജ് 36

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## 'വിശുദ്ധ കൊച്ചുത്രേസ്യയുടെ കരം പിടിച്ച് പ്രത്യാശയുടെ തീർത്ഥാടകർ ആകാം'; തിരുവനന്തപുരം അതിരൂപതയിൽ ജൂബിലി വർഷത്തിന് തുടക്കമായി



പാളയം: അഗോള സഭയിൽ 2025 വർഷം ജൂബിലി വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ലത്തീൻ അതിരൂപതയിലും ജൂബിലി വർഷാചരണത്തിന് തുടക്കമായി. അതിരൂപതാദ്ധ്യക്ഷൻ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്തയുടെ മുഖ്യ കാർമികത്വത്തിൽ സെന്റ് ജോസഫ് മെട്രോപൊളിറ്റൻ കത്തീഡ്രൽ ദേവാലയത്തിൽ നടന്ന തിരുകർമ്മങ്ങളുടെ മധ്യേ ജൂബിലി ലോഗോ പ്രകാശനം ചെയ്തുകൊണ്ടാണ് ജൂബിലി വർഷത്തിന് തുടക്കംകുറിച്ചത്. "വിശുദ്ധ കൊച്ചുത്രേസ്യയുടെ കരംപിടിച്ച് പ്രത്യാശയുടെ തീർത്ഥാടകർ ആകാം" എന്നതാണ് ആപ്തവാക്യം. പ്രദേശിക സഭയായ അതിരൂപതയുടെ മദ്ധ്യസ്ഥയായ വിശ്രുദ്ധ കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ശദാബ്തിയോടനുബന്ധിച്ചാണ് ഈ വാക്യം തിരഞ്ഞെടുത്തത്. പ്രത്യാശയുടെ പ്രാധാന്യത്തെപ്പറ്റിയും പ്രത്യശയുടെ തീർത്ഥാടനം കുടുംബങ്ങളിൽ ആരംഭിക്കണമെന്നും ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ പറഞ്ഞു. സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് സന്നിഹിതനായിരുന്നു. അതിരൂപതാ വികാർ ജനറൽ ഫാ. യൂജിൻ എച്ച്. പെരേര എല്ലാവർക്കും നന്ദി പറഞ്ഞു.

## ജീവിത വിജയത്തിന് റൂത്തും യൂദിത്തും വിധവകൾക്ക് എന്നും മാതൃക; ക്രിസ്തുമസ് സ്മൈലിൽ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത



വെള്ളയമ്പലം: കുടുംബങ്ങളുടെ സമഗ്ര വളർച്ചയും വീണ്ടെടുപ്പും ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന കുടുംബപ്രേഷിത ശുശ്രൂഷയുടെ ഈ വർഷത്തെ ക്രിസ്തുമസ് സ്മൈൽ ബഹു. മിനി ആന്റണി IAS ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. ജീവിതത്തിലെ വെല്ലുവിളികൾ റൂത്തിനെയും യൂദിത്തിനെയും മാതൃകയാക്കി പ്രത്യാശ നിറഞ്ഞവരാകണമെന്ന് തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത പറഞ്ഞു. അതിരൂപത വികാർ ജനറൽ മോൺ. യൂജിൻ എച്ച്. പെരേര ആശംസകളർപ്പിച്ച് സംസാരിച്ചു. ഈ വർഷം പ്രത്യേക അജപാലനത്തിനായി തിരഞ്ഞെടുത്തത് 45 വയസിന് താഴെയുള്ള വിധവകളെയാണ്.

## മതബോധന പ്രധാന അധ്യാപകരുടെ കൂടിവരവും ക്രിസ്മസ് ആഘോഷവും സംഘടിപ്പിച്ച് അജപാലന ശുശ്രൂഷ



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപതയിലെ മതബോധന പ്രധാന അധ്യാപകരുടെ കൂടിവരവും ക്രിസ്മസ് ആഘോഷവും സംഘടിപ്പിച്ച് അജപാലന ശുശ്രൂഷ. ജൂബിലി ആഘോഷിക്കുമ്പോൾ വ്യക്തികളും കുടുംബങ്ങളും നവീകരിക്കപ്പെടണമെന്നും അതിലൂടെ ഇടവക സമൂഹം നവീകരിക്കപ്പെടണമെന്നും, ശുശ്രൂഷകൾ സജീവമാക്കി സിനഡാത്മക നവീകരണം അതിരൂപതയിൽ പൂർത്തീകരിക്കപ്പെടണമെന്നും അഭിവന്ദ്യ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത പറഞ്ഞു. ഒരു കുഞ്ഞ് ഗർഭാവസ്ഥയിൽ ആയിരിക്കുന്നത് മുതൽ മരണം വരെ വിശ്വാസപരിശീലനം നടക്കണമെന്നും അതിനുവേണ്ട ക്രമീകരണങ്ങൾ വിശ്വാസ ജീവിത പരിശീലനത്തിൽ ഉൾച്ചേർക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

# തിരുവനന്തപുരം ലത്തീൻ അതിരൂപത കെ.സി.വൈ.എമ്മിന് പുതിയ നേതൃത്വം



വെള്ളയമ്പലം: KCYM തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് പുതിയ നേതൃത്വം. പ്രസിഡന്റ് ജോൺ ബ്രിട്ടോ വാൾട്ടർ, ജനറൽ സെക്രട്ടറി രാജീവ്. ആർ എന്നിവരുടെ നേതൃത്വത്തിലുള്ള 2025-26 കാലത്തെ അതിരൂപത സമിതി സഹായ മെത്രാൻ ഡോ. ആർ ക്രിസ്തുദാസിന്റെ സാന്നിധ്യത്തിൽ ചുമതലയേറ്റു. ആൻസി സ്റ്റാൻ സിലാസ്, ഐസക് പി. ചാൾസ് എന്നിവർ വൈസ് പ്രസിഡന്റുമാരായും, റോയ് ജോയ് ട്രഷററായും വിമിൻ എം.വിൻസെന്റ്, കെവിൻ, മെറിൻ രെജൻ, സയാന ജോൺസൺ എന്നിവർ സെക്രട്ടറിമാരായും, നിമിഷ ഷാൻ.എസ്, സ്റ്റെബി സിൽവേരി എന്നിവർ സംസ്ഥാന സെനറ്റ് അംഗങ്ങളായും, സനു സാജൻ പടിയറയിൽ, പ്രീതി എഫ്. എന്നിവർ സംസ്ഥാന സിൻഡിക്കേറ്റായും സത്യപ്രതിജ്ഞ ചെയ്തു.

## ഒരുക്കം 2025; ബി.സി.സി ആനിമേറ്റേഴ്സിനും കോഡിനേറ്റേഴ്സിനും പരിശീലന പരിപാടി നടന്നു



വെള്ളയമ്പലം: അതിരൂപത ബി.സി.സി. കമ്മീഷൻറെ ആഭിമുഖ്യത്തിൽ ബി.സി.സി. സിസ്റ്റർ ആനിമേറ്റേഴ്സ്, കോഡിനേറ്റേഴ്സ് എന്നിവർക്കായി 'ഒരുക്കം 2025' എന്ന പേരിൽ വെള്ളയമ്പലം ആനിമേഷൻ സെൻററിൽ പരിശീലന പരിപാടി നടന്നു. പരിശീലനത്തിൽ അതിരൂപത അധ്യക്ഷൻ തോമസ് ജെ. നെറ്റോ, സഹായമെത്രാൻ ക്രിസ്തുദാസ് ആർ., അതിരൂപത ശുശ്രൂഷാ കോ-ഓർഡിനേറ്റർ ഫാ. ലോറൻസ് കുലാസ്, കെ.ആർ.എൽ.സി.സി. ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺസൺ പുത്തൻവീട്ടിൽ, തിരുവനന്തപുരം അതിരൂപത എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ഡാനിയേൽ ആർ., സാമൂഹിക ശുശ്രൂഷാ ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

നമ്മുടെ സാന്നിധ്യത്തിന് ഒരു ആത്മീയത ഉണ്ടെന്ന് അമ്മ മേരി പഠിപ്പിക്കുന്നു.

9. ദൗത്യമേറ്റെടുക്കൽ
10. സ്വയം പ്രേരിതപ്രാർഥന
11. കർത്തൃപ്രാർഥന
12. സമാപനപ്രാർഥന

**രണ്ടാം ഭാഗം**

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
2. വരവ് ചെലവ് കണക്ക് അവതരണം
3. ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4.ചർച്ചയും പങ്കുവയ്ക്കലും 5. ഹാജർ 6. രഹസ്യപ്പിരിവ് 7. അറിയിപ്പുകൾ 8. നന്ദി 9. സമാപനഗീതം.

## ഡി സി എം എസ് വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് വിതരണം ചെയ്തു

വെള്ളയമ്പലം: അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ലത്തീൻ അതിരൂപത ഡി.സി.എം.എസ് ക്രിസ്മസ് ആഘോഷവും, വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് വിതരണവും, വിവിധ മേഖലകളിൽ മികവ് തെളിയിച്ച പ്രതിഭകളെ ആദരിക്കലും നടന്നു. ഡിസംബർ 27-ന് ആനിമേഷൻ സെന്ററിൽ വച്ച് നടന്ന പൊതുയോഗത്തിൽ ഡിസിഎംഎസ് അതിരൂപത പ്രസിഡന്റ് ശ്രീ.ജോർജ് എസ് പള്ളിത്തറ അധ്യക്ഷനായിരുന്നു. ഉദ്ഘാടനവും ക്രിസ്മസ് സന്ദേശവും അതിരൂപത മെത്രാപ്പോലീത്ത, അഭിവന്ദ്യ ഡോ. തോമസ് ജെ നെറ്റോ നിർവഹിച്ചു.



നീർച്ചാൽ

## സമർപ്പണത്തിന്റെ സൗന്ദര്യം

**ആണ്ടുവട്ടം 4-ാംഞായർ (ഫെബ്രുവരി 2)**

മലാ: 3:1-4; ഹെബ്രാ: 2:14-18; ലൂക്കാ:2:22-40



ഫാ. സി. കെ. തോപ്പിൽ

യേശുവിന്റെ പരിഛേദനവും ദേവാലയത്തിലെ സമർപ്പണവും, ശിമയോന്റെ ദൈവസ്തുതിയുമാണ് ഇന്നത്തെ തിരുവചനത്തിന്റെ പ്രമേയങ്ങൾ. മോശയുടെ നിയമമനുസരിച്ച് ശുദ്ധീകരണത്തിനും കടിഞ്ഞൂൽ പുത്രനെ കാഴ്ച സമർപ്പണത്തിനുമായി അവർ ജറുസലെം ദേവാലയത്തിലെത്തി (ലേവ്യർ 12:6). സാധാരണ മനുഷ്യരെ ബാധിക്കുന്ന അശുദ്ധിയിൽനിന്നുള്ള മോചനം മറിയത്തിന് ആവശ്യമില്ലായിരുന്നു. എങ്കിലും മോശയുടെ നിയമങ്ങൾ പാലിക്കുന്നതിലൂടെ അവിടുന്ന് നിയമങ്ങളുടെ പൂർത്തീകരണമാണ് എന്ന് വെളിപ്പെടുത്തുന്നു.

ശുദ്ധീകരണം നടത്തിയ പുരോഹിതൻ വൃദ്ധനായ ശെമയോനാണ്. രക്ഷകനെ കണ്ടിട്ടേ താൻ മരിക്കുകയുള്ളൂവെന്ന് അദ്ദേഹം പരിശുദ്ധാത്മാവിന്റെ പ്രകാശത്താൽ ഗ്രഹിച്ചിരുന്നു. തന്നിമിത്തം തന്റെ ആശയും പ്രത്യാശയുമായ ശിശുവിനെ കൈയിലെടുത്തപ്പോൾ ശിമയോന്റെ ആനന്ദം അതിന്റെ ഉച്ചിയിലെത്തി. അദ്ദേഹം ഇങ്ങനെ ദൈവത്തെ സ്തുതിച്ചു; "കർത്താവേ, അങ്ങേ വാഗ്ദാനമനുസരിച്ച് അങ്ങേ ദാസനെ സമാധാനത്തോടെ വിട്ടയക്കണമേ" (2:29). ഈ ഭൂമിയിൽനിന്നും ഈ ജീവിതത്തിൽനിന്നുമുള്ള വിടുതലാണ് അയാൾ പ്രാർത്ഥിക്കുന്നത്. അതിനു കാരണം രക്ഷകനെ കണ്ടുകഴിഞ്ഞു എന്നതാണ് (30-31). ദൈവത്തിന്റെ വാഗ്ദാനങ്ങൾ ക്രിസ്തുവിൽ നിറവേറ്റപ്പെടുന്നതായി ശിമയോൻ കാണുന്നു. ക്രിസ്തു സകല മനുഷ്യർക്കുംവേണ്ടിയുള്ള രക്ഷകനാണെന്ന മാലാഖയുടെ (സ്വർഗ്ഗീയ) സാക്ഷ്യം ഇപ്പോൾ ഭൂമിയിലെ വിജ്ഞാനവും വിശുദ്ധിയുമുള്ള വന്ദ്യനായ ഒരാൾ ഏറ്റുചൊല്ലുന്നു. യേശു വിജാതിയർക്ക് വെളിപാടിന്റെ പ്രകാശം. ഇസ്രായേൽ സമൂഹത്തിന്റെ മഹിമ. ഏശയ്യായുടെ പ്രവചനങ്ങൾ ഇവിടെ അന്വർത്ഥമാകുന്നതിന്റെ ധ്വനിയുണ്ട് (ഏശയ്യ:42:6; 46:13; 49:4).

ശിമയോന്റെ വാക്കുകൾകേട്ട് അത്ഭുതപ്പെടുന്ന നിഷ്കളങ്കരും സാധാരണക്കാരുമായ മറിയവും ജോസഫും. അവരെ ശിമയോൻ അനുഗ്രഹിച്ചു. അനുഗ്രഹിക്കുന്ന അവസരത്തിൽ പറഞ്ഞ വാക്കുകൾ യേശുവിന്റെ പരസ്യജീവിതത്തിന്റെയും പീഡാസഹനത്തിന്റെയും ഉത്ഥാനാനന്തര പ്രവർത്തനങ്ങളുടെയും സംഗ്രഹമായി കാണാം. ഏറ്റവും ഒടുവിൽ ശിമയോൻ പറഞ്ഞു. മറിയമേ, നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും... യേശുവിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ അവന്റെ പീഡാസഹനത്തിൽ പങ്കുകാരിയാവുന്നതുവഴി ഉണ്ടാകുന്ന വേദനകളാകാം വിവക്ഷിക്കുന്നത്.

ചുരുക്കത്തിൽ വിശ്വാസമെന്നത് വെറും ഭക്തിയിലേക്ക് എത്താനുള്ളതല്ല. അത് ഭക്തിയിൽനിന്നും വ്യക്തിയുടെ പരിവർത്തനത്തിലേക്കും തദ്വാര സമൂഹത്തിന്റെ പരിവർത്തനത്തിലേക്കും നയിക്കുന്നതാകണം. അന്തസ്സും മാന്യതയും മഹത്വവുമുള്ള വ്യക്തിയെയും സമൂഹത്തെയും സൃഷ്ടിക്കുന്നതാകണം യഥാർത്ഥ ഭക്തിയും വിശ്വാസവും. വ്യക്തിത്വത്തിന്റെ വികലതകളെ സ്വയം കണ്ടെത്തി ഒഴിവാക്കുന്നവനേ വിശ്വാസിയാകാനാവൂ. യേശുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. എല്ലാം ദൈവം തന്നതും ദൈവത്തിനുള്ളതും എന്ന ചിന്തവളർത്തിയെടുക്കുന്നതാണ് സമർപ്പണത്തിന്റെ സൗന്ദര്യം. ദൈവത്തിന് സമർപ്പിക്കുവാനും പങ്കുവയ്ക്കാതിരിക്കാനുമാവില്ല. പങ്കുവച്ച ദൈവത്തെയാണല്ലോ നമ്മൾ അൾത്താരയിൽ കണ്ടുമുട്ടുക.

## തെരഞ്ഞെടുപ്പുകളൊന്നും വെറുതെയല്ല !

**ആണ്ടുവട്ടം 5-ാംഞായർ (ഫെബ്രുവരി 9)**

ഏശ. 6:1-2, 3-8. 1 കോറി. 15: 1-11. ലൂക്ക. 5: 1 - 11

ഫാ. വർഗീസ് ജോസഫ്



സ്വർഗ സമാനമായ അനുഭവം ഉണ്ടായിട്ടുണ്ടോ? കേൾക്കുന്ന വചനത്തിൽ കർത്താവിന്റെ സ്വരം തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടോ? ഒടുവിൽ രക്ഷകനെ സ്വീകരിച്ചുവരുമ്പോഴും എന്തുമാത്രം ഭാരപ്പെടുന്നുണ്ട് നമ്മൾ? ദേവാലയത്തിന്റെ ഉള്ളിൽ കാട്ടിയ വിശുദ്ധി പുറത്ത് ഇറങ്ങിപ്പോകുമ്പോഴും കൂട്ടായി നിർത്താൻ കഴിയുന്നുണ്ടോ? തീക്കനലാൽ എശയ്യാ ശുദ്ധീകരിക്കപ്പെടുമ്പോഴും അയയ്ക്കാൻ സന്നദ്ധത പ്രകട

നമാക്കുമ്പോഴും ആലയത്തിന്റെ സ്വർഗസമാനമായ വിശുദ്ധി ഉള്ളിൽ കെടാതെ സൂക്ഷിച്ചു, അയോഗ്യതയിൽ യോഗ്യതയിലേക്ക് ഉയരാൻ ഉള്ളിൽ സ്വർഗസമാനമായ വിളയിൽ ജീവിക്കുക.

തെരഞ്ഞെടുപ്പിന്റെ വലിയ മഹത്വം നാം ദർശിക്കുന്നത് രണ്ടാം വായനയിലെ പൗലോസ് അപ്പസ്തോലന്റെ വാക്കുകളിലാണ്. ലഭിച്ച വിളിയിൽ രണ്ടാമത്തെ ഘട്ടം സുവിശേഷം പ്രഘോഷിക്കുകയാണ് (1 കൊറി. 15:1) സുവിശേഷം എന്നത് നല്ല വാർത്തയാണ്. ഭൂമി കണ്ട ഏറ്റവും നല്ല വാർത്തയുടെ പേര് ക്രിസ്തു എന്നാണ്. ഈ ക്രിസ്തുവിനെ പ്രഘോഷിക്കുക എന്നതാണ് ഏറ്റവും പരമപ്രധാനമായ കാര്യം. ഈ ബോധ്യമാണ് രക്ഷ പ്രദാനം ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെട്ടവർക്കെല്ലാം പറയാനുള്ളത് വിളിച്ചവൻ കാട്ടിയ കരുണയുടെ കഥയാണ്. എല്ലാ തെരഞ്ഞെടുപ്പുകളുടെയും പ്രത്യേകത ഒന്നുമാത്രമാണ്, അയോഗ്യതയിൽനിന്ന് വിളിച്ചു എന്നുള്ളത്. യോഗ്യമായതിനെ മാത്രം തെരഞ്ഞെടുക്കുക തമ്പുരാന്റെ കരവിരുതല്ല. മാറ്റിനിർത്തിയതിനെയും തള്ളിപ്പറഞ്ഞതിനെയും ആർക്കും വേണ്ടാത്തതിനെയും സ്വന്തമാക്കി നിയോഗിക്കുന്നതാണ് കർത്താവിന്റെ പ്രത്യേകത.

ഏശയ്യായുടെ ദൗത്യത്തിന്റെ ആരംഭമാണ് ഒന്നാം വായന. മറ്റ് പ്രവാചകന്മാരിൽ നിന്നും വ്യത്യസ്തമായി ഏശയ്യാ വിളി സ്വീകരിക്കുന്നത് ദൈവാലയത്തിൽ ആരാധന നടത്തുമ്പോഴാണ്. ഏശയ്യയ്ക്ക് വിളിയിൽ ലഭിക്കുന്ന വെളിപാടുപോലും സ്വർഗീയ അനുഭൂതിയിലാണ്. സെറാഫുകളുടെ സാന്നിധ്യവും അവരുടെ മഹത്വമുള്ള പരിശുദ്ധൻ എന്ന വാക്കും (ഏശയ്യാ 6:3) ഏശയ്യായുടെ ആലയത്തെ സ്വർഗസമാനമാക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ഇനി കേൾക്കുന്ന ഓരോ വാക്കും അത് സ്വർഗത്തിന്റേതാണെന്നും ദൈവത്തിന്റേതാണെന്നും ഉള്ള തിരിച്ചറിവിൽ ഏശയ്യാ എത്തുന്നുണ്ട്. തിരഞ്ഞെടുപ്പിന്റെ മുഖമുദ്രയായി നിലനിൽക്കുന്നത് ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിലാണ്.

സുവിശേഷം തെരഞ്ഞെടുപ്പിന്റെ പൂർണ ദർശനം കാട്ടിത്തരുന്നുണ്ട്. രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല എന്നത് ശിമയോന്റെ വലിയ വിലാപമാണ്. അവന്റെ കണ്ണീരിന് രാത്രിയെ പകലാക്കിയതിന്റെ അദ്ധ്വാനമുണ്ട്. എല്ലാ പ്രതീക്ഷകളും നഷ്ടപ്പെടുന്നിടത്ത് കർത്താവിന്റെ വലിയ അത്ഭുതം നടക്കും. ആ അത്ഭുതം പുതിയൊരു ജീവിതത്തിന് വേണ്ടിയാണ്. നിസഹായനായി നിന്ന പത്രോസിനോട് കർത്താവ് പറഞ്ഞു: കരയിൽ നിന്ന് അൽപ്പം അകലേക്ക് വള്ളം നീക്കൂ. അത്രയേയുള്ളൂ കാര്യം. ഒന്ന് ആഴത്തിൽ വലയിറക്കിയാൽ തീരാവുന്ന പ്രശ്നങ്ങളെ നമ്മുടെ ജീവിതത്തിൽ ഉള്ളൂ.

കർത്താവിന്റെ തിരഞ്ഞെടുപ്പിന്റെ ഏറ്റവും ശ്രേഷ്ഠതയാണ് നിസഹായരായി അവന്റെ മുന്നിൽ നിൽക്കുക എന്നതാണ്. പിന്നെ യോഗ്യരാകുന്നത് അവന്റെ കരവിരുതാണ്!

# സുവിശേഷഭാഗ്യങ്ങൾ സ്വർഗത്തിലേക്കുള്ള നടപാത

**ആണ്ടുവട്ടം 6-ാംഞായർ (ഫെബ്രുവരി 16)**

ജറെ. 17: 5-8, 1. കോറി. 15, 12: 16-20. ലൂക്ക. 6: 17: 20-26



ഫാ. ഡൈസൻ

പഴയ നിയമത്തിൽ മനുഷ്യനെ സൗഭാഗ്യവാനാക്കാൻ ദൈവം സീനായ് മലയിൽ വച്ച് സ്വന്തം വിരൽത്തുമ്പു കൊണ്ടെഴുതിയ പത്തു കല്പനകൾ (സൗഭാഗ്യങ്ങൾ) നല്കിയെങ്കിൽ, പുതിയ നിയമത്തിൽ പുത്തൻ മലയിൽ (സമതലം) വച്ച് യേശു എട്ടു സൗഭാഗ്യങ്ങൾ (കല്പനകൾ) നല്കുന്നു. അഷ്ടസൗഭാഗ്യങ്ങളിൽ യേശുവിന്റെ മുഖഭാവം തെളിയുകയും, അവന്റെ സ്നേഹം വെളിപ്പെടുകയും ചെയ്യുന്നുവെന്ന് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നു.

### ആരാണ് സൗഭാഗ്യവാൻ (അനുഗൃഹിതൻ)?

കർത്താവിൽ ആശ്രയിക്കുന്നവൻ സൗഭാഗ്യവാൻ (സങ്കീ 40:4). അവൻ ആറ്റിൻതീരത്തുനട്ട മരം പോലെയാണ്. അത് വെള്ളത്തിലേക്കു വേരൂന്നിയിരിക്കുന്നു (ജെറ 17: 7-8). കർത്താവിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്ത മറിയം ഭാഗ്യവതിയെന്ന് എലിസബത്ത് വെളിപ്പെടുത്തുന്നു (ലൂക്ക 1:45).

മനുഷ്യൻ സംതൃപ്തനാകുന്നത് ദൈവത്തിങ്കലേക്ക് തിരിയുമ്പോഴാണ്. ഭൂമിയിൽ ഒന്നിനും മനുഷ്യനെ തൃപ്തിപ്പെടുത്തുവാനാവില്ലായെന്ന് വി.ജോൺ മരിയ വിയാനി പറയുന്നു. വി.അഗസ്റ്റിനും ഇങ്ങനെ കുറിക്കുന്നു. മനുഷ്യനെ സൃഷ്ടിച്ചവനുമാത്രമേ മനുഷ്യനെ സന്തുഷ്ടനാക്കാൻ കഴിയുകയുള്ളൂ. സൗഭാഗ്യം നമ്മിലല്ല; സൗഭാഗ്യം ദൈവത്തിലാണ്. അതുകൊണ്ട് സൗഭാഗ്യവാനാകാൻ ദൈവത്തിൽ ആശ്രയിക്കണം.

### സുവിശേഷഭാഗ്യങ്ങൾ ക്രൈസ്തവരുടെ തിരിച്ചറിയൽ കാർഡ്

നല്ല ക്രൈസ്തവനാകാൻ എന്തു ചെയ്യണമെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ഗിരി പ്രഭാഷണമെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു. സുവിശേഷഭാഗ്യങ്ങൾ നമ്മുടെ ജീവിത സാഹചര്യത്തിൽ സാക്ഷാത്കരിക്കുമ്പോൾ യേശുവിന്റെ മുഖമാണ് നമ്മുടെ ജീവിതങ്ങളിൽ തെളിയുന്നത്. അതിന് യേശുവിന്റെ മനസ്സും ഹൃദയവും സ്വന്തമാക്കണം. അപ്രകാരമുള്ള വ്യക്തിക്ക് ദാരിദ്ര്യത്തെ സൗഭാഗ്യമായി കാണുവാൻ സാധിക്കും. നമ്മുടെ ജീവിതത്തിന്റെ സുരക്ഷിതത്വം സമ്പത്തിൽ കണ്ടെത്തിയാൽ, അതിന് ഭീഷണിയുർന്നാൽ നിരാശയായിരിക്കും അനന്തരഫലം. എന്നാൽ സുരക്ഷിതത്വം ദൈവത്തിലാണെങ്കി

ൽ സമ്പത്തിന് ജീവിതത്തിൽ സ്വാധീനമുണ്ടാവുകയില്ല. അതുകൊണ്ടുതന്നെ സുവിശേഷഭാഗ്യം ഒരു ക്രൈസ്തവന്റെ തിരിച്ചറിയൽ കാർഡായി മാറുന്നത്.

**സുവിശേഷഭാഗ്യങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള നടപാത**

ദൈവം ഇഷ്ടപ്പെടുന്നതെല്ലാം ഇഷ്ടപ്പെടുക, എപ്പോഴും അതുതന്നെ ഇഷ്ടപ്പെടുക. എല്ലാ സന്ദർഭങ്ങളിലും കലവറയില്ലാതെ അതുതന്നെ ഇഷ്ടപ്പെടുക.സുവിശേഷഭാഗ്യങ്ങൾ ദൈവത്തിന്റെ ഇഷ്ടങ്ങളാണ്. ദൈവത്തിന്റെ ഇഷ്ടങ്ങൾ എന്റെ ഇഷ്ടങ്ങളായി മാറുമ്പോൾ എന്റെ മുമ്പിൽ സ്വർഗ്ഗത്തിലേക്കുള്ള നടപാത തുറക്കപ്പെടുന്നു; മാത്രമല്ല എന്നിൽ ദൈവത്തിന്റെ ചിത്രം അനാവരണം ചെയ്യപ്പെടുന്നു. ശിഷ്യൻ ഗുരുവിനോടു ചോദിച്ചു. എന്നിൽ ദൈവത്തെ കാണാൻ ഞാൻ എന്തു ചെയ്യണം? നീ നിന്നെത്തന്നെ കാണാതാകുമ്പോൾ നീ ദൈവത്തെ കാണും!

ദൈവത്തെ കാണാൻ, സ്വർഗ്ഗത്തിലേക്കുള്ള നടപ്പാത കണ്ടെത്തുവാൻ സുവിശേഷഭാഗ്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കണം. സുവിശേഷഭാഗ്യങ്ങളെക്കുറിച്ച് രാഷ്ട്രപിതാവായ ഗാന്ധിജി പറയുന്നു: പുതിയ നിയമം എനിക്ക് സമ്മാനിച്ചത് വ്യത്യാസ്തമായൊരു നവ്യാനുഭൂതിയായിരുന്നു. പ്രത്യേകിച്ച് ഗിരിപ്രഭാഷണം എന്റെ ഹൃദയത്തെ വളരെയധികം സ്വാധീനിച്ചു. വീണ്ടും അദ്ദേഹം പറയുന്നു: ഭഗവത്ഗീത നഷ്ടപ്പെടുകയും അതിലെ ഉള്ളടക്കം മുഴുവൻ വിസ്മരിക്കുകയും ചെയ്താൽപോലും ഗിരിപ്രഭാഷണത്തിന്റെ ഒരു പകർപ്പ് ഉണ്ടെങ്കിൽ ഗീതയിൽ നിന്നും അനുഭവിച്ചറിഞ്ഞ അനുഭൂതി ഇന്നും എനിക്ക് അനുഭവിക്കാൻ കഴിയും.

# ശത്രുക്കളെ സ്നേഹിക്കുവിൻ

**ആണ്ടുവട്ടം 7-ാംഞായർ (ഫെബ്രുവരി 23)**

1 സാമു. 26: 7-9, 12-13. 22-23. 1 കോറി. 15: 45-49, ലൂക്ക. 6: 27-38



## ഫാ. വിക്ടർ എവരിസ്റ്റസ്

സമൂഹത്തിൽ നടമാടുന്ന നാലുതരം തിന്മകളെ യേശു ആദ്യമേ ചൂണ്ടിക്കാട്ടുന്നുണ്ട്. മറ്റുള്ളവരെ ദ്വേഷിക്കുക, ബഹിഷ്കരിക്കുക, ശപിക്കുക, അപകീർത്തിപ്പെടുത്തുക എന്നിവയാണവ. സഭാ ചരിത്രത്തിലെ ആദ്യനൂറ്റാണ്ടുകളിൽ സഭ ഏറ്റവും കൂടുതൽ അനുഭവിച്ച തിന്മകളാണ് ഇക്കാര്യങ്ങൾ. ആദിമ സഭയെ ഇത്തരം അനുഭവങ്ങളിൽ തളരാതെ പിടിച്ചുനിർത്തിയത് യേശു അവയ്ക്കുപകരം നൽകിയ നാല് പരിഹാരമാർഗങ്ങളാണ്. സ്നേഹിക്കുക, നന്മ ചെയ്യുക, അനുഗ്രഹിക്കുക, പ്രാർഥിക്കുക എന്നിവയാണവ. മറ്റുള്ളവരിൽ ക്രിസ്തുവിശ്വാസിയെ വ്യത്യസ്തരാക്കുന്നത് ഈ ബദൽ സംസ്കാരമാണ്. ദ്വേഷിക്കുന്നവനെ സ്നേഹിക്കുകയും ബഹിഷ്കരിക്കുന്നവന് നന്മ ചെയ്യുകയും ശപിക്കുന്നവനെ അനുഗ്രഹിക്കുകയും ചെയ്യുമ്പോഴാണ് ഒരുവൻ യഥാർത്ഥ ക്രിസ്ത്യാനിയായി രൂപപ്പെടുന്നത്.

സ്നേഹത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചുമുള്ള ക്രിസ്തുവിന്റെ പാഠങ്ങൾ അപ്രായോഗികം എന്നുപറയരുത്. "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുവിൻ." മനസ്സിലാക്കി വിലയിരുത്തിയാൽ, ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താൻ ഏറ്റവും എളുപ്പം യേശുനാഥന്റെ ഈ സന്ദേശം തന്നെ. ശത്രുവിനെ തോൽപ്പിക്കുന്നതാണോ ശത്രുവിനെ സ്നേഹിക്കുന്നതാണോ ഏറ്റവും എളുപ്പം?

ശത്രുവിനെ ദ്വേഷിക്കുമ്പോൾ നഷ്ടങ്ങളുണ്ടാകുമെന്നത് തീർച്ച. എങ്കിൽ ശത്രുവിനെ സ്നേഹിക്കുന്നതല്ലേ കൂടുതൽ പ്രായോഗികം. പക്ഷേ, മനോഭാവത്തിൽ മാറ്റംവരുത്തണമെന്നുമാത്രം. ചിലപ്പോഴെങ്കിലും തോറ്റുകൊടുക്കാൻ എനിക്ക് മനസ്സുണ്ടാകണം. ജയിക്കുന്ന കളികളിൽ ഏർപ്പെടാനാണ് നമുക്ക് താല്പര്യം. ക്രിസ്തുവാകട്ടെ, തോൽക്കുന്ന കളികളിൽ മാത്രം പങ്കെടുത്ത് സ്നേഹത്തിന്റെ ഭാഷ്യം പകർന്നുതന്നവനാണ്. സ്നേഹം, തോൽക്കാനുള്ള മനസ്സാണ്. ശത്രുവിനെ തോല്പിക്കുവാൻ വേണ്ടി യേശു ചെയ്തത്, അവനെ സ്നേഹിച്ചുവെന്നത് മാത്രമാണ്. മാൾകൂസിന്റെ മുൻപിലും ശതാധിപന്റെ പക്കലും കുന്തംകൊണ്ട് കുത്തി മുറിവേൽപ്പിച്ചവന്റെ അടുക്കലും തോറ്റുകൊടുത്തുകൊണ്ട്, യേശു അവരെ സ്നേഹിച്ചു. അപ്രകാരമുള്ളയേശുവിനെ ഇനി അവർ എങ്ങനെ വെറുക്കും...? ഒരുപക്ഷേ യോഹന്നാനേക്കാൾ കൂടുതലായി യേശുവിനെക്കുറിച്ചുള്ള സ്നേഹഗീതങ്ങൾ പാടിയത്, ശത്രുസ്നേഹത്തിന്റെ പുതുഭാഷ്യം രചിച്ചത് ഇവരൊക്കെയായിരുന്നിരിക്കണം.

വീട്ടിൽ ഭക്ഷണത്തിന് മീൻ വിളമ്പുമ്പോൾ മീനിന്റെ നടുക്കഷണം കിട്ടണമെന്നതാണ് എന്റെ ആഗ്രഹം; പക്ഷേ, ഞാനെപ്പോഴാണ് എന്റെ സ്നേഹത്തിന്റെ നടുക്കഷണം അപ്പനും അമ്മയ്ക്കുമായി നീട്ടുക. അധികാരികൾ കുറച്ചുകൂടി സൗമനസ്യം എന്നോട് കാണിച്ചെങ്കിൽ; പക്ഷേ, ഞാനെപ്പോഴാണ് എന്റെ ഉത്തരവാദിത്വങ്ങളോട് കുറച്ചുകൂടി വിശ്വസ്തത കാണിക്കുക. സുഹൃത്ബന്ധങ്ങളെപ്പറ്റി ഒരാൾ വ്യാഖ്യാനിച്ചതിങ്ങനെ: ഞാൻ സുഹൃത്തുക്കളെ തേടിപ്പോയി. ആരെയും കണ്ടില്ല. പിന്നീട് ഞാൻ തന്നെ ഒരു നല്ല സുഹൃത്തായി മാറാൻ ശ്രമിച്ചു. അപ്പോൾ എല്ലാവരും എനിക്ക് സുഹൃത്തുക്കളായി... എല്ലാ നന്മകളും ആരംഭിക്കേണ്ടതും എല്ലാ തിന്മകളും അകറ്റേണ്ടതും അവന്റെയും അവളുടെയും ഭാഗത്തുനിന്നാണെന്ന് ചിന്തിക്കാതെ, എന്റെ ഭാഗത്തുനിന്നാണെന്ന് ചിന്തിച്ചുകൂടേ... അപ്പോൾ കാര്യങ്ങളൊക്കെ നേരെയാകും... യേശുനാഥന്റെ പഠനങ്ങൾ തന്നെ ഏറ്റവും പ്രായോഗികം.

●

നേർക്കാഴ്ച

ജെ. സി.



# രണ്ടാം തവണ വരുന്ന ഡോണാൾഡ് ട്രംപ്

യു.എസ് പ്രസിഡൻറായി 2025 ജനുവരി 20-ാം തിയതി തിങ്കളാഴ്ച രണ്ടാംവട്ടം അധികാരമേറ്റ ഡോണാൾഡ് ട്രംപ് അപ്രവചിനീയനായ രാഷ്ട്രീയ നേതാവായാണ് അറിയപ്പെടുന്നത്. 2017 - 21 ലെ ആദ്യ വരവിനേക്കാൾ ഛിദ്രശേഷിയുള്ളതാവും ട്രംപിന്റെ രണ്ടാം ഭരണമെന്ന് നിരീക്ഷകർ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. ഉദാ: കുടിയേറ്റ നിയമഭേദഗതി, ജനനാവകാശ പൗരത്വം റദ്ദാക്കൽ തുടങ്ങിയവ. ഇറക്കുമതിത്തീരുവ കൂട്ടുമെന്നും പതിനൊന്ന് ദശലക്ഷം അനധികൃത കുടിയേറ്റക്കാരെ നാടുകടത്തുമെന്നും ഡോളറിനെ പൂട്ടാൻ നോക്കുന്നവർക്ക് ചുട്ടമറുപടി കൊടുക്കുമെന്നും ഗ്രീൻലാൻഡിനെ പണം കൊടുത്തുവാങ്ങുമെന്നും കാനഡയെ യു.എസിന്റെ അമ്പത്തൊന്നാമത്തെ സംസ്ഥാനമാക്കുമെന്നുമൊക്കെ പറഞ്ഞ് ട്രംപ് ഇതിനകം തന്നെ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്. 'അമേരിക്കയെ വീണ്ടും മഹത്തരമാക്കുക' എന്ന മുദ്രാവാക്യവുമായെത്തിയാണ് അദ്ദേഹം അധികാരത്തിലേക്കു മടങ്ങിയെത്തുന്നത്. സമഗ്രാധിപത്യ കാര്യപരിപാടിക്കും അതിദേശീയവാദത്തിന് ജനം നൽകിയ കൈത്താങ്ങുമായിരുന്നു ട്രംപിന്റെ തിരഞ്ഞെടുപ്പ് വിജയം. തിരഞ്ഞെടുപ്പ് കാലത്ത് പറഞ്ഞമാതിരി അനധികൃത കുടിയേറ്റക്കാരെ ട്രംപ് പുറത്താക്കുന്നത് ഇന്ത്യക്ക് ഹിതകരമാവില്ല. 2023 ലെ കണക്കുപ്രകാരം ഏഴരലക്ഷം ഇന്ത്യാക്കാരാണ് യു .എസിൽ അനധികൃതമായി താമസിച്ചുവരുന്നത്. നിയമവിരുദ്ധമായി താമസിച്ചതിന് 90,000 ഇന്ത്യാക്കാരെ രണ്ട് വർഷത്തിനിടെ അവിടെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

'അമേരിക്ക ആദ്യം' എന്ന മുദ്രാവാക്യം ആവർത്തിച്ചാണ് യു.എസിന്റെ 47-ാം പ്രസിഡൻറായി ട്രംപ് വീണ്ടും അധികാരമേറ്റത്. മുൻ പ്രസിഡൻറുമാരെ സാക്ഷിയാക്കിയാണ് മുൻ ഭരണത്തിനെതിരെ രൂക്ഷവിമർശനം ട്രംപ് നടത്തിയത് 'അമേരിക്കയുടെ അധഃപതനം അവസാനിച്ചെന്നാണ് ബൈഡൻ ഭരണത്തെ പരമാർശിച്ചുള്ള പ്രയോഗം. കുടിയേറ്റക്കാർക്ക് യു.എസിൽ ജനിക്കുന്ന കുട്ടികൾക്ക് സ്വാഭാവിക പൗരത്വം ലഭിക്കുന്ന നിയമം റദ്ദാക്കുന്ന ഉത്തരവ് രാജ്യാന്തര പ്രത്യാഘാതം ഉണ്ടാക്കുന്നതാണ്. ആഗോളതാപനം നിയന്ത്രിക്കാനുള്ള പാരീസ് കലാവസ്ഥാകരാറിൽനിന്ന് യു.എസ് പിന്മാറുമെന്നാണ് മറ്റൊരു നിർണ്ണായക പ്രഖ്യാപനം. മുൻ പ്രസിഡൻറ് പദവിയിലിരുന്നപ്പോൾ 2017-ലും ട്രംപ് പാരീസ് കരാറിൽനിന്നു പിന്മാറിയിരുന്നു. എന്നാൽ 2021-ൽ ബൈഡൻ ഭരണകൂടം അതു പിൻവലിച്ചിരുന്നു. ട്രാൻസ്ജെൻഡറുകളുടെ അവകാശം സംരക്ഷിക്കുന്ന നിയമങ്ങൾ എടുത്തുകളയുമെന്ന പ്രഖ്യാപനവും ശ്രദ്ധനേടി. ആണും പെണ്ണും എന്നീ രണ്ട് ജെൻഡറിനു മാത്രമേ അംഗീകാരം ഉണ്ടാകുവെന്നാണ് പ്രഖ്യാപനം. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അമേരിക്കയ്ക്കു കിട്ടിയ മറ്റു പ്രസിഡൻറുമാരെപ്പോലെ ആവില്ല രണ്ടാംതവണ വരുന്ന ഡോണാൾഡ് ട്രംപ്. പലതരം സ്വഭാവങ്ങളും പലപല കഴിവുകളുമുള്ളയാളാണ്. 2017 മുതൽ 2021 വരെ പ്രസിഡൻറായിരുന്ന ട്രംപിനെപ്പോലെയും ആയിരിക്കില്ല പുതിയ ട്രംപ്. ●





"A helping hand here at home & around the world."

**LENNY PETERS**
*foundation*

# HAPPY ANNIVERSARY OF EPISCOPAL CONSECRATION DEAR BISHOPS







| Most Rev.Dr. Soosa Pakiam M. | Most Rev. Dr. Thomas J. Netto | Most Rev. Dr. Christudas R. |
|---|---|---|
| EPISCOPAL CONSECRATION 2, FEBRUARY | EPISCOPAL CONSECRATION 19, MARCH | EPISCOPAL CONSECRATION 3, APRIL |

## PRAYERFUL WISHES
## LENNY PETERS FOUNDATION

Pub. Date: 01.02.2025
RNI Registered No. 36056/81
JEEVANUM VELICHAVUM
REGD. NO. KL/TV(S)266/2024-26
Licenced to post without pre-payment KL/TV(S)/WPP/171/2024-26
Total Pages 44
Rs. 30/-







Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George